ചക്രവാളത്തിനപ്പുറം

പ്രസാധകന്മാർ:

സതേൺ ബുക്ക് പബ്ലിക്കേഷൻസ്

13, നരസിംഗപുരം സ്റ്റ്റീററ്,

മദിരാശി_2.

[MALAYALAM]

CHAKRAVALATHINAPPURAM

(Short Stories)

By

KONNIYOOR R. NARENDRANATH

FIRST IMPRESSION NOV: 1958.

Printed at

THE JANATHA PRESS, MADRAS-5.

Publishers:

SOUTHERN BOOK PUBLICATIONS

13, Narsingapuram Street,

Madras-2.

ചക്രവാളത്തിനപ്പുറം

കോന്നിയൂർ നരേന്ദ്രനാഥ്

സതേൺ ബുക്ക് ഡിസ്ട്രിബ്യൂട്ടേഴ്സ്
13, നരസിംഗപുരം സ്ട്രീറ്റ്
മദിരാശി–2.

വില: ക. 1.50

പി. ബി. നമ്പർ 2417 ഫോൺ: 84267

ഗ്രന്ഥകാരൻെറ കൃതികഠം

നമ്മുടെ ഭരണഘടന	...	(പഠനം)
ഗാന്ധിമാർഗ്ഗത്തിൽ	...	,,
കടപ്പാടുകൾ	...	(നോവൽ)
വിവാഹത്തിനുശേഷം	...	(നാടകം)
മനുഷ്യരാശിയ്ക്കുവേണ്ടി	...	,,
തെററിദ്ധാരണ നീങ്ങുന്നു	....	,,
പുതിയ വിത്തു്	....	,,
ആത്മമിത്രം	...	(ചെറുകഥകൾ)
പുനർജ്ജന്മം	....	,,
ചരിത്രം ആവർത്തിക്കുന്നു	...	,,

ചക്രവാളത്തിനപ്പുറം (ഭാവനാപരങ്ങളായ ശാസ്ത്രകഥകൾ)

മുഖവുര

സമുദായത്തിലെ ചിന്താഗതികളും ജീവിതരീതികളും സാഹിത്യത്തിൽ പ്രതിഫലിക്കുന്നതു് അസാധാരണമായ സംഗതിയല്ല. യഥാൎത്ഥസാഹിത്യത്തിൽ അതു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഘടകങ്ങളാണെന്നു വിശ്വസിക്കുന്ന നല്ല ഒരു വിഭാഗം ചിന്തകന്മാരുമുണ്ടു്. ആധുനികശാസ്ത്രം മനുഷ്യജീവിതത്തിൽ പരിവൎത്തനങ്ങളും പരിഷ്കാരങ്ങളും സൃഷ്ടിക്കുവാൻ തുടങ്ങിയ നാൾതൊട്ടു് ശാസ്ത്രീയചിന്താഗതികൾക്കു് സാഹിത്യത്തിലും പ്രവേശനം സിദ്ധിച്ചുതുടങ്ങിയെന്നു പറയാം. സാമൂഹ്യജീവിതത്തിൽ ശാസ്ത്രം കൈവരുത്തിയിട്ടുള്ള കാമ്യമായ കാൎയ്യങ്ങളുടെ പ്രതിഫലനങ്ങളാണു് അവ ഒട്ടുമുക്കാലും. ആധുനികശാസ്ത്രത്തിന്റെ ആദ്യദശയുടെ ചരിത്രം ശാസ്ത്രകാരന്മാരായ വീരസാഹസികന്മാരുടെ ചരിത്രംതന്നെ. സമുദായത്തിൽ നിലനിന്നിരുന്ന മതവിശ്വാസങ്ങളോടും അന്ധവിശ്വാസങ്ങളോടും ഉള്ള നിരന്തരമായ സാഹസികസമരത്തിന്റെ ഒരു ചരിത്രം. എത്ര രക്തസാക്ഷികളെയാണു് ആ സമരം സൃഷ്ടിച്ചിട്ടുള്ളതു്! ഭാവനാപരമായ ശാസ്ത്രസാഹിത്യം അധികവും വീരസാഹസികപ്രവൎത്തകരുടെ പരീക്ഷണങ്ങളായിട്ടാണു് ഉടലെടുത്തതു്. ആധുനികശാസ്ത്രത്തിന്റെ വികാസചരിത്രം സ്മരിക്കുമ്പോൾ ഇതു് കേവലം സ്വാഭാവികം മാത്രമാണെന്നു് മനസ്സിലാക്കുവാനും വിഷമമില്ല. ഇന്നു് ഭാവനാപരമായ ശാസ്ത്രസാഹിത്യശാഖയ്ക്കു് ആധുനികശാസ്ത്രത്തെപോലെ അത്ഭുതകരമായ വളൎച്ചയും വൈവിധ്യവും പരപ്പും കൈവന്നു കഴിഞ്ഞിരിക്കുന്നു.

ഭാവനാപരങ്ങളായ ശാസ്ത്രകഥാസാഹിത്യത്തിന്റെ പിതാവെന്നു കരുതിവരുന്നതു് ജൂലസ് വെർണെ എന്ന ഫ്രഞ്ചുഗ്രന്ഥകാരനെയാണു്. അദ്ദേഹം ജീവിച്ചിരുന്ന കാലത്തു് ഭാ

വനയിൽ മാത്രം കാണാൻ കഴിഞ്ഞിരുന്ന പല കാര്യങ്ങളും ഇന്നു വെറും സാധാരണസംഗതികളായി തീന്നിട്ടുണ്ട്. അടുത്തകാലത്തു് ശാസ്ത്രപുരോഗതിമൂലം സംജാതമായിട്ടുള്ള നേട്ടങ്ങരം വെർണെയുടെ ഭാവനകരം വാസ്തവങ്ങളായി പരിണമിച്ചിട്ടുള്ളവയാണെന്നു് ഒരു നിരൂപകൻ പ്രസ്താവിച്ചിട്ടുള്ള കാര്യം സ്മരണീയമാണു്. പ്രസിദ്ധപ്പെടുത്തിയ കാലത്തു് വെർണെയുടെ കഥകരം വെറും സ്വപ്നങ്ങളായിട്ടാണു് ലോകർ കണക്കാക്കിയതു്; ഒരിക്കലും യാഥാത്ഥ്യങ്ങളായിത്തീരുവാൻ ഇടയില്ലാത്ത സ്വപ്നങ്ങളെന്നു ചുരുക്കം. എന്നാൽ വെർണെ അന്നു ദീർഘദശ്നംചെയ്ത കാര്യങ്ങരം ഒട്ടുമുക്കാലും സാധിതപ്രായമായിത്തീന്നിട്ടുണ്ടു്. പരമാണു ശക്തിമൂലം മനുഷ്യനു് നേടാവുന്ന അനന്തമായ കാര്യങ്ങളും ചക്രവാളത്തിന്നപ്പുറത്തേക്കു് യാത്ര ചെയ്യുന്നതിനു് ഇന്നു നോക്കിയിട്ടുള്ള കഴിവുകളും വെർണെയുടെ ഭാവനാലോകത്തെത്തന്നെ അതിലംഘിച്ചിരിക്കുകയാണു്. എന്നാൽ ഇന്നും അദ്ദേഹത്തിൻെറ ഭാവനാപ്രപഞ്ചം അദ്ദേഹത്തിൻെറ കൃതികളാകുന്ന കിളിവാതിലുകളിൽക്കൂടി കാണുന്ന സാധാരണക്കാരായ വായനക്കാർ അത്ഭുതാധീനരായിത്തീരുന്നുണ്ടു്. വെർണെയുടെ ഗ്രന്ഥങ്ങരം ഇന്നു വായനക്കാരെ ആകർഷിച്ചുകൊണ്ടിരിക്കുന്നതിൻെറ കാരണം ഇതുതന്നെ.

പത്തൊമ്പതാംനൂററാണ്ടിൻെറ സമാപനദശയിൽ ശാസ്ത്രം നൂതനങ്ങളായ നിരവധി കണ്ടുപിടുത്തങ്ങരം മനുഷ്യരാശിക്കു് സമ്മാനിക്കുകയുണ്ടായി. തീവണ്ടി, കമ്പിത്തപാൽ, ടെലിഫോൺ, ആവിക്കപ്പൽ എന്നിങ്ങനെ പലതും രംഗപ്രവേശം ചെയ്തതു് ഈ കാലഘട്ടത്തിലാണു്. ഇവയോരോന്നും അതാതിൻെറ പ്രത്യേകതകരംമൂലം സാധാരണക്കാരനെ അന്നു് അത്ഭുതപ്പെടുത്തിയിട്ടുണ്ടു്; വിസ്മയിപ്പിച്ചിട്ടുമുണ്ടു്. ഭാവനാവൈഭവം ജന്മനാ സിദ്ധിച്ചിരുന്ന വെർണെയുടെ ചിന്തകളെ ഉദ്ദീപിപ്പിക്കുവാൻ ഇവയ്ക്കു് സാധിച്ചു. യക്ഷികഥകളും മററും

കെട്ടിച്ചമയ്ക്കുന്നതിന്നു സ്വതേ മനുഷ്യഭാവനയ്ക്കുള്ള കഴിവിനെ ശാസ്ത്രജന്യങ്ങളായ ആശയങ്ങരം സ്വാധീനം ചെയ്യുവാൻ ഇട യായാൽ ഉണ്ടാകാവുന്ന ഫലം ആദ്യമായി വെർണെയുടെ സൃ ഷ്ടികളാൽ ലോകത്തിന്നു കാണാൻ കഴിഞ്ഞു.

വെർണെയ്ക്കു് ഏതാണ്ടു് ഇരുപതു വയസ്സായപ്പോരം പി താവിൻെറ ആഗ്രഹം അനുസരിച്ചു് നിയമപഠനത്തിനായി പാരീസിലെത്തി. പാരീസിലെ ജീവിതം തികച്ചും പുതുമ നിറഞ്ഞതായിരുന്നു. അവിടത്തെ സാഹിത്യജീവിതത്തിലേ ക്കു് എടുത്തുചാടുന്നതിന്നു് അദ്ദേഹത്തിന്നു് അധികനാരം വേണ്ടി വന്നില്ല. നിയമപഠനക്കാര്യം വിസ്മരിക്കപ്പെട്ടു. ഈ കാല ഘട്ടത്തിൽ കുറെ നാടകങ്ങരം അദ്ദേഹം രചിച്ചിട്ടുണ്ടു്. നാടക രചനയിൽ സാമാന്യം വിജയിക്കുകയും ചെയ്തു. എന്നാൽ വെർണെയെ വല്ലാതെ വശീകരിച്ചതു് ശാസ്ത്രീയ കണ്ടുപിടു ത്തങ്ങളാണു്. ഭാവനയെ ഉദ്ദീപിപ്പിക്കത്തക്ക തത്വങ്ങളെ സ്വീകരിച്ചു് കഥകരം രചിക്കുന്നതിന്നുള്ള ശ്രമമാണു് പിന്നീടു നടന്നതു്. ശാസ്ത്രീയതത്വങ്ങളെ അടിസ്ഥാനമാക്കി ചിന്തി ക്കുന്നതിന്നുള്ള കരുക്കരം സുലഭമാണെന്നു് വെർണെയ്ക്കു് ബോ ദ്ധ്യമായി. ഭാവനാപരങ്ങളായ ശാസ്ത്രകഥകരം അദ്ദേഹം ര ചിക്കാൻ തുടങ്ങി. അന്നുവരെ ഉണ്ടായിട്ടുള്ള പുസ്തകങ്ങളിൽ നിന്നു് തികച്ചും ഭിന്നമായിരുന്ന വെർണെയുടെ ഗ്രന്ഥങ്ങരം പ്രസിദ്ധീകരിക്കുന്നതിന്നു് പ്രസാധകർ വൈമനസ്യം പ്രദർശിപ്പി ച്ചു. എന്നിരുന്നാലും അതു് അദ്ദേഹത്തിൻെറ പരിശ്രമങ്ങരം ക്കു് പ്രതിബന്ധമായിരുന്നില്ല. 1863-ൽ "ഒരു ബലൂണിൽ അഞ്ചു് ആഴ്ച"—എന്ന പുസ്തകം പ്രസിദ്ധീകൃതമായി. അതൊ രു വമ്പിച്ച വിജയമായിരുന്നു. ഇതിന്നുശേഷം പ്രസാധകർ വെർണെയുടെ പുതിയ കൃതികളെ വിശ്വസിക്കാൻ തുടങ്ങി. കൊല്ലംതോറും അത്തരത്തിലുള്ള രണ്ടു നോവലുകരം എന്ന ക്രമ ത്തിന്നു് ഇരുപതുകൊല്ലത്തേക്കുള്ള ഒരു കരാറിൽ വെർണെ ഒപ്പു

വെച്ചു. ശാസ്ത്രപശ്ചാത്തലത്തോടുകൂടി അവപത്തിയെട്ടു സാങ്കല്പികവീരസാഹസികനോവലുകൾ രചിക്കുന്നതിന് ഇടയാക്കിയതു് ഈ കരാറാണ്.

ലക്ഷക്കണക്കിന് വായനക്കാർക്ക് അതുവരെ അനുഭവപ്പെട്ടിട്ടില്ലാത്ത അത്ഭുതപ്രപഞ്ചത്തെ ദർശിക്കാൻ കവാടങ്ങൾ തുറന്നുകൊടുക്കുന്നതിനു വെർണെയുടെ കൃതികൾ സഹായിച്ചു. ധ്രുവമേഖലയിലെ ആഴിയുടെ അടിത്തട്ടിലെ അത്ഭുതലോകവും ഭൂമിയുടെ അന്തർഭാഗവും, ആഫ്രിക്കയെ സംബന്ധിച്ച വിസ്മയനീയങ്ങളായ ചിത്രങ്ങളും എല്ലാം അദ്ദേഹത്തിന്റെ വിവിധകൃതികളിൽ കാണുന്നുണ്ടു്. "ഭൂമിക്കു ചുററും എൺപതുദിവസംകൊണ്ടു്"—വായനക്കാരെ അന്നു് അദ്ദേഹം യാത്ര ചെയ്യിപ്പിച്ചു. ഇന്നു് ഭൂമിയെ പ്രദിക്ഷണം ചെയ്യുവാൻ ഇത്രയും സമയം ആവശ്യമില്ലാതായിട്ടുണ്ടു്. എന്നാൽ ഇതു പ്രസിദ്ധീകരിച്ച കാലത്തു് എൺപതു ദിവസംകൊണ്ടു് ഭൂഗോളത്തെ പ്രദിക്ഷണം ചെയ്യുന്നതു് ഒരു അത്ഭുതമായിട്ടാണ് വിശ്വസിച്ചിരുന്നതു്. ഇന്നും ആ കഥ വായിക്കുമ്പോൾ അന്നത്തെ വായനക്കാരനു് ഉണ്ടായ വികാരങ്ങൾ നമുക്കും ഉണ്ടാകും എന്നുള്ളതു് സംശയമററ സംഗതി തന്നെ. ആ പുസ്തകം ഇന്നും വായനക്കാരെ ആകർഷിക്കുന്നതുതന്നെ അതിനു തെളിവാകുന്നു. സമുദ്രാന്തർ വാഹികളെക്കുറിച്ചു് എഞ്ചിനീയർമ്മാർ കാര്യമായി ചിന്തിക്കുവാൻപോലും തുടങ്ങിയിട്ടില്ലാത്ത കാലത്തു് ആണ് വെർണെ അത്തരമൊരു കപ്പലിൽ കയററി വായനക്കാരെ സാഗരാന്തർഭാഗത്തുകൂടി സഞ്ചരിപ്പിച്ചതു്. ജലപ്പരപ്പിലേക്ക് പൊങ്ങിവരേണ്ട ആവശ്യമില്ലാത്ത സമുദ്രാന്തർവാഹിനി ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. അദ്ദേഹം ഭാവനചെയ്തിട്ടുള്ള തരം യാനപാത്രം അനതിവിദൂരമായ ഭാവിയിൽ നമുക്കു കാണുവാൻ കഴിയുമെന്നു് അടുത്തകാലത്തെ ശാസ്ത്രപുരോഗതി സൂചിപ്പിക്കുന്നുണ്ടു്. കാരണം വെള്ളത്തിനടിയിൽ കഴി

ഞെരുക്കുന്നതിന് വളരെയേറെ ശക്തിയുള്ള അന്തർവാഹികൾ ഇന്നു നിർമ്മിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അണുശക്തി ഉപയോഗിച്ച് ദീർഘസഞ്ചാരം ചെയ്യുവാനുതകുന്ന അന്തർവാഹികൾ ഇന്നു ഉപയോഗത്തിൽ വന്നിട്ടുണ്ട്. അമേരിക്കൻ ഐക്യനാട്ടിലെ നാവികപ്പടയാണ് ആദ്യമായി ഇതു് ഉപയോഗത്തിൽ വരുത്തിയത്. വെർണെയുടെ "ഇരുപതിനായിരം കാതം സമുദ്രത്തിനടിയിൽ" എന്ന സുപ്രസിദ്ധമായ നോവലിലെ ക്യാപ്റ്ററൻ നീമോയുടെ അന്തർവാഹിയുടെ നാമധേയംതന്നെയാണ്—അതായത് നാട്ടിലീസ്—ആററം ശക്തി ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന ഒന്നാമത്തെ അന്തർവാഹിക്കപ്പലിന് കൊടുത്തിരിക്കുന്നതെന്ന കാര്യം പ്രത്യേകം സ്മരണീയമാണ്. മുകളിൽ പറഞ്ഞ നോവലിലും--അത് പ്രസിദ്ധപ്പെടുത്തിയതു് 1870-ൽ ആണ്—പിന്നീട് 1886-ൽ പ്രസിദ്ധീകരിച്ച "അതിവേഗതയുള്ള ആകാശക്കപ്പൽ" എന്ന കൃതിയിലും (The Clipper of the Clouds)സമുദ്രാന്തർവാഹിയുടേയും ഹെലിക്കോപ്പ്റററിൻേറയും സാദ്ധ്യതകളെക്കുറിച്ച് ആദ്യമായി വെർണെ പ്രചരിക്കുകയുണ്ടായി. ആ പ്രവചനങ്ങൾ കുറെ കൊല്ലങ്ങൾ കഴിഞ്ഞു് സത്യമായി പരിണമിക്കുകയുംചെയ്തു. ആദ്യമായി പ്രായോഗികമായ ഒരു അന്തർവാഹിയുടെ നിർമ്മാണം ആരംഭിച്ചതു് 1886-ൽ ഗസ്റ്റവ് സീഡ് (Gustave zede) എന്ന ആളും ആദ്യത്തെ ഹെലിക്കോപ്ററർ 1907-ൽ ലൂയി ബ്രിഗേ, പിരിച്ചററ് എന്നയാളുകളും ആണെന്ന കാര്യവും ഇവിടെ സ്മരണീയമാണ്. ശാസ്ത്രീയപ്രവചനങ്ങൾ, മേൽപ്രസ്താവിച്ച മാതിരി പരമാർത്ഥങ്ങളായി പരിണമിക്കാറുള്ളതു് അപൂർവ്വമായിരിക്കാം. വെൽഡിൻെറ ടാങ്കുകളെപ്പററിയുള്ള പ്രവചനകാര്യവും ഓർമ്മയിൽ വരുന്നു. ശരിയായ ശാസ്ത്ര പശ്ചാത്തലത്തോടുകൂടിയ ഭാവനാകഥകളിൽ സംഭവ്യതയുടെ അന്തരീക്ഷം പുലർത്തുന്നതിനുള്ള കഴിവ് ഇതിൽനിന്നൊക്കെ വ്യക്തമാണല്ലോ. ജൂലിയസ് വെർണെ ഒന്നുംതന്നെ അസംഭവ്യ

മായി കരുതിയിട്ടില്ല. ശാസ്ത്രത്തിന്റെ സാദ്ധ്യതകളെപ്പററി അദ്ദേഹത്തിന് അത്രമാത്രം വിശ്വാസമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാവനാസാമ്രാജ്യം നക്ഷത്രമണ്ഡലങ്ങളേയും അതിലംഘിച്ചു നില്ക്കുന്നുണ്ടെങ്കിലും അതിന്റെ അടിസ്ഥാനം ശാസ്ത്രത്തിന്റെ സാധ്യതാമേഖലയിൽ ആണ് ഉറപ്പിച്ചിരിക്കുന്നത്. ശാസ്ത്രതത്വങ്ങളുടെ ശക്തിമത്തായ അടിത്തറയിൽ കെട്ടിയുയർത്തിയിട്ടുള്ള ഒരു ദന്തഗോപുരം, താരാപഥത്തിനുമപ്പുറത്തേക്ക് ഉയർന്നുനില്ക്കുന്നത് കാണുവാൻ സാധാരണക്കാർ അദ്ദേഹത്തെ ആദ്യമായി ആശ്രയിച്ചതിൽ അത്ഭുതപ്പെടുവാനില്ല. വെർണെ ആധുനികശാസ്ത്രതത്വങ്ങളെ അവഗാഢമായി പഠിച്ചിരുന്നു. ലഭ്യമാകുമായിരുന്ന എല്ലാ ഗവേഷണവിവരങ്ങളും അദ്ദേഹം സമ്പാദിച്ച് സാഹിത്യസൃഷ്ടിക്ക് പ്രയോജനപ്പെടുത്തി. ഇരുപതിനായിരത്തിൽപ്പരം ശാസ്ത്രീയക്കുറിപ്പുകൾ അദ്ദേഹത്തിന്റെ സ്വകാര്യക്കുറിപ്പുകളിൽ എഴുതിയിട്ടുള്ളത് കണ്ടുകിട്ടിയിട്ടുള്ളതായി പറയപ്പെടുന്നു.

മനുഷ്യന്റെ കഴിവിലും അവന്റെ മഹത്വത്തിലും വെർണെയ്ക്ക് അതിരററ വിശ്വാസമുണ്ടായിരുന്നു എന്നു നിശ്ചയമാണ്. അതിനുള്ള തെളിവുകൾ അദ്ദേഹത്തിന്റെ കൃതികളിൽതന്നെ ധാരാളമുണ്ട്. അതിലെ കഥാപാത്രങ്ങൾ ബുദ്ധിമാന്മാരായ ധീര സാഹസികന്മാരാണ്. അവർ ശാസ്ത്രത്തെ അവരുടെ ഉത്തരവിനു വിധേയമാക്കുകയാണു ചെയ്തത്. ശാസ്ത്രത്തിന്റെ കളിപ്പാവകളായി അവർ അധഃപ്പതിക്കുന്നില്ല. മനുഷ്യമഹത്വം എവിടെയും പ്രഭാവത്തോടെ വിജയിച്ചരുളുന്നു. സഹകരണവും പരസ്പരധാരണയും വൎദ്ധിപ്പിക്കുവാൻവേണ്ടി ശാസ്ത്രവിജ്ഞാനം കൈമാറുവാൻ തടസ്സമില്ലാത്ത ഒരു ലോകമാണ് അദ്ദേഹം ചിത്രീകരിച്ചിട്ടുള്ളത്. ശാസ്ത്രപുരോഗതിയ്ക്കും മനുഷ്യന്റെ ഉൽക്കൎഷത്തിനും വേണ്ടി, ശാസ്ത്രഗവേഷണഫലങ്ങൾ രഹസ്യമായി സൂക്ഷിച്ചുകൂടെന്ന് അദ്ദേഹം വിശ്വസി

ച്ചു. ഇതിന്ന് ഏഴു രാജ്യങ്ങളിലെയും ശാസ്ത്രജ്ഞന്മാർ തമ്മിൽ തടസ്സമില്ലാതെ സഹകരിക്കേണ്ടതാണെന്നും അദ്ദേഹം വിശ്വസിച്ചു. വെർണെയുടെ ഏററവും പ്രശസ്തരായ മൂന്നു കഥാപാത്രങ്ങൾ "കോർസിക്കൻ–" എന്ന അമേരിക്കക്കാരനും "മൈക്കൽ സ്റ്റ്രോഗോഫ്–" എന്ന റഷ്യക്കാരനും "പാസെപാറോ-" എന്ന ഫ്രഞ്ചുകാരനും ആണ്. അദ്ദേഹത്തിൻെറ ഒരു നോവലിലെ കഥാവസ്തുതന്നെ വിവിധരാജ്യങ്ങളിൽ ഒന്നിച്ചുപ്രവത്തിക്കുന്ന ആറു ജ്യോതിശാസ്ത്രജ്ഞന്മാരുടെ ഗവേഷണങ്ങളെ അധികരിച്ചുള്ളതാകുന്നു. മനുഷ്യരാശിയുടെ സമ്പൽസമൃദ്ധിയെ ലക്ഷ്യമാക്കി സേവനകുതുകികളായ അവർ സഹകരിച്ചു പ്രവത്തിക്കുകയാണ് ചെയ്യുന്നതു്.

അത്ഭുതകരങ്ങളായ പുരോഗതി ആധുനികശാസ്ത്രം നേടിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിന്നു്. ഇന്നലെ ആവിവണ്ടിയും ബലൂണും കമ്പിത്തപാലും സംസാരിക്കാത്ത ചലച്ചിത്രങ്ങളും അത്ഭുതങ്ങളായിരുന്നു. ഇന്നു് ഗ്യാസ് ടെർബൈനും ടെലിവിഷനും സിനിമാസ്കോപ്പും ആററംശക്തിയും സാധാരണ കാര്യങ്ങളായി കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ കാലത്തു വ്യക്തികൾ ഒററതിരിഞ്ഞു് ആണ് ശാസ്ത്രഗവേഷണം നടത്തിയിരുന്നതു്. ഇന്നു് അത് രാഷ്ട്രങ്ങളുടെ പിൻബലത്തോടുകൂടിയുള്ള സുസംഘടിതങ്ങളായ സമൂഹശക്തികളായിത്തീന്നിരിക്കുന്നു. ഇന്നു് ശാസ്ത്രം ഒരു കൗതുകമുളവാക്കുന്ന കാര്യമല്ല. ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ജീവിതാവശ്യമാണ്. ശാസ്ത്രഗവേഷണക്കാര്യങ്ങളുടെ ഉത്തരവാദിത്വം സ്റ്റേററ് ഏറെറടുക്കുന്നതിനിടയാക്കിയ സാഹചര്യം അങ്ങിനെ സംഭവിച്ചതാണുതാനും. ഇങ്ങനെ മാറിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഭാവനാപരങ്ങളായ ശാസ്ത്രകഥാകൃത്തുകൾക്ക് ലോഭമില്ലാതെ കഥാവസ്തുക്കൾ കണ്ടെത്തുന്നതിന് കഴിയും. ശാസ്ത്രത്തോടൊപ്പം ഈ സാഹിത്യശാഖയും വളന്നുകൊണ്ടി

രിക്കുന്നു. ഗ്രന്ഥങ്ങളുടെ എണ്ണവും പ്രതിപാദനവൈവിദ്ധ്യവും മേന്മയും ഇന്നു വളരെ വർദ്ധിച്ചിട്ടുണ്ട്.

അടിസ്ഥാനമില്ലാത്ത അസംബന്ധങ്ങൾപോലും സുന്ദരമായ കഥകൾ നെയ്യെടുക്കുവാൻ ഉപകരിക്കുന്ന വസ്തുക്കളായി കഥാകാരന്മാർ പ്രയോജനപ്പെടുത്താറുണ്ടല്ലോ. ശാസ്ത്രതത്വങ്ങൾ അവരുടെ ഭാവനയെ പ്രചോദിപ്പിക്കുവാൻ ഇടയാക്കിയാൽ അതിൽനിന്ന് സംജാതമാകുന്ന ഭാവനാത്മകഥയ്ക്ക് എത്രമാത്രം സ്വാരസ്യം സംഭാവന ചെയ്യുവാൻ സാധിക്കുമെന്നുള്ളതു് ഊഹിക്കാവുന്നതാണ്. അത്ര വളരെ വിശ്വാസനീയമായ ശാസ്ത്രപ്രമാണങ്ങളെ ആശ്രയിച്ചല്ല റേബ്രാസ്ബറിയുടെ സൂര്യനിലെ സ്വർണ്ണ ആപ്പിളുകൾ" (Golden Apples of the Sun) എഴുതിയിട്ടുള്ളതെങ്കിലും അതിശയകരമായ ഒരു കഥയായി അതു് രൂപാന്തരപ്പെട്ടിരിക്കുന്നു. ഭാവനാപരങ്ങളായ ശാസ്ത്രകഥകളിൻ യക്ഷികഥകളിലെപ്പോലെ വെറും ഭാവനമാത്രം ഉണ്ടായിരുന്നാൽ പോരാ. അതിലെ കഥ ശാസ്ത്രതത്വങ്ങളിൽ ഉറച്ചുനില്ക്കുന്നതായിരിക്കണം. അതോടൊപ്പം സംഭവ്യതതന്നെ വളരെ വിദൂരമായിരുന്നാലും തരക്കേടില്ല. ഭാവിയിൽ യാഥാർത്ഥമായിത്തീരാൻ സാദ്ധ്യതയുള്ള കാര്യങ്ങളെ സമർത്ഥമായ വിധത്തിൽ ഭാവനാചിത്രങ്ങളിൽക്കൂടി അവതരിപ്പിക്കുന്നതാണ് ഇവയുടെ പൊതുലക്ഷണം എന്നു പറയാം.

ഭാവനാപരമായ ശാസ്ത്രകഥകളിൽ കാണുന്ന ഒരു വിഷയം ഇതരഗ്രഹങ്ങളിലേക്കുള്ള സങ്കല്പയാത്രകളാണല്ലോ. അന്തരീക്ഷമേഖലവിട്ട് ശൂന്യമണ്ഡലങ്ങളിൽക്കൂടി മററു ഗ്രഹങ്ങളിലേക്ക് ഉള്ള യാത്ര സ്പുട്നിക്കിൻെറ ഉയർച്ചയോടുകൂടി അസംഭവ്യസംഗതിയായി ഇന്ന് ആരും കണക്കാക്കുമെന്നു തോന്നുന്നില്ല. ഇതുപോലെ കൗതുകം ഉളവാക്കുന്ന കാര്യങ്ങൾ കാലവും സ്ഥലവും അതിലംഘിക്കുന്നതിന് സാദ്ധ്യമായിത്തീരുന്ന

ചുററുപാടുകൾ ഭാവന ചെയ്യുമ്പോൾ സംജാതമാകുന്നുണ്ട്. വെത്സിൻെറ "കാലയന്ത്രം" (Time Mechine) ഇതിന്ന് ഉത്തമമായ ഉദാഹരണമാണ്. ഇവിടെ ഗവേഷകന് ആഗ്രഹമുള്ളവിധം കാലത്തെ അതിലംഘിച്ചുപോകുന്നതിനുള്ള സൗകര്യം വിഭാവനം ചെയ്തിരിക്കുന്നു. ആപേക്ഷികസിദ്ധാന്തത്തെയും ആധുനികകഥാകാരന്മാർ ഭാവനാപരമായ ശാസ്ത്രകഥാനിർമ്മാണത്തിന്ന് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഹെൻസ്റ്റീനിൻെറ സിദ്ധാന്തമനുസരിച്ച് പ്രകാശത്തിൻെറ ഗതിയോടൊപ്പം സഞ്ചരിക്കുവാൻ സാധിക്കുന്ന ഒരു വസ്തു എപ്പോഴും വർത്തമാനകാലത്തിൽതന്നെ സ്ഥിതി ചെയ്യുന്നതായിരിക്കും. അതിന് അപ്രകാരം നിരന്തരമായി തുടരുവാൻ സാധിച്ചാൽ അതിനെ പ്രായം ബാധിക്കുന്നതുമല്ല. മററൊരു വിധത്തിൽ ചിന്തിച്ചാൽ അതായത് മുമ്പുപറഞ്ഞ വേഗത്തേക്കാൾ കൂടുതലായി സഞ്ചരിച്ചാൽ ഭൂതകാലത്തിൽ ചെന്നെത്തുന്നതായിരിക്കും. ഈ ആശയത്തെ ആസ്പദമാക്കി ഭാവനാപരമായ ഒരു കഥ ഫ്രഞ്ചുകാരനായ റെനെബാർജമേ (Rene Bar Jamel) നിർമ്മിച്ചിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചവിധം ഭൂതകാലത്തേക്കു സഞ്ചരിക്കുമ്പോൾ ഉണ്ടാകുന്ന അനുഭവങ്ങൾ അതിൽ കാണാം. വാട്ടർലൂ യുദ്ധത്തിൽ വെടിവെച്ചപ്പോൾ പുറത്തുപോയ വെടിയുണ്ടകൾ തോക്കുകളുടേയും പീരങ്കികളുടേയും കുഴലിലേക്ക് തിരിച്ചുപോകുന്നതും യുദ്ധത്തിൽ മരിച്ചു വീണവർ തിരിച്ചു ജീവനോടെ എഴുന്നേൽക്കുന്നതും മററും കാണാം. പ്രകാശരശ്മിയുടെ വേഗത്തെക്കാൾ കൂടുതൽ വേഗത്തിൽ സഞ്ചരിക്കുവാൻ സാധിച്ച ഒരു വൈമാനികൻ ക്രമേണ ബാല്യദശയിലേക്ക് മടങ്ങുന്ന കഥയാണ് ഗെറാൾഡ് കെർഷ് എന്ന ഇംഗ്ലീഷുകാരൻ രചിച്ചിട്ടുള്ളത്. ഇവയൊക്കെ ഭാവനയുടെ കാടുകയററമായി സാധാരണക്കാർക്ക് തോന്നിയേക്കാം. എന്നാൽ ശാസ്ത്രപ്രമാണങ്ങളുടെ വെളിച്ചത്തിൽ അസംഭവ്യങ്ങളായി പരിഗണിക്കുവാൻ സാധിക്കുന്നവയല്ല.

ജിജ്ഞാസ മനുഷ്യസ്വഭാവത്തിലെ ഒരംശമാണ്. അതിനെ പ്രചോദിപ്പിക്കുവാൻ ശാസ്ത്രപരങ്ങളായ ഭാവനാസൃഷ്ടികൾ സഹായിക്കുന്നതായിരിക്കും. ഇത് ആരോഗ്യപൂർണ്ണമായ വിനോദമെന്ന നിലയിൽ സ്വീകാര്യവുമാണ്. കുററവിസ്താരകഥകളിലും അപസർപ്പകഥകളിലും രസം കണ്ടു രക്ഷനേടുന്ന വായനക്കാരുടെ മനസ്സിനു സംഭവിച്ചേക്കാനിടയുള്ള തകരാറുകളൊന്നും ഭാവനാപരമായ ശാസ്ത്രകഥകൾ വായിക്കുന്നതുകൊണ്ടുണ്ടാകാനില്ല. എന്നു തന്നെയല്ല സാധാരണക്കാരെ ശാസ്ത്രവിഷയങ്ങളിൽ തല്പരരാക്കുന്നതിനും ശാസ്ത്രീയ മനോഭാവം അവരിൽ അങ്കുരിപ്പിക്കുന്നതിന്നു ഇവ കുളമൊരുക്കുകയുംചെയ്യും. യക്ഷികഥകളും മററുംകൊണ്ടു് തൃപ്തിയടയാത്ത ആധുനികകാലത്തെ മനുഷ്യന് ഭാവനാപരങ്ങളായ ശാസ്ത്രകഥകൾ സന്തോഷം സമ്മാനിക്കുമെന്നു തീർച്ചയാണ്. മതവും മററ അന്ധവിശ്വാസങ്ങളും സൃഷ്ടിച്ചിട്ടുള്ള കെട്ടുകഥകളെയും യക്ഷികഥകളെയും അവരുടെ മനസ്സിൽനിന്നു് തുടച്ചുനീക്കുവാനും ഇതുകൊണ്ടു സാധിക്കും.

ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള രണ്ടു ഭാവനാപരങ്ങളായ ശാസ്ത്രകഥകൾ 1950-ൽ എഴുതിയവയാണ്. പുസ്തകരൂപത്തിൽ ഇപ്പോഴേ പ്രസിദ്ധീകരിക്കുവാൻ സാധിച്ചുള്ളു. തികച്ചും സ്വതന്ത്രസൃഷ്ടികളാണ് അവയെന്നു് അവകാശപ്പെടാവുന്നതല്ല. വായനക്കാർക്ക് ഇത്തരം കഥകളിൽ താല്പര്യം ഉണ്ടെന്നു കാണുന്നപക്ഷം അടുത്തുതന്നെ കുറെ കഥകൾകൂടി പ്രസിദ്ധപ്പെടുത്താമെന്നു വിചാരിക്കുന്നുണ്ടു്.

തിരുവനന്തപുരം
15-9-58

കോന്നിയൂർ നരേന്ദ്രനാഥ്

പരീക്ഷണം

ശ്രീറാമും അസിസ്റ്റൻറ് ഗോവിന്ദനും കഴിഞ്ഞദിവസങ്ങളിലെ പരീക്ഷണഫലങ്ങൾ തിട്ടപ്പെടുത്തുകയാണ്. വളർച്ചയെ വളരെ വേഗം പ്രോത്സാഹിപ്പിക്കുന്ന എൻസൈമുകളാണ് കഴിഞ്ഞാഴ്ചയിൽ അവർ കുത്തിവെച്ചതു്. അതു കുത്തിവെച്ചശേഷം ഏററവും സൂക്ഷ്മതയോടെ അവർ ഫലങ്ങൾ നിരീക്ഷിച്ചു കൊണ്ടുവന്നു. ഈ പരീക്ഷണം നടത്തുന്നതു് സക്കാരിൻെറ പ്രത്യേകാനുമതിയോടുകൂടി ഒരു കുററവാളിയുടെ മേൽ ആണ്. അതിനു മുമ്പ് അവർ തയ്യാറാക്കിയ രാസവസ്തുക്കൾ പ്രയോഗിച്ചതു് എലി, മുയൽ, നായ് എന്നീ ജന്തുക്കളിലായിരുന്നു. അപ്പോഴെല്ലാം തൃപ്തികരങ്ങളായ ഫലങ്ങൾ അവക്കു കാണാൻ കഴിഞ്ഞു. അവരുടെ ഈ ഗവേഷണഫലങ്ങൾ ഇപ്പോഴും അതിരഹസ്യമായി വച്ചിരിക്കയാണുതാനും. മനുഷ്യേതരജന്തുക്കളുടെ മേൽ നടത്തിയ പരീക്ഷണങ്ങളെപ്പററിയും അതിൽ നിന്നുള്ള നിഗമനങ്ങളെക്കുറിച്ചും ശാസ്ത്രജ്ഞൻ ശ്രീറാം സർക്കാറിനെ അറിയിച്ചിരുന്നു. അവസാനപരീക്ഷണത്തിനായി ഒരു പദ്ധതിയും അതോടൊപ്പം സമപ്പിച്ചു. അതിൽ, അതിഹീനമായ കുററത്തിനു മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടിട്ടുള്ള ഒരു കുററവാളിയെ അവരുടെ പുതിയ പരീക്ഷണത്തിനായി വിട്ടുകൊടുക്കുന്നതു് നന്നായിരിക്കുമെന്നു് സൂചിപ്പിക്കുകയുണ്ടായി.

ശ്രീറാമിൻെറ അഭിപ്രായം സക്കാർ അംഗീകരിച്ചു. പല കാരണങ്ങളാൽ അദ്ദേഹത്തിൻെറ പരീക്ഷണങ്ങൾ ഏററവുമ

ധികം പ്രാധാന്യമര്ഹിക്കുന്നവയാണെന്ന് അധികാരികൾ തീരുമാനിക്കുകയുമുണ്ടായി. ആ ഗവേഷണങ്ങൾ അതി രഹസ്യമായി പുരോഗമിക്കേണ്ടതാണെന്നും സർക്കാരിൽനിന്ന് വേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഗവേഷണശാലയ്ക്കു ചുററും സമർത്ഥമായ പോലീസ് ബന്തവസ്സ് ഏർപ്പെടുത്തി. സർക്കാരിലെ അത്യുന്നതന്മാരായ അധികാരികളുടെ അനുമതിയോടുകൂടി മാത്രമേ അവിടെ ആർക്കും കടന്നുകൂടുവാൻ സാധിക്കൂ.

ശാസ്ത്രജ്ഞൻ ശ്രീറാമും അദ്ദേഹത്തിൻെറ അസിസ്റ്റൻറ് ഗോവിന്ദനും അതുപോലെ ഒന്നു രണ്ട് ആളുകളും മാത്രമേ ആ ഗവേഷണശാല നില്ക്കുന്ന സ്ഥലത്ത് ഉള്ളൂ. വെളിയിലത്തെ ലോകവുമായി അവർക്ക് യാതൊരു സമ്പർക്കവുമില്ല. ശാസ്ത്ര ഗവേഷണത്തിൽ അടിമുടി ആമഗ്നരായി കഴിഞ്ഞുകൂടുന്നവർക്ക് അതിൽ അല്പവും അസുഖം തോന്നിയിട്ടില്ലതാനും. ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾക്കായി ജീവിതം സമർപ്പിച്ചിട്ടുള്ളവരായിരുന്നു അവരെല്ലാം. അമൂല്യങ്ങളായ സത്യങ്ങൾ കണ്ടെത്തിയാൽ ഉണ്ടാകുന്ന പ്രശസ്തിയും അംഗീകാരവും മാത്രമേ അവർ ആഗ്രഹിച്ചിട്ടുള്ളൂ.

ഏതാണ്ട് ഇരുപതു കൊല്ലക്കാലം നടത്തിയ നിരന്തര പരിശ്രമങ്ങളുടെ ഫലമായിട്ടാണ് ശ്രീറാം ജന്തുക്കളുടെ വളർച്ചയെ നിയന്ത്രിക്കുന്ന എൻസൈം കണ്ടെത്തിയത്. ഈ 'എൻസൈമിനെ പ്രത്യേകമായി കണ്ടെത്തുവാൻ ഏതാണ്ട് എട്ടു കൊല്ലത്തോളമേ വേണ്ടിവന്നുള്ളൂ. എന്നാൽ അതിനെ ജീവജന്തുക്കളിൽനിന്ന് തനിച്ചു വേർതിരിച്ചെടുക്കുവാൻ അദ്ദേഹത്തിന്ന് പന്ത്രണ്ടിലധികം വർഷങ്ങൾ പ്രയത്നിക്കേണ്ടിവന്നു. ജീവനുള്ള എല്ലാററിലും ഈ എൻസൈം അന്തർലീനമായിട്ടുണ്ടെന്ന് ശ്രീരാമന് ബോധ്യമായി. എന്നാൽ ജന്തുക്കളിലും സസ്യങ്ങളിലും ഇത് പ്രവർത്തിക്കുന്നതിൽ ചില വ്യത്യാസങ്ങളുണ്ടെന്ന് അനുഭവത്തിൽനിന്നു മനസ്സിലായി. സസ്യങ്ങളിൽ വളർച്ച വിരാമമില്ലാ

തെ പ്രവത്തിക്കുന്നുണ്ട്. ഒരു ചെടിയുടെ ബീജത്തിൽനിന്നു് മുളയുണ്ടാകുന്ന നാറംമുതൽ അതു് വലിയ വൃക്ഷമായി തീൻകഴിഞ്ഞാലും അതു നശിക്കുന്ന കാലംവരെയും അതിന്റെ വളച്ച്യുണ്ട്. ജന്തുക്കളിൽ ഒരു പ്രായം കഴിഞ്ഞാൽ വളച്ച്യില്ല; നിലനിൽക്കൽ മാത്രമാണ്. ഇക്കാരണത്താൽ വളച്ച്യെ നിയന്ത്രിക്കുന്ന എൻസൈം കൂടുതൽ ശക്തിമത്തായിട്ടുള്ളതു് സസ്യങ്ങളിലാണ്. ശ്രീറാം സസ്യത്തിലെയും ജന്തുക്കളിലെയും 'എൻസൈം' കൂട്ടിക്കലത്തി അവയുടെ രണ്ടു ഗുണങ്ങളുമുള്ള, കൂടുതൽ ശക്തിമത്തായ ഒന്നു് രൂപാന്തരപ്പെടുത്തിയെടുക്കുകയുണ്ടായി. അതു് സർക്കാരിൽനിന്നു് പരീക്ഷണത്തിന്നായി ഏല്പ്പിച്ച കുററവാളിയിൽ കുത്തിവച്ചു, അതിനുശേഷം ഇന്നു് ഏതാണ്ട് എട്ടു ദിവസങ്ങൾ കഴിഞ്ഞിരിക്കുന്നു.

ശ്രീറാം: ഇന്നു അയാൾക്കു് എത്ര റാത്തൽ ഭാരമുണ്ട്?

ഗോവി: ആയിരത്തി ഇരുപത്തിമൂന്നു റാത്തൽ.

ശ്രീറാം: അതായതു് ഇന്നലത്തേതിൽ ഒന്നേകാൽ റാത്തൽ കൂടുതൽ?

ഗോവി: അതെ.

ശ്രീറാം: വളച്ച് നിലച്ചുതുടങ്ങിയതിൻെറ ലക്ഷണം മററുവല്ല കാര്യത്തിലും അറിയാനുണ്ടോ?

ഗോവി: എന്നു പറയാറായില്ല.

ശ്രീറാം: എല്ലാം ശരിക്കു നോക്കുന്നുണ്ടല്ലോ?

ഗോവി: ഉണ്ട്.

ശ്രീറാം: ഒരു കാര്യം വിട്ടുപോയി....

ഗോവി: എന്തു്?

ശ്രീറാം: അയാളെ സംബന്ധിച്ചുള്ള ചരിത്രം കാണിക്കുന്ന വിവരങ്ങൾ.....

ഗോവി: (ഇടയ്ക്കു കയറി) അതിൽ ചില റിക്കാഡുകൾ നാം ആവശ്യപ്പെട്ടതനുസരിച്ച് ജയിൽസൂപ്രണ്ട് എത്തിച്ചിട്ടുണ്ട്.

ശ്രീറാം: ഓഹോ! അതു ഞാനറിഞ്ഞില്ല.

ഗോവി: നാലുദിവസമായി. ഞാനതൊക്കെ നല്ലപോലെ പരിശോധിച്ചു.

ശ്രീറാം: ഓഹോ! ഞാൻ സസ്യങ്ങളിൽനിന്നുള്ള മറെറാരു 'ഹോർമോൺ' വേർതിരിച്ചെടുക്കുവാൻ ശ്രദ്ധിച്ചിരിക്കയായിരുന്നു. അതുകൊണ്ട് അക്കാര്യം വേണ്ടതുപോലെ പഠിക്കാൻ സാധിച്ചില്ല. 'ഹോർമോൺസ്'' വേർതിരിച്ചു കഴിഞ്ഞു. നാളെ കുത്തിവെയ്ക്കുന്നതിന് അതു തയ്യാറാകും. അതിരിക്കട്ടെ. അയാളുടെ പഴയകാലത്തെക്കുറിച്ച്....എന്തൊക്കെഅറിഞ്ഞു?

ഗോവി: ഇയ്യാൾ ജന്മനാ ഒരു കുററവാസനയുള്ളയാളാണ്.

ശ്രീറാം: ഓഹോ? അത്....ശ്രദ്ധിക്കേണ്ടതാണല്ലോ.

ഗോവി: ഏഴാമത്തെ വയസ്സിലാണ്. ആദ്യമായി ഹീനമായ കുററം ഇയ്യാൾ നടത്തിയത്. അന്നുമുതൽ അയാളുടെ കുററവാളിത്വമനഃസ്ഥിതി പ്രകടമായിട്ടുണ്ട്.

ശ്രീറാം: അത്ര ചെറുപ്പത്തിലോ?

ഗോവി: അതാണെനിക്കും അത്ഭുതം!

ശ്രീറാം: തുടർച്ചയായി അയാൾ കുററങ്ങൾ ചെയ്തിട്ടുണ്ടോ?

ഗോവി: ഉണ്ട്.

ശ്രീറാം: അവസാനത്തേതായിരുന്നോ മൂന്നു കൊലപാതകങ്ങൾ?

ഗോവി: അതെ! വെറും വിനോദത്തിനുവേണ്ടിയുള്ള കൊലപാതകങ്ങൾ! അതിനാണ് അയാളെ തൂക്കിലിടാൻ വിധിച്ചിട്ടുള്ളത്!

ശ്രീറാം: കൊലപാതകത്തെക്കുറിച്ച് അയാൾ പശ്ചാത്തപിക്കുന്നുണ്ടോ?

ഗോവി: ഇല്ല! സംസാരത്തിൽ കൊലപാതകത്തെപ്പററി എന്തെങ്കിലും സൂചന ഉണ്ടായാൽ അയാളുടെ ആവേശം ഒന്നു കാണേണ്ടതാണ്. ഇരയെക്കണ്ട കടവായെപ്പോലെ കൊതി സഹിക്കാനാവാതെ കൂട്ടിൽ ചുററി നടക്കുന്നതു് ഒരു കാഴ്ചതന്നെ.

ശ്രീറാം: നമ്മുടെ കണ്ടുപിടുത്തം ഒരു മനുഷ്യൻെറ മേൽത്തന്നെ പരീക്ഷ നടത്താൻ സാധിച്ചതുകൊണ്ടു് പല സംശയങ്ങളും ഭയങ്ങളും അനുഭവത്തിൽ എങ്ങനെയിരിക്കുമെന്നു് അറിയാൻ കഴിയുമല്ലോ.

ഗോവി: സാധാരണമനഃസ്ഥിതിയുള്ള ഒരു മനുഷ്യനായിരുന്നെങ്കിൽ!

ശ്രീറാം: അതു തരക്കേടില്ല. അസാധാരണത്വമുള്ള ആളിൽ ഇതു് എപ്രകാരം വ്യത്യാസങ്ങൾ വരുത്തുമെന്നറിയുന്നതു് കൂടുതൽ ഉപകാരപ്രദംതന്നെ.

ഗോവി: നമുക്കു് അനിയന്ത്രിതമായി വല്ലതും സംഭവിച്ചാൽ?

ശ്രീറാം: അതു ശരിയാണ്. അതിനെ സംബന്ധിച്ചു് ഇതുവരെ ഗൗരവമായി ചിന്തിച്ചില്ല. സാരമില്ല....ശരി...കഴിഞ്ഞ കുത്തിവയ്പിനുശേഷം എന്തൊക്കെ വ്യത്യാസങ്ങൾ കാണുന്നുണ്ടു്?....

ഗോവി: ശരീരത്തു് എണ്ണമയം കുറവായിട്ടുണ്ടു്. മുടിയും ഒന്നു വല്ലാതായിരിക്കുന്നു. മുഖത്തു് മൂകതയും.

ശ്രീറാം: ഞാൻ ഊഹിച്ചവതന്നെ. തൈറോയിഡ് ഗ്രന്ഥിയെ ബാധിക്കുന്നതായിരുന്നു കുത്തിവച്ച രാസവസ്തു. ആഹാരമൊക്കെ....?

ഗോവി: നല്ലതുപോലെ കഴിക്കുന്നുണ്ടു്.

ശ്രീറാം പരീക്ഷണസാധനങ്ങളും മററും തയ്യാറാക്കി വച്ചിരിക്കുന്ന മേശയുടെ സമീപത്തേക്കു നടക്കുന്നു. അവിടെയി

രുന്ന ഒരു ചെറിയ കപ്പിയെടുത്തു പരിശോധിച്ചശേഷം മടങ്ങിവന്നു് ഗോവിന്ദനോടു ചോദിച്ചു. 'ഇതെന്താണെന്നറിയാമോ?' ഗോവിന്ദനു് അത്ഭുതം തോന്നി. അയാറം അതെന്തെന്നു് അറിഞ്ഞിട്ടില്ല. ശ്രീറാം ചെറുതായി ചിരിച്ചുകൊണ്ടു് പറഞ്ഞു. 'ഇതാണു് സസ്യങ്ങളിൽനിന്നു വേർതിരിച്ചെടുത്ത 'ഹോർമോൺ'. സസ്യങ്ങളിൽ കാണുന്ന 'ഹരിതം' ഉണ്ടാകുവാൻവേണ്ട സാഹചര്യം ഒരുക്കുന്നതു് ഈ ഹോർമോൺ ആണു്. ഇതിൻെറ സഹായമില്ലെങ്കിൽ ഇലകളിലോ മററു ഭാഗങ്ങളിലോ ഉള്ള ഹരിതാംശങ്ങറം രൂപം പ്രാപിക്കുന്നതല്ല. ഏതൊരു സെല്ലിലും ഹരിതം ഉണ്ടാക്കുവാൻ ഇതു കുത്തിവെച്ചാൽ മതി.

അസിസ്റ്റൻറ് ഗോവിന്ദനു് അത്ഭുതംകൊണ്ടു ഒന്നും പറയുവാൻ തോന്നിയില്ല. കാരണം ഇതാണു്. ഈ ഭൂമണ്ഡലത്തിലെ ജീവജന്തുക്കളുടെയെല്ലാം ആഹാരം സസ്യങ്ങളിൽനിന്നുമാണ് വരുന്നതു്. നേരിട്ടോ അല്ലാതെയോ ആഹാരത്തിന് ഏതൊരു ജീവിയും സസ്യങ്ങളെ ആശ്രയിച്ചേ മതിയാവൂ. എന്നാൽ ഈ സസ്യങ്ങറം ആഹാരരൂപത്തിൽ സാധനങ്ങറം നിർമ്മിക്കുന്നതെങ്ങിനെയാണ്? ഇലയിൽ കാണപ്പെടുന്നതെങ്ങിനെയാണു്? ഇലയിൽ കാണപ്പെടുന്ന ഹരിതമാണ് അതിനുത്തരവാദി. ഹരിതത്തിൻെറ പ്രവർത്തനത്തെ നിയന്ത്രിക്കുന്നതിനു് സാധിക്കുകയെന്നുവെച്ചാൽ—അതിൻെറ സാദ്ധ്യതകളെപ്പററി വിശേഷിച്ചു പറയേണ്ടതായിട്ടില്ല. ഗോവിന്ദൻ ഇങ്ങനെ ചിന്തിച്ചുകൊണ്ടിരുന്നു. ശ്രീറാമിൻെറ സംസാരമാണ് അയാളെ ഉണർത്തിയതു്. 'നമുക്കു് ഒന്നു ചെയ്യേണ്ടിയിരിക്കുന്നു ഗോവിന്ദൻ'—എന്താണു് എന്നു തിരക്കുന്ന മട്ടിൽ ഗോവിന്ദൻ ശാസ്ത്രജ്ഞനെ നോക്കി. ശ്രീറാം തുടർന്നു —ഇന്നലെ പറഞ്ഞതുപോലെ ഈ കുററവാളിയുടെ മനോബലംകൂടി ഒന്നു് അളക്കേണ്ടതായിട്ടുണ്ടു്. ലേഡി അസിസ്റ്റൻറിനെ വിളിച്ചാൽ അതിനുള്ള കാര്യങ്ങറം തയ്യാറാക്കിയിട്ടുണ്ടോയെന്നു് അറിയാൻ സാധിക്കും.

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോഠം ആരോ കതകിൽ ചെറുതായി മുട്ടി. ശാസ്ത്രജ്ഞൻ എഴുന്നേററ് കതകു തുറന്നു.

ശ്രീറാം: ഓ! മിസ് കല്യാണിയോ?

ഗോവി: നിങ്ങളെ തിരക്കി അങ്ങോട്ടു വരാൻ തുടങ്ങുകയായിരുന്നു?

കല്യാ: എന്തിന്?

ശ്രീറാം; എല്ലാം തയ്യാറാക്കിയോ?

കല്യാ; തയ്യാറായി.

ഗോവി: ബേത്തിംഗ് ടബ് പ്രത്യേകമായി സജ്ജീകരിച്ചോ?

കല്യ; ഉം.

ശ്രീറാം: വെള്ളത്തിൽ കലത്താനുള്ള രാസവസ്തുക്കഠം....

കല്യാ: എല്ലാം ശരിയായിട്ടുണ്ട്. രണ്ടാമതു് വിശകലനം ചെയ്തു നോക്കുകയും ചെയ്തു. കുഴപ്പമൊന്നുമില്ല.

ശ്രീറാം: ഈ മനോബലപരീക്ഷണം കഴിഞ്ഞിട്ടുവേണം മററു കാര്യങ്ങഠം ശരിയാക്കാൻ.

അവർ പരീക്ഷണാശാലയിലെ പ്രധാന ഗവേഷണ മുറിയിലേക്കു പോയി.

II

ശാസ്ത്രജ്ഞൻ ശ്രീറാമും അസിസ്റ്റൻറ് ഗോവിന്ദനുംകൂടി അവിടെ ചെയ്തിരുന്ന ഏർപ്പാടുകഠം ഏററവും ശ്രദ്ധയോടെ പരിശോധിച്ചു. അതെല്ലാം തൃപ്തികരമാണെന്നു ബോദ്ധ്യമായി. ബേത്തിംഗ്ടബ്ബിനു സമീപം കുറച്ചു് ഉയരത്തിൽ ഗ്ലാസ്ഭരണിയിൽ രക്തനിറമുള്ള ദ്രാവകവും അതിൽനിന്നു് അതു് റബ്ബർകുഴലുവഴി പകരുവാനുള്ള സൗകര്യങ്ങളും ചെയ്തിട്ടുണ്ടു്.

ശ്രീറാമിൻെറ പരിശോധന പൂർത്തിയായപ്പോൾ അയാൾ അടുത്തഭിത്തിയിൽവെച്ചിട്ടുള്ള കാളിംഗ്ബെല്ലിൻെറ സ്വിച്ച് അമർത്തി. അയാൾ വാച്ചിൽ നോക്കിക്കൊണ്ടു് അസിസ്റ്റൻറ് ഗോവിന്ദനോടു പറഞ്ഞു. 'കൃത്യം പത്തുമണിക്കു് ഇതു തുടങ്ങണം. ഇനിയും ഇരുപതുമിനിട്ടുണ്ടു്. അത്രയും സമയംകൊണ്ടു് അയാളെ വേണ്ട രീതിയിൽ ഈ ടബ്ബിൽ കിടത്തണം.'

'മണി അമർത്തിയില്ലേ. അവർ അതു കേൾക്കാൻ കാത്തിരിക്കുകയാണു്. രണ്ടുമിനിട്ടിനുള്ളിൽ ഇവിടെയെത്തും.'

അവർ അങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ആ മുറിയുടെ കതകുകൾ തുറന്നു് ഏഴുപേരുടെ അകമ്പടിയോടുകൂടി ബന്ധിതനായ കുററവാളിയെ ഭീമമായ ചാരുകസേരയിൽ ഇരുത്തി ഉന്തിക്കൊണ്ടു് അവിടേക്കു വന്നുകഴിഞ്ഞു. കുററവാളി ഭീമകായനാണു്. ചുവന്ന വട്ടക്കണ്ണുകൾ. തടിച്ച കൂട്ടുപുരികങ്ങൾ. മൂക്കു് വളരെ പതിഞ്ഞതും ചെറുതുമാണു്. ചട്ടിച്ചമുഖം. കറുത്തുതടിച്ച ചുണ്ടുകൾ. ഗോറില്ലായുടെ മാതിരി കുറെയൊന്നു മുമ്പോട്ടു നീണ്ടു് ആകൃതി ഇല്ലാതാണു് ശിരസ്സു് പൊതുവെ ചെവികളും ചെറുതുതന്നെ. കുററിച്ച മുടിയാണു്. കറുപ്പിനേക്കാൾ അതു് അധികം ചെമ്പിച്ചിരിക്കുന്നു. നല്ല കരുത്തുള്ള ശരീരം. ധാരാളം രോമമുണ്ടു്. പത്തടിയിൽ കവിഞ്ഞ ഉയരം ആയിരത്തിൽപ്പരം റാത്തൽ ഭാരവും. ആകപ്പാടെ അയാൾ ഭയങ്കരസ്വരൂപംതന്നെ. കൈയിലും കാലിലും ആമംവെച്ചിരിക്കുന്നതിനാൽ സ്വതന്ത്രമായി ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. അടുത്തുള്ളവരെ കൂടെക്കൂടെ രൂക്ഷമായി, മൃഗീയമായി അയാൾ നോക്കുന്നുണ്ടു്. ഭയത്തോടുകൂടിയാണു് അയാളുടെ അടുത്തു് ആളുകൾ പെരുമാറുന്നതു്.

ശാസ്ത്രജ്ഞൻ ശ്രീറാമിനെയും അസിസ്റ്റൻറ് ഗോവിന്ദനെയും കുററവാളി മാറി മാറി കഠിനമായ ദേഷ്യത്തോടെ നോക്കി. എന്നാൽ ശ്രീറാമിൻെറ ചുഴിഞ്ഞിറങ്ങുന്ന നോട്ടം തിരി

ച്ചുചെന്നപ്പോൾ അയാൾ മുഖം തിരിച്ചുകളഞ്ഞു. കുനിഞ്ഞിരുന്നു് കൈയിലെ വിലങ്ങുപൊട്ടിക്കാനുള്ള ശ്രമത്തിൽശ്രദ്ധിച്ചുകൊണ്ടു് കുററവാളി ചോദിച്ചു 'ഞാൻ....ഞാനെന്തുവേണം. എന്നെ എന്തു ചെയ്യാൻ പോകുന്നു?' പരുപരുത്തു്, നിർദയത്വം കലർന്ന ഘോരമായ ശബ്ദമാണ് അത്.

ശ്രീറാം ഗോവിന്ദനോടു തിരിഞ്ഞു പറഞ്ഞു— 'ഇവൻെറ ശബ്ദവും മാറിപ്പോയല്ലൊ.

ഗോവി: അതെ, വളരെ മാറിപ്പോയി. ഇന്നലെ ഇത്ര ഭയങ്കരതയുണ്ടായിരുന്നില്ല.

അവരുടെ സംഭാഷണം വകവെയ്ക്കാതെ കുററവാളി വീണ്ടും പറഞ്ഞു—എന്നെ എന്തിനാ ഇവിടെ കൊണ്ടുവന്നിരിക്കുന്നെ?

'അത് ഇപ്പോൾ കാണിക്കാം'—ശ്രീറാം മറുപടി പറഞ്ഞു....നീ പഴയതിൽനിന്നു് വളന്നില്ലേ?

ഉം! വളന്നു. അതിന്ന്?—കഠിനമായ കോപം സ്ഫുരിക്കുന്ന മട്ടിൽ അവൻ പറഞ്ഞു.

"അഞ്ചരയടിയായിരുന്ന നിൻെറ പൊക്കം ഇന്നു് പത്തരയടിയായി. നൂററിഏഴു റാത്തലായിരുന്നു കുത്തിവയ്പിനു മുമ്പു നിൻെറ തൂക്കം.. അത് ഇന്നു് ആയിരത്തി ഇരുനൂററിമൂന്നു് ആയിക്കഴിഞ്ഞു. കുത്തിവെച്ച മരുന്നിൻെറ ഫലംകൊണ്ടു് നീ വളരുകയാണ്—ഭീമനായിട്ട്. നിനക്കു വളരേണ്ടെ?.... ശ്രീറാം ചോദിച്ചു. പരുപരുത്ത ഒരു ചിരിയോടുകൂടി കുററവാളി തുടന്നു—വേണം!....എൻെറ വിലങ്ങൊന്നു് അഴിച്ചാൽ ഞാൻ കാണിച്ചുതരാം—അയാൾ ചിറി നക്കിക്കൊണ്ടു് അവിടെ നിസ്സഹായനായിരുന്നു.

'ടബ്ബിൽ കയററിക്കിടത്താറായി'—അസിസ്റ്റൻറ് ഗോവിന്ദൻ സിൽബന്തികളോടു പറഞ്ഞു. ആളുകൾ കൂടുതൽ

കർശനമായി അയാളുടെ കൈകാലുകറം ബന്ധിച്ചു.

'എന്നെ എന്തിനാ ഇങ്ങനെ കെട്ടിയിടുന്നേ?'—അയാറം അലറുന്ന മട്ടിൽ പ്രതിഷേധിച്ചു.

'ഇതിൽ കിടത്താൻ'—സിൽബന്തികളിൽ ഒരാറം പറഞ്ഞു.

'എന്തിന്? എന്തിനെന്നാ ഞാൻ ചോദിക്കുന്നെ?'—അയാറം വീണ്ടും പ്രതിഷേധസ്വരത്തിൽ ഉറക്കെ ചോദിച്ചു. ഈ സമയംകൊണ്ടു് അയാളെ അവർ ടബ്ബിൽ കിടത്തിക്കഴിഞ്ഞു. ടബ്ബിൽ ഒരു മൂലയിലെ ടാപ്പു തുറക്കപ്പെട്ടു. അതുവഴി തണുപ്പുമാറിയ വെള്ളം ടബ്ബിൽ നിറയാൻ തുടങ്ങി.

'എന്നെ വെള്ളത്തിൽ കിടത്തി കൊല്ലാനാണോ?—അയാറം ദയനീയമായി ചോദിച്ചു.

'അല്ല'—ശ്രീറാം ചിരിച്ചുകൊണ്ടു് വളരെ സൌമ്യമായി പറഞ്ഞു. 'ഒന്നും വിഷമിക്കേണ്ട. നമ്മുടെ ശരീരത്തിന്റെ ചൂടു മാത്രമേ ഈ വെള്ളത്തിനുമുള്ളു.'

'എന്നെ കൊല്ലരുതേ! ഞാനെന്തുവേണമെങ്കിലും കേറംക്കാം' ക്രൂരത നിറഞ്ഞുകാണാറുള്ള അയാളുടെ കണ്ണുകറം ദയനീയമായിത്തീർന്നു. അതിൽനിന്നു കണ്ണുനീർ ധാരധാരയായി ഒഴുകിത്തുടങ്ങി.

'നിങ്ങളെ ഉപദ്രവിക്കാനൊന്നുമല്ല പോകുന്നതു്. ശാന്തനായിട്ടു കിടക്കു. എന്താ പേടിയുണ്ടോ, എന്നെ?—ശ്രീറാം സ്നേഹത്തോടെ ചോദിച്ചു.

'ഇല്ല എനിക്കു പേടിയില്ല.'

'ഞങ്ങളെ വിശ്വാസമുണ്ടോ?'

'ഉണ്ടു്.'

'അതാ! ആ ഗ്ലാസ്ഭരണിയിൽ നിറച്ചിരിക്കുന്ന ദ്രാവകം കണ്ടോ?'—രക്തനിറത്തിൽ കുറച്ചു് ഉയരത്തിൽ റബ്ബർ കുഴലുകൾ ഘടിപ്പിച്ചിട്ടുള്ള ഗ്ലാസ്ഭരണി ചൂണ്ടിക്കാണിച്ചുകൊണ്ടു് ശ്രീറാം ചോദിച്ചു.

'കണ്ടു.'

'അതിൻെറ നിറം ചോരയുടെ നിറമല്ലേ?'

'അതെ!'—ഘോരമായ അത്യാഗ്രഹത്തോടെ കുററവാളി പറഞ്ഞു—ചുടുചോരയുടെനിറം; ഹ! ഹ!....അതുപോലെ ചുവന്ന ചോരയാണ് അന്നു പൊട്ടിയൊഴുകിയത്.

ആണോ?—ശാന്തതയോടെ ശാസ്ത്രജ്ഞൻ ചോദിച്ചു.

'അതെ! അവൻെറ കഴുത്തു് കത്തികൊണ്ടു മുറിച്ചപ്പോൾ അവൻ കിടന്നു പിടച്ചു! ചോര! ചോര! അവിടെല്ലാം ഒഴുകി.'

'ഒഴുകിയോ?—ശാസ്ത്രജ്ഞൻ കുററവാളിയുടെ കണ്ണുകളിൽ നോട്ടം ഉറപ്പിച്ചുകൊണ്ടു ചോദിച്ചു—എല്ലാവരിലും ചോരയില്ലേ? ചുവന്ന ചുടുചോര!

ഉണ്ടു്. ചുവന്നചോരയുണ്ടു്—ചുണ്ടുനക്കിക്കൊണ്ടു് അയാൾ പറഞ്ഞു.

'ചോരയുടെ കാര്യം കേൾക്കുമ്പോൾ അയാളുടെ കൊതി കണ്ടില്ലേ! അടുത്തുനിന്നിരുന്ന ഒരു സിൽബന്തി പതുക്കെപ്പറഞ്ഞു.

നിങ്ങൾക്കും ചോരയില്ലേ?—മെസ്മെറിസ്റ്റിനെപ്പോലെ കുററവാളിയുടെ മുഖത്തു വിരൽ ചൂണ്ടിക്കൊണ്ടു്, നോട്ടം അയാളിൽ ഉറപ്പിച്ചുകൊണ്ടു് ശ്രീറാം ചോദിച്ചു.

ഉണ്ടു്!....അതിനു്?

ഒന്നുമില്ല. ചോരയില്ലെങ്കിൽ ജീവിക്കാനൊക്കുമോ?

ഇല്ല! നിങ്ങളെന്നോടെന്തിനിതൊക്കെ ചോദിക്കുന്നു?

ഭയപ്പെടേണ്ട! നിങ്ങളുടെ രക്തം മുഴുവൻ ഊററി എടുത്തിട്ട് ആ ഗ്ലാസ് ഭരണിയിലിരിക്കുന്ന ദ്രാവകം നിങ്ങളുടെ ചോരക്കുഴലിൽ കയററുവാൻ പോകുകയാണ്.

'ഞാൻ ചത്തുപോകും! ചത്തുപോകും. അയ്യോ!' അയാറം നിലവിളിച്ചു.

'ഭയപ്പെടാതിരിക്കു! രക്തത്തിനുപകരം ആ ദ്രാവകം സിരകളിൽ സഞ്ചരിച്ചാൽ ധാരാളം മതി!'

'ഇല്ല! എനിക്കു വയ്യാ! എന്നെ നിങ്ങറം കൊല്ലും!

'ഇല്ലെന്നു ഞാനല്ലെ പറഞ്ഞത്. നിങ്ങളുടെ ഇടത്തു കയ്യിലെ രക്തക്കുഴൽ മുറിച്ച് അതിൽക്കൂടി രക്തമെല്ലാം ചോത്തിക്കളയും. അതിൽക്കൂടി പുറത്തുവരുന്ന രക്തം ഈ വെള്ളത്തിൽ കലന്നുകൊള്ളും. എല്ലാം പുറത്തുപോയാലുടൻ ഈ കുപ്പിയിലിരിക്കുന്ന ദ്രാവകം വലത്തെ കയ്യിലെ സിരവഴി നിങ്ങളുടെ ശരീരത്തിൽ കടത്തും.

'അയ്യോ! എന്നെ നിങ്ങളു കൊല്ലും'

'ഇല്ല. നിങ്ങറം മരിക്കുകയില്ല.' ഗോവിന്ദൻ ടാപ്പു തുറന്ന് ടബ്ബിൽ വെള്ളം നിറയ്ക്കു!'

ഗോവിന്ദൻ ടാപ്പു തുറന്ന് വെള്ളം നിറച്ചുതുടങ്ങി.

'ഈ വെള്ളത്തിൻെറ ചൂട് നിൻെറ ശരീരത്തിൻെറ ചൂടാണ്.

'എന്നെ ഇതിൽ കിടത്തി മരവിപ്പിച്ചു....

'ഇല്ല. നിങ്ങളുടെ രക്ഷയ്ക്കാണ് ഈ വെള്ളം. നിങ്ങളുടെ രക്തം ഇതിൽ കലരുന്നത് നിങ്ങറക്കു കാണാം.

'എന്നെ ശിക്ഷിക്കരുത്. രക്ഷിക്കണം.'

'നിങ്ങളെ ഒരു പരീക്ഷണത്തിനു വിധേയനാക്കുകയാണ്.'

എൻെറ കൈകളും കാലിനും വിലങ്ങുവെച്ച് ഈ വെള്ളത്തിൽ മലത്തിക്കിടത്തി....അയ്യോ!

'തയ്യാറായി! രക്തധമനി മുറിയ്ക്കാൻ തുടങ്ങുകയാണ് നിങ്ങൾ മരിക്കുകയില്ല. വിശ്വസിക്കു!'

'എങ്ങനെ വിശ്വസിക്കും? രക്തംപോയാൽ പിന്നെ ആക്കു ജീവിക്കാനൊക്കും'

,ഇതാ! രക്തക്കുഴൽ മുറിച്ചുകഴിഞ്ഞു. നോക്കൂ! രക്തം ഇതിൽ കലർന്നുതുടങ്ങി....സാരമില്ല. ആദ്യം ഒരു ചെറിയ ക്ഷീണം തോന്നും....മുഖത്തു വിയപ്പുവരും. ദാഹം തോന്നിക്കും'....

'വെള്ളം! എനിക്കു ദാഹിക്കുന്നു'—മുഖത്ത് വിയപ്പ് പൊടിച്ചു കഴിഞ്ഞിരുന്നു.

'ക്ഷീണം കുറച്ചു നേരത്തേക്കു മാത്രമേ തോന്നിക്കു'—ശാസ്ത്രജ്ഞൻ പറഞ്ഞു.

'പാപികളെ എനിക്കു ദാഹിക്കുന്നു. കുറച്ചു വെള്ളം—സിൽബന്തികളിൽ ഒരാൾ ഒരു പാത്രത്തിൽ വെള്ളവുമായി അയാളുടെ സമീപത്തേയ്ക്കുവന്നു.

'വേണ്ടാ! വെള്ളം കൊടുക്കേണ്ടാ. ക്ഷീണം ഇപ്പോൾ മാറും'—ഗോവിന്ദൻ പറഞ്ഞു.

'ശരീരമാകെ തളർന്നുതുടങ്ങുന്നു. ഇല്ലേ?

'എൻെറ കയ്യും കാലും തളരുന്നേ"—ക്ഷീണസ്വരത്തിൽ കുററവാളി പറഞ്ഞു.

'വിളിക്കരുത്!...ഇനി ഇടയ്ക്കിടയ്ക്ക് മോഹാലസ്യം ഉണ്ടാകും....

'വെള്ളം! എനിക്ക ദാഹിച്ചിട്ട....?

'ഇപ്പോഠം ഒന്നും കഴിച്ചുകൂടാ....

' ഇങ്ങനെ കൊല്ലാനാണോ'?....

'നിങ്ങഠം മരിക്കയില്ല....ദാ...ടബ്ബിലെ വെള്ളമെല്ലാം ചുവന്നുകഴിഞ്ഞു. ഈ മീററററിൽ നോക്കുക. ഇനി....ഇയ്യാളുടെ ശരീരത്തിൽ പകുതി രക്തമേ ഉള്ളു.

'ഹയ്യോ!....ഞാൻ....തളരുന്നു....' കുററവാളി ക്ഷീണിച്ച് മോഹാലസ്യപ്പെട്ടതുപോലെ കിടന്നു. തല തളന്ന് ഒരു വശത്തേക്ക് ചരിഞ്ഞുകഴിഞ്ഞു.

ശാസ്ത്രജ്ഞൻ ലഘുവായി ചിരിച്ചുകൊണ്ട് സാവധാനത്തിൽ പറഞ്ഞു. നിങ്ങളുടെ ശരീരത്തിൽ ഇനി രണ്ടൗൺസ് രക്തമേയുള്ളു...

ഇനി....വലത്തുകയ്യിലെ സിരവഴി ദ്രാവകം കയററുകയാണ്.

'ഞാൻ....മരിച്ചു....ഇല്ല....ക്ഷീണം....

ശാസ്ത്രജ്ഞൻ കുററവാളിയുടെ തളന്ന് ചരിഞ്ഞുകിടക്കുന്ന തല പിടിച്ച് നേരെ വെച്ചുകൊണ്ട് ചെവിയിൽ സ്ഫുടമായി, ശക്തിയായി ശാന്തഗംഭീരമായ സ്വരത്തിൽ പറഞ്ഞു —നിങ്ങഠം മരിക്കയില്ല...,നിങ്ങഠം ജീവിക്കും. നിങ്ങളുടെ രക്തത്തിന്നുപകരം ഞാൻ കണ്ടുപിടിച്ച ദ്രാവകം ശരീരത്തിന്നു ശക്തികൊടുക്കും. ഞാൻ വിളിക്കുമ്പോഠം നിങ്ങഠം ഉണരും ... ഉണരും....മിടുക്കനായി ഉണന്നുവരും.

കുററവാളി ക്ഷീണിച്ചു വിവശനായി മോഹാലസ്യത്തിൽ ആണ്ടു കിടക്കുകയാണ്.

'അങ്ങനെ അഞ്ചുമിനിററു കിടക്കട്ടെ!....പൂണ്ണമായ ബോധക്ഷയത്തിലാണ് സ്ഥിതി. മരിച്ചെന്ന വിശ്വാസത്തിൽ ക

ഴിയുകയാണ്. ഞാൻ വിളിക്കുമ്പോഠം അയാഠം ഉണരും. ഇതാ ഇതു നോക്കു! ടബ്ബിലെ വെള്ളം കോരിക്കാണിച്ചുകൊണ്ട് ശ്രീറാം പറഞ്ഞു—'നല്ല രക്തനിറംതന്നെ അല്ലെ!'—ശാസ്ത്രജ്ഞൻ ചെറുതായി ചിരിച്ചുകൊണ്ടു തുടന്നു. 'എന്നാൽ ഇതു രക്തമല്ല. വെറും ചായം!' 'ചായമോ'?–അടുത്തുനിന്നിരുന്നവർ അത്ഭുതപ്പെട്ടു ചോദിച്ചു.

'അതെ!ഞാൻ അയാളുടെ രക്തക്കുഴൽ മുറിച്ചുമില്ല. ചതച്ചുമില്ല' ശാസ്ത്രജ്ഞൻ വീണ്ടും ചിരിച്ചുകൊണ്ടുതുടന്നു–'വെറുതെ കത്തിയുടെ മുനകൊണ്ട് മുറിക്കുന്ന ഭാവംകാണിച്ചതേയുള്ളു; ഒട്ടും മുറിയാത്ത മട്ടിൽ മാത്രം! എന്നിട്ട് ഈ വെള്ളത്തിൽ, എൻെറ കയ്യിൽ ഒളിച്ചുവെച്ചിരുന്ന ചായം പഥുക്കെ ക്രമമായി കലത്തി ..ഞാൻ പറഞ്ഞതു് അയാഠംക്ക് വിശ്വാസമാകത്തക്ക വിധത്തിലായിരുന്നു. ഞാൻ പറഞ്ഞ രീതിയിലെല്ലാം അയാഠം പെരുമാറി....ക്ഷീണം....മോഹാലസ്യം.....ഇനി....ഉണരുന്നതും ...മററം ...! എൻെറ പരീക്ഷണത്തിൻെറ ആദ്യഭാഗം പൂർണ്ണമായി വിജയിച്ചുകഴിഞ്ഞു. ഞാൻ ഈ സൂചി അയാളുടെ കയ്യിൽ കുത്തിക്കഴിഞ്ഞ് അഞ്ചുമിനിററിനകം അയാഠം ഉണരും. കയ്യിൽ ഈ കുഴൽ ഘടിപ്പിച്ചിരിക്കും. ഇതുവഴി ആ ഫ്ളാസ്കിലുള്ള ദ്രാവകം ക്രമേണ ഇങ്ങോട്ടൊഴുകിയിറങ്ങും. അതു കലരുന്നത് ഈ വെള്ളത്തിൽ തന്നെയായിരിക്കുമെങ്കിലും അയാഠം കരുതുന്നത് അത് അയാളുടെ രക്തധമനികളിൽ കടക്കുകയാണെന്നായിരിക്കും. ഇത്രയും പറഞ്ഞശേഷം ശാസ്ത്രജ്ഞൻ റബ്ബർ കുഴൽ കുററവാളിയുടെ വലത്തുകയ്യിൽ ഘടിപ്പിച്ചു. ആ കയ്യിൽ തന്നെ കുത്തിവയ്ക്കുന്ന സൂചികൊണ്ട് പതുക്കെ കുത്തി. അതിനുശേഷം തളന്നു കിടക്കുന്ന കുററവാളിയുടെ ചെവിയിൽ പറഞ്ഞു–ഉണരു....ഉണരു...! സമയമായി....റബർ കുഴൽ ഘടിപ്പിച്ചിരുന്ന സ്ഥലത്തു കയ്യിൽ പതുക്കെ കുത്തി....ഉറക്കത്തിൽ നിന്നു് ഉണരുന്ന ലക്ഷണങ്ങഠം അയാഠം കാണിച്ചു തുടങ്ങി.

അഞ്ചു നിമിഷങ്ങൾ കഴിഞ്ഞപ്പോൾ പൂൎണ്ണമായി ഉണൎന്നു കഴിഞ്ഞു.

'എന്താ മരിച്ചില്ലല്ലൊ!'—ശാസ്ത്രജ്ഞൻ അയാളോടു പറഞ്ഞു. ക്ഷീണം തോന്നുന്നോ!...

'ഉം!' നല്ലതുപോലെ.

'സാരമില്ല, ഇപ്പോൾ മാറിക്കൊള്ളും.

ഇതൊക്കെ എൻെറ ചോരയാണോ?—അയാൾ കിടന്നിരുന്ന വെള്ളത്തിൻെറ നിറം നോക്കി ഭയന്നു ചോദിച്ചു.

ഇനി അതൊന്നും നോക്കിയിട്ടു കാൎയ്യമില്ല.

എൻെറ ശരീരത്തു് രക്തത്തിനു പകരം ആ ദ്രാവകമാണോ?

ആയിരിക്കും! ഇയ്യാളെ ഇനി മറേറ മുറിയിലേക്കു കൊണ്ടു പോകാം.

വെള്ളം ചോൎത്തിക്കളഞ്ഞു കഴിഞ്ഞപ്പോൾ സിൽബന്തികൾ ടബ്ബിൽനിന്നു് കുററവാളിയെ വെളിയിലെടുത്തു് ചാരുകസേരയിൽ ബന്ധിച്ചു് തള്ളിക്കൊണ്ടുപോയി.

ശ്രീറാമും ഗോവിന്ദനും തനിച്ചായി.

'അയാളുടെ വിശ്വാസം രക്തത്തിനുപകരം ഞാൻ തയ്യാറാക്കിയ ദ്രാവകമാണു് സിരകളിൽ എന്നാണ്. അതു് അങ്ങനെ തന്നെ ഇരിക്കട്ടെ. ഇന്നു വൈകുന്നേരം ഞാൻ നേരത്തെ കാണിച്ച 'എൻസൈം' അയാളിൽ കുത്തിവയ്ക്കണം, ശ്രീറാം പറഞ്ഞു.

'ഏതു്? ചെടികളിൽനിന്നു തയ്യാറാക്കിയതോ?'

'അതെ. ഹരിതം ഉണ്ടാക്കുന്നതു്'

'അയാളുടെ രക്തത്തിൽ കുത്തിവച്ചാൽ....?

സസ്യങ്ങളെപ്പോലെ അയാളുടെ ശരീരത്തിന് ഹരിതമു ണ്ടാക്കി അതിന്റെ സഹായത്താൽ സൂര്യപ്രകാശമുള്ളപ്പോൾ ആഹാരം തയ്യാറാക്കാൻ കഴിയണം. അതുതന്നെ. അങ്ങനെ യായാൽ ആഹാരത്തിന് അന്യരെ ആശ്രയിക്കാതെ സ്വതന്ത്ര മായി ജീവിക്കാനുള്ള സാദ്ധ്യതയുണ്ടാകും—മുറിയിൽ ഉലാത്തി ക്കൊണ്ടാണ് ശ്രീറാം അതു പറഞ്ഞത്. അങ്ങനെ സാധി ച്ചാൽ ലോകത്തിൽ ആദ്യമായി സസ്യത്തിനെ നേരിട്ടോ അല്ലാ തെയോ ആശ്രയിക്കാതെ മനുഷ്യനു ജീവിക്കാനുള്ള വഴി തെ ളിയും—ആലോചനയിൽ ശ്രീറാം മുഴുകി.

'അത് സാധിച്ചാൽ....' ഗോവിന്ദൻ പറഞ്ഞു.

അത് സാധിച്ചാൽ....മനുഷ്യൻ സർവ്വസ്വതന്ത്രനാകും ഏററവും വമ്പിച്ച കണ്ടുപിടിത്തത്തിന്റെ പ്രശസ്തി നമുക്കു സി ദ്ധിക്കും!—ശ്രീറാമിന്റെ മുഖം വിടർന്നു. കണ്ണുകൾ പ്രകാശി ച്ചു.

അതാണ് എന്റെ സ്വപ്നം. മനുഷ്യന് അനന്തമാ യി ജീവിക്കുവാൻ കഴിവുണ്ടാകും—അയാൾ വെളിയിലേക്ക് ചൂണ്ടിക്കൊണ്ടു പറഞ്ഞു. 'ആ കാണുന്ന വലിയ മാവു നോ ക്കു! അതിന് ആയിരത്തിൽപ്പരം വർഷങ്ങൾ വയസ്സു കാണും. എങ്കിലും അത് ഇന്നും വളരുകയാണ്! അതുപോലെ മനുഷ്യനു സാധിച്ചാൽ....' ആവേശംമൂലം അയാളുടെ ശ്വാസം മുട്ടി. അത്ഭുതംകൊണ്ടു നിശ്ചേഷ്ടനായിട്ടു ഗോവിന്ദൻ ഇരുന്നു.

'വരൂ! ഇപ്പോൾ തന്നെ അയാളിൽ ആ എൻസൈം കു ത്തിവയ്ക്കാം'—ശ്രീറാം അത്യുത്സാഹത്തോടെ മുറിയുടെ കതകു തുറന്നു് അടുത്ത മുറിയിലേക്കുപോയി. ഗോവിന്ദൻ അയാളെ പിൻതുടർന്നു.

III

ഗവേഷണകേന്ദ്രത്തിൽനിന്ന് ഏതാണ്ട രണ്ടുനാഴിക അകലെ ആളുകളുടെ ആരവം ഉയരുകയാണ്. ഗവേഷണശാലയുടെ ഏററവും ഉയരമുള്ള മട്ടുപ്പാവിൽനിന്നുകൊണ്ട് ഗോവിന്ദൻ ദൂരദർശിനിയിൽക്കൂടി നോക്കിക്കൊണ്ടിരുന്നു. അയാളുടെ കാഴ്ച ഉയർന്നുനില്ക്കുന്ന മരക്കൊമ്പുകൾ മറയ്ക്കുന്നുണ്ട്. എങ്കിലും അതിൽക്കൂടി അയാൾ വളരെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. ദൂരദർശിനിയുടെ കുഴലിൽനിന്നു കണ്ണെടുത്തിട്ട് അയാൾ അടുത്തുനിന്നിരുന്ന കല്യാണിയോടു പറഞ്ഞു 'എല്ലാം ആപത്തിന്റെ വക്കിലാണ്. ആളുകൾ ഭയന്ന് ഒന്നിച്ചുകൂടി അവനോടെതിരിടുകയാണ്. ഈ പരീക്ഷണം ഇങ്ങനെ ചെന്നെത്തുമെന്ന് ആരറിഞ്ഞു? ഭയം തടിച്ചുകൂടി നില്ക്കുന്ന മുഖം ഉയർത്തി കല്യാണി മറുപടി പറഞ്ഞു.

'സസ്യങ്ങളിൽനിന്നു തയ്യാറാക്കിയ എൻസൈം കുത്തിവെച്ചതിനുശേഷം അയാളുടെ ശരീരത്തിന് ആഹാരം തയ്യാറാക്കാനുള്ള ശക്തികൂടി ഉണ്ടായി. വെടിയേററാലും കുഴപ്പമില്ല. മുറിവുണ്ടാകുന്നിടം എത്ര പെട്ടെന്നാണ് കൂട്ടിയൊട്ടി ഇണങ്ങുന്നത്! ശ്രീറാം തന്നെ ഇതു പ്രതീക്ഷിച്ചതല്ല.

'വാച്ചറുടെ സൂക്ഷ്മക്കുറവുകൊണ്ട് അയാൾ രക്ഷപ്പെട്ടില്ലായിരുന്നെങ്കിൽ....'

'കുഴപ്പമൊന്നുമുണ്ടാകുമായിരുന്നില്ല, തടങ്കലിൽനിന്ന് അവൻ രക്ഷപ്പെട്ടതാണ് ആപത്തായത്.

'ഇന്നു രണ്ടു ദിവസമായി അയാൾ ഇങ്ങനെ പുറത്തായിട്ട്. അതിനകം....'

'അതെ! എത്രയെത്ര ആളുകളെ അവൻ നശിപ്പിച്ചുകഴിഞ്ഞു?'

'ഹോ! അയാളുടെ ദയയില്ലായ്മ.'

'രക്തദാഹം എന്നു പറയൂ! അയാളുടെ ശരീരം വളന്ന തോടൊപ്പം ക്രൂരതയും വളന്നു. അതാ, ആളുകളുടെ ആരവം വർദ്ധിച്ചുവരികയാണ്.

'പോലീസും പട്ടാളവും ഏതെങ്കിലും തരത്തിൽ അവനെ ബന്ധിക്കുവാൻ ശ്രമിക്കുന്നുണ്ട്.'

'സാധിക്കയില്ലേ?'

'ഇല്ലെങ്കിൽ ഈ നാട്ടിൽ ഒരു ജീവിയും മിച്ചം കാണുകയില്ല.'

'ഈ കുററവാസനയുള്ളവനെ പരീക്ഷണവസ്തുവാക്കിയതായിരുന്നു തെററ്.'

'അത് ഇപ്പോഠം ശ്രീറാമും സമ്മതിക്കുന്നു.'

'വെടിയേററാലും പട്ടിണിയായാലും മരിക്കാത്തവനെ പിന്നെ എങ്ങനെ നശിപ്പിക്കും?

'അതു കണ്ടുപിടിക്കുകയാണ് ശ്രീറാമിൻെറ ഇപ്പോഴത്തെ ശ്രമം'

'ആഠംക്കൂട്ടം ഇങ്ങോട്ടു വരുന്നതുപോലെ തോന്നുന്നു.'

'ആ രാക്ഷസൻ ഇങ്ങോട്ടു വരികയായിരിക്കും.'

'ഇങ്ങോട്ടോ? ദൈവമേ!

'ആയിരിക്കും.'

'നമുക്കു രക്ഷപ്പെടാം!....'

'അവർ ഇങ്ങ് അടുത്തുകഴിഞ്ഞല്ലോ?'

'അതാ! ഗവേഷണകേന്ദ്രത്തിൻെറ ഗേററു കടന്നുകഴിഞ്ഞു'

'എത്രവേഗം ഇങ്ങെത്തി. വരൂ! നമുക്ക് എങ്ങോട്ടെങ്കിലും ഓടിപ്പോകാം!

'പാടില്ല. ഇപ്പോഠം ഇവിടംവിട്ടാൽ അവൻെറ വായിലായിരിക്കം ചെന്നു ചാടുന്നതു്. അവനെ പിൻതുടൻകൊണ്ടു് പോലീസും പട്ടാളവും ജീപ്പുകളിലും ടാങ്കകളിലും...'

'ഗവേഷണശാലയുടെ വലിയ കതകു് അടയ്ക്കൂ....' ഗോവിന്ദൻ ഇറങ്ങിയോടി വലിയ കതകു് ഗേററ സൂക്ഷിപ്പുകാരുടെ സഹായത്തോടെ അടച്ചു്, കമ്പികഠം വലിച്ചിട്ടു ബന്തവസ്സാക്കി.

'ഈ വലിയ കതകുകഠം അത്രപെട്ടെന്നു തകരുകയില്ലായിരിക്കാം. കല്യാണി ദീർഘനിശ്വാസം വിട്ടു.'

'അയാഠം പുറത്തെത്തിയെന്നു തോന്നുന്നു. ടാങ്കിലുള്ള പട്ടാളക്കാൎക്കു് ഉള്ളിലേയ്ക്കുവരാൻ കഴിയുകയില്ല. ഗേററു ചെറുതാണു്.'

'അതും ആപത്തായി'

'സമാധാനമായിരിക്കു!'

'ജീവൻ ത്രാസിൽ തൂങ്ങുമ്പോഠം സമാധാനപ്പെടുന്നതെങ്ങിനെ?'

'അപ്പോഴാണു് സമാധാനമായി ചിന്തിച്ചു പ്രവൎത്തിക്കേണ്ടതു്.'

'അതാ, അയാഠം കതകിൽ ഇടിക്കുന്ന ശബ്ദമല്ലെ!...ശക്തിയോടെ കതകിൽ തല്ലുന്ന ശബ്ദം അവരുടെ ചെവിയിൽ എത്തി.

'അതെ! അയാളെത്തിക്കഴിഞ്ഞു.'

'കതകു തുറക്കൂ!' കതകിൽ ശക്തിയായി ഇടിച്ചുകൊണ്ടു്, ഇടിമുഴക്കംപോലെ കുററവാളിയുടെ ശബ്ദം അവർ കേട്ടു.

ഗോവിന്ദനും കല്യാണിയും മററു സിൽബന്തികളും ആ

ലിലപോലെ വിറയ്ക്കുകയാണ്.

'തുറക്കാൻ പറഞ്ഞാൽ തുറക്കണം....അല്ലെങ്കിൽ....' കുററവാളിയുടെ കഠിനമായ ശബ്ദവും തുടന്നു കതകിൽ ഭയങ്കരമായ ചവിട്ടു.'

'എന്തു ചെയ്യാനാണ്?....കല്യാണിയുടെ കണ്ണിൽനിന്നു കണ്ണുനീരൊഴുകി.'

'എൻെറ രക്തമൊക്കെ ഊററി....എന്നെ കൊല്ലണം...അല്ലേ! എന്നെ പരീക്ഷണവസ്തുവാക്കണം അല്ലേ!....നീയും നിൻെറ ഗവേഷണവും....ഞാൻ തകക്കും...കഴുത്ത് തോത്തു പിഴിയുന്നതുപോലെ പിരിച്ച്....പിരിച്ച് നിന്നെ ഞാൻ കൊല്ലും....' കുററവാളി കഠിനമായ വെറുപ്പോടെ പറഞ്ഞു. കതകിൽ ശക്തിയായി തൊഴിക്കുന്ന ശബ്ദത്താൽ അവിടമെല്ലാം കിടുങ്ങി.

'ശ്രീറാം ഉണ്ടെന്നു കരുതിയാണ് അവൻ ഇവിടെ എത്തിയിരിക്കുന്നത് എന്നു തോന്നുന്നു! പകവീട്ടാൻ...' ഗോവിന്ദൻ പതുക്കെ പറഞ്ഞു.

'ഇല്ലെന്നു പറഞ്ഞാൽ....'

'ഇവിടെ ഇല്ലെന്നു പറഞ്ഞാൽ ചിലപ്പോഠം രക്ഷ കിട്ടിയേക്കും.'

ഗേററിൻെറ കതകിൽ ചവിട്ടുന്ന ശബ്ദം മാത്രമേ അവിടെയുള്ളു. അതു് തകരുന്നപോലെ അവക്കു തോന്നി.

'കതകു് ഇപ്പോഠം തകരും.' കല്യാണി വേദനിച്ചു പറഞ്ഞു.

'ഏതായാലും മരിക്കും. ഇതു പറഞ്ഞാൽ രക്ഷ കിട്ടുമെങ്കിൽ....'

'അതെ!'

ഉറക്കെ ശാസ്ത്രജ്ഞൻ ഇവിടെ ഇല്ലെന്നു പറയൂ!

'പറയാം'....ഗോവിന്ദൻ സകല ശക്തിയും എടുത്തു് വിളിച്ചു പറഞ്ഞു—'ശാസ്ത്രജ്ഞൻ ഇവിടെ ഇല്ല.'

കതകിൽ ചവിട്ടുന്ന ശബ്ദം നിന്നു. ഗോവിന്ദൻ വീണ്ടും ഉറക്കെ പറഞ്ഞു—'ശാസ്ത്രജ്ഞൻ ഇവിടെയില്ല.'

'അതു് അയാളുടെ ശബ്ദമല്ല.'—പരുപരുത്ത ശബ്ദത്തിൽ കുററവാളി പറയുന്നതു് അവർ കേട്ടു—'അവൻ പിന്നെ എവിടെ?'

'പട്ടണത്തിൽപോയിരിക്കയാണ്. വീട്ടിൽ കാണും.' ഗോവിന്ദൻ വീണ്ടും വിളിച്ചു പറഞ്ഞു.

'അവൻെറ പരീക്ഷണം ഞാൻ ഇന്നു ശരിയാക്കും.' അട്ടഹാസരൂപത്തിൽ കുററവാളി പറഞ്ഞുകൊണ്ടു് ഗേററിനു പുറത്തേക്കു് നടന്നു.

'അയാറം പോകുകയാണെന്നു തോന്നുന്നു.'—കല്യാണി ആശ്വാസത്തോടെ പറഞ്ഞിട്ടു് അടുത്തുകിടന്നിരുന്ന കസേരയിൽ ഇരുന്നു. അവറം മോഹാലസ്യപ്പെട്ടു.

'അവരെ ഒന്നു വീശിക്കൊള്ളൂ!'—അവിടെ നിന്നിരുന്ന സിൽബന്തികളോടു് ഗോവിന്ദൻ പറഞ്ഞിട്ടു് അടുത്ത മുറിയിലേക്കു പോയി—'ഞാൻ വിവരം ശ്രീറാമിനെ ഫോണിൽ അറിയിക്കട്ടെ! അയാറം അങ്ങോട്ടു ചെന്നേക്കുമെന്നു്.'

IV

ഗവേഷണശാലയുടെ മട്ടുപ്പാവിൽ ശ്രീറാമും ഗോവിന്ദനും ഇരുന്നു കാററുകൊള്ളുകയാണ്. സമയം സന്ധ്യ കഴിഞ്ഞിരിക്കുന്നു. നല്ല നിലാവു്. അടുത്തുനിൽക്കുന്ന വൃക്ഷങ്ങളുടെ ശിഖരങ്ങളിൽ ബാലാനിലൻ ഒളിച്ചുകളിക്കുന്നുണ്ടു്.

അവർ രണ്ടും, ഒന്നും സംസാരിക്കുന്നില്ല. രണ്ടുപേരും അവരവരുടേതായ ചിന്താമണ്ഡലത്തിൽ വിഹരിക്കുകയാണ്.

'എങ്കിലും ഇത്രമാത്രം ആപത്തുകൾ ഉണ്ടാകുമെന്ന് ആരും വിചാരിച്ചില്ല.' — ദീർഘനിശ്വാസം വിട്ടിട്ട് ഗോവിന്ദൻ പതുക്കെപ്പറഞ്ഞു.

'അതെ!'—ശ്രീറാം ലഘുവായി ചിരിച്ചു.

'അയാളെ നശിപ്പിക്കുവാൻപെട്ട പാട്! എല്ലാം കെട്ടുകഥപോലെ തോന്നിക്കുന്നു.'

'എൻെറ പ്രതീക്ഷയിൽ കവിഞ്ഞു് ചില സംഗതികൾ സംഭവിച്ചു. ഇല്ലായിരുന്നെങ്കിൽ......തകരാറുവരാതെ സൂക്ഷിക്കാമായിരുന്നു.'

'അയാളെ നശിപ്പിക്കുവാനുള്ള ഉപായം ഏററവും ഫലപ്രദമായി. എല്ലാവരും അതിൽ അത്ഭുതപ്പെട്ടുപോയി.'

'അതു് എനിക്കു തോന്നിയതു് പെട്ടെന്നാണ്. അയാളുടെ ശരീരത്തിൽ സസ്യങ്ങളുടെ എൻസൈമുകൾ കുത്തിവെച്ചില്ലേ! അവയാണ് അയാൾക്ക് ഹരിതം ഉണ്ടാക്കുവാൻ സഹായിച്ചതു്. സസ്യങ്ങളെപ്പോലെ ഇംഗാലാമ്ലവാതകം അന്തരീക്ഷത്തിൽനിന്നെടുത്തു് ജലാംശത്തിലെ ഘടകങ്ങളുമായി സംയോജിപ്പിച്ചാണല്ലോ ആഹാരം തയ്യാറാക്കുന്നതു്. സൂര്യപ്രകാശത്തിൻെറ സാന്നിദ്ധ്യത്തിൽ ഹരിതത്തിൻെറ സഹായത്തോടെ! അതാണ് എന്നെ ചിന്തിപ്പിച്ചതു്. ഇംഗാലാമ്ലവാതകത്തോടു് വല്ലാത്ത ആകർഷകത്വം അയാൾക്ക് ഉണ്ടാകാൻ സകലസാദ്ധ്യതകളും ഉണ്ടെന്നു ഞാൻ കരുതി.'

'ഓ! അതുകൊണ്ടാണ് ഇംഗാലാമ്ലവാതകം നിറച്ച ഷെല്ലുകൾ അയാൾ നിന്നിരുന്നതിനുസമീപം പൊട്ടിച്ചതു്. കണ്ണീർവാതകം പൊട്ടിക്കുന്നമാതിരി?' — ഗോവിന്ദൻ ചോദിച്ചു.

'അതെ! അതു് ഒരു പരീക്ഷണമായിരുന്നു. ഇംഗാലാമ്ലവാതകം അയാളുടെ സമീപം പൊട്ടിക്കഴിഞ്ഞപ്പോൾ അതു പൂർണ്ണമായി ഇല്ലാതാകുന്നതുവരെ അയാൾക്കു് അവിടം വിട്ടുപോകുവാൻ തോന്നിയില്ല. തോന്നിയില്ലെന്നുതന്നെയല്ല, ഇംഗാലാമ്ലവാതകം പൊട്ടിയ പ്രദേശത്തേക്കു് കാന്തത്തിലേക്കു് ഇരിമ്പുകഷണംപോലെ, അയാൾ ആകർഷിയ്ക്കപ്പെട്ടു. അതു് എനിക്കു് ഒരു സൂചനയായി. പിന്നീടു്......'ശ്രീറാം ഒരു സിഗരററു് എടുത്തു കത്തിച്ചിട്ടു് കസേരയിൽ നിവർന്നിരുന്നു.

'പിന്നീടെന്തായിരുന്നു സൂചന?'

'പറയാം. അയാൾ കെമിക്കൽ ഫാക്ടറി ആക്രമിച്ചതു് ഓർമ്മിക്കുന്നോ?—ശരി. അന്നു് ഇംഗാലാമ്ലവാതകം നിറച്ചിരുന്ന സിലിണ്ടറുകൾ നിറച്ചുകൊണ്ടിരുന്ന സ്ഥലത്തു് ഒരു സിലിണ്ടർ നിറയൊഴിഞ്ഞു് അവിടമൊക്കെ ആ വാതകം പ്രസരിച്ചതു് ഓർമ്മിക്കുന്നില്ലെ? ആ കുററവാളിക്കു് അവിടം വിട്ടുപോകുവാൻ സാധിക്കാത്തതുപോലെ അവിടെ കഴിഞ്ഞുകൂടേണ്ടിവന്നതും ഓർമ്മയില്ലെ?'

'ഉണ്ടു്'—ഗോവിന്ദൻ ഓർമ്മിച്ചുകൊണ്ടു് പറഞ്ഞു.

'ഈ രണ്ടു സംഭവങ്ങൾ എനിക്കു് ഒരു മാർഗ്ഗം കാണിച്ചു. വലിയ ഉരുക്കു ക്യാബിൻ തയ്യാറാക്കി അതു മുഴുവൻ ഇംഗാലാമ്ലവാതകം നിറച്ചു. അയാളെ അങ്ങോട്ടു് ആകർഷിക്കുവാൻ എന്നോടു് അയാൾക്കു തോന്നിയിരുന്ന വൈരാഗ്യം മതിയായി. ക്യാബിൻെറ കവാടം തുറന്നിട്ടു് ഞാൻ കുറച്ചകലെ മാറിനിന്നു. എന്നെക്കണ്ടപ്പോൾ അങ്ങോട്ടു് കോപാക്രാന്തനായി ചീററിയടുത്തു. ഞാൻ അവിടെനിന്നു ഒഴിഞ്ഞുമാറി. ഇംഗാലാമ്ലവാതകം നിറച്ച ക്യാബിനുള്ളിലേക്കു് അന്തമില്ലാത്ത കൊതിയോടെ സകലതും മറന്നു് അയാൾ കയറി. എന്നെപ്പററിയുള്ള കഥ മറക്കുകയും ചെയ്തു. ക്യാബിൻെറ അകത്തു കയറിക്കഴിഞ്ഞപ്പോൾ അതിൻെറ കതകു് ആട്ടോമാററിക്കായി ബന്ധിക്കുക

യും ചെയ്തു. അങ്ങനെ അയാൾ വീണ്ടും ബന്ധനത്തിലായി.'
—ശ്രീറാം നല്ലതുപോലെ ചിരിച്ചു. 'അയാളെ ബന്ധിച്ചതു
കൊണ്ടായില്ല; നശിപ്പിക്കുകയും വേണം. വെടികൊണ്ടു ഫല
മില്ല. ക്യാബിനിലെ ഇംഗാലാമ്ലവാതകം പമ്പുചെയ്തു കള
ഞ്ഞിട്ട് പകരം നൈടജൻ അടിച്ചുകയററി. നൈടജൻ വാത
കത്തിൽ ശ്വാസം മുട്ടി അയാൾ മരിച്ചു.' അയാൾ ചിന്താധീ
നനായി. ഗോവിന്ദനും ഒന്നും പറഞ്ഞില്ല. നീണ്ട നിശ്ശബ്ദത
ഭേദിച്ചതു് ശ്രീറാം തന്നെയായിരുന്നു—'എന്റെ സൃഷ്ടി ഞാൻ
തന്നെ നശിപ്പിക്കേണ്ടിവന്നതിലേ എനിക്ക് ഖേദമുള്ളു. നിയ
ന്ത്രിക്കുവാനുള്ള വഴി അറിയാതെ അതിരില്ലാത്ത ശക്തി കണ്ടെ
ത്തിയാൽ ആപത്തുവരും. നാം സൃഷ്ടിക്കുന്ന ശക്തിക്ക് നാം
തന്നെ ഇരയായിത്തീരരുതു്; പണ്ടു് പരമശിവന്ന് പററിയ
പോലെ'—പിന്നീട് ശ്രീറാം ഒന്നും പറഞ്ഞില്ല.

ചക്രവാളത്തിനപ്പുറം

വിമാനത്താവളത്തിന്നു സമീപമുള്ള വിശാലമായ മൈതാനപ്രദേശത്താണ് റോക്കററുയർത്തുന്നതിലേയ്ക്കു് വേണ്ട ഏർപ്പാട്ട് ചെയ്തിരിക്കുന്നതു്. അതിനുവേണ്ടിയുള്ള പ്രത്യേക സ്ഥലത്തിന് ഏതാണ്ട് അരമൈൽ അകലത്തിൽ ചുററിലും ബന്ധവസ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആ മുൾവേലിക്കു പുറത്ത് ആയിരക്കണക്കിന് ആളുകൾ തടിച്ചുകൂടിയിരിക്കുന്നു. ആളുകൾ അത്യത്ഭുതകരമായ സംഭവം നേരിട്ടു കാണുന്നതിനാണ് അവിടെ തടിച്ചുകൂടിയിട്ടുള്ളതു്. അതു് ഒരു നൂതനയുഗത്തിന്റെ ഉൽഘാടനമായി അവർ കരുതിയെങ്കിൽ ഒട്ടും കുററവുമില്ല. മനുഷ്യന് ഭാവനചെയ്യാൻ ഉള്ള കഴിവുവന്ന കാലം തൊട്ട് കൊതിച്ചിട്ടുള്ള കാര്യമാണ് പറന്നുപറന്ന് അങ്ങ് അനന്തകോടി നാഴിക ദൂരത്തിൽ മിന്നിത്തിളങ്ങുന്ന ഗോളങ്ങളിൽ എത്തിച്ചേരണമെന്നു്. ഭാവന അവനെ അവിടെ ഒക്കെ എത്തിച്ചിട്ടുണ്ട്. എന്നാൽ ആ ഭാവനയുടെ പിറകെ അവന്റെ ശരീരത്തെക്കൂടി എത്തിക്കുന്നതിന് ഇപ്പോൾ ഇതാ തയ്യാറെടുക്കുകയാണ്. അതു് കണ്ണുകൊണ്ടു കാണുന്നതിന്നു് അവിടെ കൂടിയിരിക്കുന്ന ആയിരക്കണക്കിനുള്ള ജനാവലി റോക്കററുയർത്തുന്ന മുഹൂർത്തം കാത്ത് അക്ഷമരായിക്കഴിയുന്നു. തൊട്ടടുത്തുള്ള വിമാനത്താവളത്തിൽ വിമാനങ്ങൾ വന്നിറങ്ങുന്നുണ്ട്, വിട്ടുപോകുന്നുണ്ട്. പക്ഷെ അതൊന്നും അവരുടെ ശ്രദ്ധയെ ആകർഷിക്കുന്ന മട്ടില്ല.

റോക്കററ് ഉയർത്തുന്നതിനായി പ്രത്യേകം തയ്യാറാക്കിയ സ്ഥാനത്തിന് സമീപമുള്ള കൊച്ചുകെട്ടിടത്തിൽ അവിടുത്തെ

ജോലികളിൽ ഏർപ്പെടുന്ന പ്രധാനപ്പെട്ട വ്യക്തികൾക്ക് വിശ്രമിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തിരിക്കുന്നു. അവിടത്തെ സ്വീകരണമുറിയുടെ ഒരു കോണിൽ ജനാലയ്ക്കു സമീപം റോക്കറ്റ് ഉയർത്തിക്കൊണ്ടുപോകേണ്ട കൃത്രിമഗ്രഹത്തിൽ സഞ്ചരിക്കുവാനുള്ള വേഷത്തിൽ രവി നിൽക്കുകയാണ്. അയാൾ മുഖംമൂടിയൊഴിച്ച് ബാക്കി വേഷങ്ങളൊക്കെ അണിഞ്ഞിട്ടുണ്ട്. ആ വേഷത്തിൽ അയാൾ ഭീമകായനായി തോന്നും. അടുത്ത് വികാരാധീനയായി മാലതിയും. അവർ എന്തൊക്കെയോ പതുക്കെ സംസാരിക്കുന്നുണ്ട്.

രവി (സമാശ്വസിപ്പിക്കുന്ന രീതിയിൽ): 'മാലതി...... ഇത്രയുംനാൾ വലിയ ധൈര്യം പറഞ്ഞിരുന്ന നീ........ഇന്ന് ഇങ്ങനെ ബലഹീനയായാലോ?' മാലതി കുനിഞ്ഞുനിന്നതേയുള്ളു. അവളുടെ കണ്ണുകളിൽനിന്ന് ഒന്നുരണ്ട് ബാഷ്പബിന്ദുക്കൾ അടർന്നുവീണു. കുറച്ചുനേരം നിശ്ശബ്ദത. ഒടുവിൽ ഗദ്ഗദപൂർവ്വം മാലതി പറഞ്ഞു......'ഇന്നുവരെ ഇതു സംഭവിക്കുമെന്ന് ഞാൻ വിശ്വസിച്ചില്ല........എനിക്ക് സഹിക്കാൻ മേല!....അങ്ങ് എന്നെ വിട്ടുപിരിയുന്നത്.....'

'ഞാൻ വിട്ടുപിരിയുന്നില്ല. ഞാൻ തിരിച്ചുവരും മാലതി!' ....ആശ്വസിപ്പിക്കുന്നമട്ടിൽ തന്നെയാണ് രവി സംസാരിച്ചത്. മറക്കാൻ ശ്രമിച്ചിട്ടും ഒതുങ്ങാത്ത വിമ്മിഷ്ടം അയാളുടെ വാക്കുകളിൽ പ്രകടമായിരുന്നു—'തിരിച്ചുവരും! തീർച്ചയായും തിരിച്ചുവരും.'

'തിരിച്ചുവരണം! അന്നുവരെ ഞാൻ കാത്തിരിക്കും.'

'വരും, ചക്രവാളത്തിനപ്പുറത്ത് എനിക്കു നേരിട്ട അനുഭവങ്ങൾ നിന്നോടു പറയാൻ ഞാൻ വരും. നിന്നോടായിരിക്കും ഞാനവയെപ്പറ്റി ആദ്യം പറയുന്നത്!.... ....കണ്ണുനീർ തുടയ്ക്കൂ!'

'അങ്ങേയ്ക്കു ശുഭാപ്തിവിശ്വാസമുണ്ട്......എന്നാൽ ഞാൻ ബലഹീനയാണ്.......എൻെറ സംശയങ്ങൾ......' അവളുടെ

കണ്ണുകളിൽനിന്നു് ധാരധാരയായി കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു.

'ശരിയാണു്...മഹാസമുദ്രം താണ്ടി അറിവില്ലാത്ത ഭൂഖണ്ഡങ്ങൾ തേടി പുറപ്പെട്ടിരുന്ന നാവികന്മാർ യാത്രപുറപ്പെട്ടപ്പോൾ അവരുടെ ഭാര്യമാർ ഇങ്ങിനെ കരഞ്ഞുകാണും.'

'മഹാസമുദ്രം ഇന്നു് മനുഷ്യന്നു് കുളിപ്പാൻ കുളം ആയിത്തീർന്നിട്ടുണ്ടു്. പക്ഷെ ഭൂഗോളം വിട്ടു് മററ ഗ്രഹങ്ങളിലേക്കു സഞ്ചരിക്കുക!.....അതിനിയും സാധാരണസംഭവമായിത്തീർന്നിട്ടില്ല—ചക്രവാളത്തിനപ്പുറത്തേക്കുള്ള യാത്ര!....'

'അതും മനുഷ്യനു് നിസ്സാരമാണു് മാലതി!....'

'ആയിരിക്കാം...എങ്കിലും അതിനെപ്പറ്റി ഭയാശങ്കകൾ ഒരു ഭാര്യക്കു് ഉണ്ടാകുന്നതു് തെറ്റാണോ?...'

'തെറ്റാണെന്നു ഞാൻ പറയുന്നില്ല. ഒരു ശാസ്ത്രജ്ഞനോടൊപ്പം ഇത്രയും നാൾ കഴിഞ്ഞുകൂടിയ നീ, അയാളുടെ പ്രവത്തനങ്ങളിൽ നിത്യപങ്കാളിയായി കഴിഞ്ഞുകൂടിയ നീ; ഭത്താവു് ഏറ്റവും പ്രധാനമായ ഒരു സാഹസികയാത്രക്കു് ഒരുങ്ങിനിൽക്കുമ്പോൾ, കണ്ണുനീരോടെയാണോ യാത്രയയക്കേണ്ടതു?'

'അല്ല'—മാലതിയുടെ അധരങ്ങൾ വിറക്കുകയാണു്. കണ്ണുകൾ നിറഞ്ഞൊഴുകുകയാണു്—'എന്റെ ബുദ്ധിയുടെ ഉപദേശം ഹൃദയം അനുസരിക്കുന്നില്ല'—അവൾ ലേസ് എടുത്തു് മുഖം പൊത്തി.

'കണ്ണുനീർ തുടച്ചു് എന്നെ പുഞ്ചിരിയോടെ യാത്രയാക്കു!'

'രവീ! രവീ!'—കുറച്ചു് അകലെനിന്നു് രഘു വിളിച്ചുപറഞ്ഞു:

'സമയമായി. ഇങ്ങോട്ടു വരു!'

'അതാ രഘു വിളിക്കുന്നു...വേഗം മിടുക്കിയായി നിൽക്കു! രഘു ഇങ്ങോട്ടുതന്നെ വരുന്നു.' മാലതി ലേസുകൊണ്ടു് മുഖം തുടച്ചു് ധൈര്യം അഭിനയിക്കാൻ ശ്രമിക്കുകയാണു്. ഈ സമയംകൊണ്ടു് രഘു അവരെ സമീപിച്ചുകഴിഞ്ഞു. രവിയെപ്പോലെ ഫ്ലയിങ്ങ് ഡ്രസ്സ് അണിഞ്ഞിട്ടുണ്ടു് രഘുവും. മുഖംമൂടി ഉയർത്തി രവിയേയും മാലതിയേയും നോക്കി ചിരിച്ചുകൊണ്ടു യാൾ പറഞ്ഞു—'ഇതാണു് വിവാഹിതനായാലുള്ള വിഷമം.... എന്നെ നോക്കു!...ആരെങ്കിലുമുണ്ടോ തടസ്സപ്പെടുത്തുവാൻ... ചൊവ്വാഗ്രഹത്തിൽ ചെന്നിട്ടുവേണം എനിക്കൊരു കല്യാണമാലോചിക്കാൻ!'—രഘു ചിരിച്ചു.

'ആദ്യത്തെ ഇൻറർപ്ലാനറ്ററി വിവാഹം ഏർപ്പാടുചെയ്തെന്ന ഖ്യാതി എനിക്കും, അതു നടത്തിയെന്ന പ്രശസ്തി രഘുവിനും ചരിത്രത്തിൽ ഉണ്ടാകണം, അല്ലേ?' രവിയും രഘുവും ചിരിച്ചു.

'ലോകത്തിലെ സ്ത്രീകളെയെല്ലാം പുഛിക്കുന്ന ഒരാളിന് ചൊവ്വായിലെങ്കിലും ഒരു നല്ല സ്ത്രീയെ കിട്ടുമാറാകട്ടെ. ആമീൻ!...' നേരമ്പോക്കു് അഭിനയിക്കുവാൻ ശ്രമിച്ചുകൊണ്ടു മാലതി പറഞ്ഞു.

'അടുത്തു് അറിയുന്നതുവരെ അവിടുത്തെ സ്ത്രീകളും ആദർശരത്നങ്ങളായിരിക്കുമെന്നു് പ്രതീക്ഷിക്കാം.'—രവി ചിരിച്ചു.

'സ്ത്രീയാണോ? അവരെ അങ്ങനെ പ്രതീക്ഷിക്കാതിരിക്കുന്നതാണു് നിരാശയുണ്ടാകാതിരിക്കാൻ നല്ലതു്'—രഘു പറഞ്ഞു.

'ചൊവ്വായിലെ സ്ത്രീയെക്കുറിച്ചും വിധിയെഴുതിക്കഴിഞ്ഞോ?' മാലതി ചോദിച്ചു.

'ഇല്ല, സാമർത്ഥ്യമുള്ള പുരുഷന്മാരില്ലാത്തിടത്തെല്ലാം സ്ത്രീകൾ ഒരുപോലെതന്നെ. അവിടുത്തെ പുരുഷനെ പരിചയപ്പെട്ടുകഴിയുമ്പോൾ സ്ത്രീയെപ്പറ്റി ഊഹിച്ചുകൊള്ളാം.'

'അതുകൊള്ളാം. സ്ത്രീയെ വിലയിരുത്തുന്നതു് പുരുഷനെ ആസ്പദമാക്കിയാണോ?'

'തീച്ച്യയായും.'

'ഇങ്ങനെയുമുണ്ടോ സ്ത്രീവിദ്വേഷികറം!'

'അതൊക്കെയിരിക്കട്ടെ! നമുക്ക സമയമായി. എല്ലാം തയ്യാറായി. അങ്ങോട്ട കയറേണ്ട താമസമേയുള്ള.'

'എൻജനീയർമാർ എല്ലാം പരിശോധിച്ചുകഴിഞ്ഞോ'?

'കഴിഞ്ഞു...കൃത്രിമഗോളത്തിൽ കയറിക്കഴിഞ്ഞാൽ ഈ ലോകത്തിൽനിന്നു് രക്ഷപ്പെടാൻ കഴിയുമല്ലോ.....എന്താ പോകാം...എന്താ തിരിഞ്ഞുനിൽക്കുന്നതു്? രണ്ടുപേരും കരയാനുള്ളതൊക്കെ തീൎത്തില്ലെ? ഓ! യാത്രചോദിക്കണമായിരിക്കും!... ഹ! ഹ!....' രഘു പതുക്കെ മുമ്പോട്ടുനടന്നു. രവി തിരിഞ്ഞു നിന്നു.

'മാലതി!'

'ഉം'

'മതിയെന്നേ ഈ യാത്രാനുമതി!...' രഘു ഉറക്കെ പറഞ്ഞു.

'ആറുമാസം കഴിഞ്ഞു കണ്ടുകൊള്ളാം.'—രവി പതുക്കെ മാലതിയുടെ തലമുടി തടവിക്കൊണ്ടു പറഞ്ഞു.

'റേഡിയോവഴി സംസാരിക്കാൻ വേണ്ടതു ചെയ്തിട്ടില്ലേ? ഇത്ര വിഷമിക്കാനെന്തിരിക്കുന്നു?'...രഘു ഉറക്കെ ചിരിച്ചു.

'ഞാനെന്നും റേഡിയോയുടെ അടുത്തു് കാത്തിരിക്കും'... മാലതി ഗദ്ഗദപൂൎവ്വം പതുക്കെ സംസാരിച്ചു.

'എന്നും ഞാൻ റേഡിയോടെലഫോൺവഴി സംസാരിച്ചുകൊള്ളാം.'

രവി സാവധാനത്തിൽ മുമ്പോട്ടുനടന്നു.

'വിവാഹം ചെയ്യുമ്പോഴും ഓർക്കണം ഇങ്ങനൊക്കെ ചില ഗുലുമാലുകളും ഉണ്ടായേക്കുമെന്നു്'—രവിയുടെ കൈക്കു് കടന്നു പിടിച്ചുകൊണ്ടാണതു് രഘു പറഞ്ഞതു്.

'സ്നേഹമെന്തെന്നറിയാത്തവർക്കു് ഇതൊന്നും കാണാൻ കഴിയുകയില്ല.' മാലതി കലമ്പി.

'തർക്കിക്കാനുള്ള സമയമിതല്ല. വരൂ!'

അകലെ സൈറൺവിളി മുഴങ്ങി. അതോടൊപ്പം മൈതാനത്തിൻെറ മുള്ളുവേലിക്കപ്പുറത്തു് തടിച്ചുകൂടിയിരുന്ന ജനാവലിയുടെ ആഹ്ലാദപ്രകടനങ്ങളും.

'അതാ ആദ്യത്തെ സിഗ്നലാണതു്. ഇനിയും അര മണിക്കൂർ നേരത്തേക്കു് വിമാനങ്ങളൊന്നും പോകുന്നതല്ല; നമ്മുടെ യാത്ര തുടങ്ങുന്നതുവരെ.'

'എന്നാൽ മാലതീ!'...രവി കൂപ്പുകയ്യോടെ യാത്രപറഞ്ഞു.

'എൻെറ വിജയാശംസകൾ....' നിറകണ്ണോടെ മാലതി തൊഴുതുകൊണ്ടു് പറഞ്ഞു.

'ഞാൻ പറഞ്ഞില്ലെ ഇങ്ങനെ യാത്രപറയരുതെന്നു്! ധീരയായിരിക്കു. ആറുമാസം കഴിഞ്ഞു നേരിട്ടു് കണ്ടുകൊള്ളാം.'

രവിയും രഘുവും നടന്നകന്നു. അവർ റോക്കററയത്തുന്നതിനു് സജ്ജീകരിച്ചിട്ടുള്ള സ്ഥലത്തേക്കാണു് പോയതു്. മാലതി അവരെ നോക്കിക്കൊണ്ടു് സ്വീകരണമുറിയുടെ വരാന്തയിൽ നിന്നു.

രവിയും രഘുവും റോക്കററ് ഫയറിംഗ് ബേസിനെ സമീപിക്കുന്തോറും വേലിക്കു് പുറത്തു് തടിച്ചുകൂടിയിരുന്ന ആളുകൾ

ഹർഷാരവങ്ങൾ മുഴക്കിക്കൊണ്ടിരുന്നു. അവരുടെ ആഹ്ലാദശബ്ദങ്ങൾ കോളുകൊണ്ട സമുദ്രത്തിന്റെ ശബ്ദംപോലെ അവിടെയെങ്ങും പ്രതിധ്വനിച്ചു.

II

ഈ സമയം കൃത്രിമഗോളത്തെ ഉദ്ദിഷ്ടസ്ഥാനത്തേക്ക് കൊണ്ടുചെന്നെത്തിക്കുന്നതിനുവേണ്ടി തയാറാക്കിയിരുന്ന റോക്കറ്റിന്റേയും മററു നില ശരിയാക്കിക്കഴിഞ്ഞിരുന്നു. എൻജിനീയർമാർ രവിയും രഘുവും സഞ്ചരിക്കാനുള്ള ഗോളത്തെ പരിശോധിക്കുകയാണ്.

ഒന്നാമൻ...'ടെസ്റ്റിംഗ് കഴിഞ്ഞോ?'

രണ്ടാമൻ...'കഴിഞ്ഞു. എല്ലാം ശരിതന്നെ.'

ഒന്നാമൻ...'റാഡർ ഉപകരണങ്ങൾ...?'

രണ്ടാമൻ....'കറക്ട്'

മൂന്നാമൻ ..'ഗ്യാസ് സിലിണ്ടറുകൾ?'

രണ്ടാമൻ...'ഒരു ചേംബർ നിറച്ച് സ്റ്റാക്കുചെയ്തിട്ടുണ്ട്.'

മൂന്നാമൻ...'മാസ്ക്കുകൾ?'

ഒന്നാമൻ...'ശരിതന്നെ.'

മൂന്നാമൻ...'പവ്വർ ജനറേറ്റർ?'

രണ്ടാമൻ....'ഓ കെ.'

ഒന്നാമൻ...'പ്രഷർസൂട്ട്?'

രണ്ടാമൻ...'നാലു ഡസൻ വച്ചിരിക്കുന്നു.'

ഒന്നാമൻ...'ദൂരദർശിനി?'

രണ്ടാമൻ...'റേഡിയോ ദൂരദർശിനിയും ശരിതന്നെ.'

ഒന്നാമൻ...'കൃത്രിമഗോളത്തിൻെറ വെളിയിലേക്കു കാണു വാനുള്ള ക്വാർട്ട്സ് വിൻഡോ സ്ക്രീൻ?'

മൂന്നാമൻ...'കുഴപ്പമൊന്നുമില്ല. ക്യാമറയും മററുപകര ണങ്ങളുമൊക്കെ ഘടിപ്പിച്ചിട്ടുണ്ട്. എല്ലാം കണിശമായി പരി ശോധിച്ചു. ആവശ്യത്തിനുള്ള ആഹാരവും ചേംബറിൽ സംഭ രിച്ചിട്ടുണ്ട്. എല്ലാം തയാർ.'

ഈ സമയം രവിയും രഘുവും ഗോളത്തിൻെറ സമീപം എത്തി. അവർ അതിൻെറ തുറന്നുകിടന്നിരുന്ന വാതിലിലേക്ക് നയിക്കുന്ന ഏണിപ്പടിയിൽ നിന്നുകൊണ്ട് വെളിയിൽ കൂടി യിരുന്ന ജനാവലിയോട് കൂപ്പുകയ്യോടെ യാത്രചോദിച്ചു; അവർ അത്യാഹ്ലാദത്തോടെ അവക്ക് മംഗളം ആശംസിച്ചു. രവിയും രഘുവും ഗോളത്തിൻെറ ഉള്ളിലേക്കു കയറി. പുറകെ അതിൻെറ കതകും അടഞ്ഞു. പുറത്തുനിന്ന എൻജിനീയർമാർ അതു് വെൽഡുചെയ്തു ശരിയാക്കി. എല്ലാം ഭദ്രമായെന്നു പൂർണ്ണ ബോദ്ധ്യം വരുത്തിയശേഷം ഗോളത്തെ റോക്കററുമായി ഘടി പ്പിച്ചുനിത്തി.

വീണ്ടും സൈറൺ മുഴങ്ങി.

റോക്കററും അതിൽ ഘടിപ്പിക്കപ്പെട്ടിരുന്ന ഗോളവും മുകളിലേക്ക് ഉയത്തിവിടുവാനുള്ള നിലയിൽ ക്രെയിനിൻെറ സഹായത്തോടെ നിലയിൽ നിത്തിക്കഴിഞ്ഞു. ഗോളത്തിൻെറ അകത്തുനിന്നു് രവിയുടേയും രഘുവിൻേറയും സിഗ്നലു കി ട്ടാൻ എൻജിനീയർമാർ കാത്തുനിന്നു.

ആളുകൾ സന്തോഷിച്ചു് ആർത്തുവിളിച്ചു.

സിഗ്നൽ ഡയലിൽ ശ്രദ്ധിച്ചിരുന്ന ശാസ്ത്രജ്ഞന്മാക്ക് ഗോളത്തിനുള്ളിൽനിന്നു് തയ്യാറായെന്ന അറിയിപ്പുകിട്ടി.

ഒന്നാമൻ...'ഇനി മറുപടി കൊടുക്കു.'

രണ്ടാമൻ ...'ഇതാ കൊടുത്തുകഴിഞ്ഞു.'

ഒന്നാമൻ....'സൈറൺ ശബ്ദിക്കാം. തുടന്ന് റോക്കററും മുകളിലേക്ക് ഉയത്താം.'

സൈറന്റെ ശബ്ദം ഉയർന്നു. അതു് അത്യുച്ചത്തിലായി. ക്രമേണ അതു് കുറഞ്ഞുകുറഞ്ഞു നിശ്ശബ്ദമായി. അതോടൊപ്പം റോക്കറ്റിന്റെ പ്രവത്തനം തുടങ്ങി. അതു് പുറപ്പെടുവിച്ച ഭയങ്കരമായ ശബ്ദം അത്യുച്ചത്തിലായപ്പോഠം അതു് മുകളിലേക്ക് പ്രതീക്ഷിക്കാത്ത വേഗത്തിൽ ഉയർന്നുകഴിഞ്ഞു. ആളുകഠം ആശ്ചയ്യസ്തബ്ധരായി അതു നോക്കിനില്ക്കുകയാണ്. കണ്ണെത്താത്തവണ്ണം ഉയരത്തിലായിക്കഴിഞ്ഞു. അതിന്റെ ശബ്ദം വിദൂരതയിൽനിന്നു വരുന്ന ഒരു പ്രതിദ്ധ്വനിയായി കലാശിച്ചു.

റാഡർ ഒബ്സർവേഷൻ ബോർഡിൽ നോക്കിക്കൊണ്ടിരുന്ന എൻജിനീയർമാർ പരസ്പരം പറഞ്ഞു.......

ഒന്നാമൻ....'പത്തുനിമിഷമേ ആയുള്ളു. മുപ്പതിനായിരം മൈൽ ഉയർന്നുകഴിഞ്ഞു.'

രണ്ടാമൻ...'എല്ലാം മംഗളമായിക്കലാശിക്കട്ടെ.'

III

രവിയുടെ വീട്ടിലെ ഗവേഷണമുറിയിൽ സ്ഥാപിച്ചിട്ടുള്ള റേഡിയോ റിസീവറിന്റെ മുമ്പിൽ മാലതി ഇരിക്കുകയാണ്. സെറ്റിന്റെ ഡയലിൽ കണ്ണുറപ്പിച്ചുകൊണ്ടു് അതിന്റെ സൂചി മാറ്റിമാറ്റി അത്യധികം പ്രതീക്ഷയോടെ കഴിഞ്ഞുകൂടുന്നു.

റേഡിയോസെറ്റിൽനിന്നു് വന്നുകൊണ്ടിരിക്കുന്ന വിവിധ ശബ്ദങ്ങൾ മാത്രമാണു് അവിടെ കേൾക്കാനുള്ളതു്. അതു് കേട്ടുകൊണ്ടു് രഘുവിൻെറ അമ്മ കാത്ത്യായനി അവിടെ കടന്നുവന്നു. അവൾക്കു് പ്രായം ഏതാണ്ടു് അൻപതു കഴിഞ്ഞുകാണും. മുടിയെല്ലാം നരച്ചതാണു്. എന്നാൽ മുഖത്തു് ജര വ്യാപിച്ചിരിക്കുന്നു എന്നു് പറഞ്ഞുകൂടാ. നല്ല കുലീനത്വം ഉള്ള അവരുടെ മുഖത്തു് സംതൃപ്തി കളിയാടുന്നതായിത്തോന്നും. അധികം ഉയരമില്ല. തടിച്ച ശരീരവുമാണു്.

'നീയെത്രനേരമായി ഇതിൻെറ മുമ്പിലിരിക്കുന്നു കുട്ടീ! ആഹാരമൊന്നും വേണ്ടേ?' മാലതിയുടെ തോളിൽ തടവിക്കൊണ്ടു് കാത്ത്യായനി ചോദിച്ചു. അവരുടെ സംസാരം കേട്ടു് കുറച്ചൊന്നു ഞെട്ടിത്തിരിഞ്ഞുകൊണ്ടു് മാലതി മറുപടി പറഞ്ഞു—'റേഡിയോവഴിയുള്ള സന്ദേശം കിട്ടേണ്ട സമയമായിട്ടും അതു കേൾക്കുന്നില്ലല്ലോ അമ്മേ. അതു് തിരഞ്ഞുനോക്കുകയാണു്.'

'ഇന്നലെ അവരയച്ച സിഗ്നലുകൾ കിട്ടിയല്ലോ?'

'കിട്ടി. ഇന്നു് ഇതുവരെ കിട്ടിയിട്ടില്ല. അവരുടെ വാച്ചുകൾ തെറ്റിയോ, അതോ അന്തരീക്ഷത്തിലെ തകരാറാണോ, അതുമല്ല മററുവല്ല ആപത്തുമാണോ എന്നറിഞ്ഞുകൂടാ.'

'ആപത്തൊന്നുമായിരിക്കയില്ല'—കാത്ത്യായനി ദീർഘനിശ്വാസം വിട്ടു....'ഒന്നുകൂടി തിരിച്ചുനോക്കു്.'

'അങ്ങോട്ടു് കൊടുക്കാനുള്ള സിഗ്നൽ കൊടുത്തു. എന്നിട്ടും....'

'മറുപടിയൊന്നും വന്നില്ലേ?'

'ഇല്ല. ഭൂമിയുടെ ആകർഷണവലയം വിട്ടു് അനേകായിരം നാഴിക ദൂരെ ഇന്നലെതന്നെ അവരെത്തിയതാണു്.'

'ഒന്നു് സംസാരിച്ചുനോക്കു്.'

മാലതി ഒരു സ്വിച്ച് അമർത്തി. അടുത്തിരുന്ന ഡയലിൽ ഒരു ചുവന്ന ബൾബ് ജ്വലിച്ചു. ഒരു മൈക്കിലേക്കു് അവൾ സംസാരിച്ചു—'ഹല്ലോ! ഹല്ലോ! ഹലോ!'

അത്ഭുതപ്പെട്ടു് കാത്ത്യായനി ആവേശത്തോടെ പറഞ്ഞു, അതാ റാഡർ ലൈറ്റ് കത്തുന്നു. സന്ദേശം അവർക്കു് കിട്ടുന്നുണ്ടു്.'

'ദൈവം രക്ഷിച്ചു. തകരാറൊന്നുമില്ല'—മാലതി വീണ്ടും മൈക്കിലേക്കു് സംസാരിച്ചു, 'ഹല്ലോ! This is Q. T. M. Q.T.M Q.T.M.'

റിസീവറിലെ ചുവന്ന ബൾബ് ജ്വലിച്ചു. സ്പീക്കറിൽ നിന്നു് രവിയുടെ ശബ്ദം പ്രതിദ്ധ്വനിച്ചു—This is M.T.Q. M.T.Q. രവിയാണു്; രവി. രവി സംസാരിക്കുന്നു. മാലതി! മാലതിയാണോ?'

'അതെ! മാലതിതന്നെ!' — അവളുടെ തൊണ്ട ഇടറുന്നുണ്ടായിരുന്നു.

'സുഖംതന്നെയോ മാലതീ!'...

'സുഖംതന്നെ!'.. ഗദ്ഗദം കൂടുതൽ വാക്കുകളെ തടഞ്ഞു.

'നീയെന്താണു് കരയുന്നതു്?'

'കരയുകയല്ല....സന്തോഷംകൊണ്ടു്....രഘുവിൻെറ അമ്മ അടുത്തിരിപ്പുണ്ടു്.'

'ഭൂമിയിൽ എന്തൊക്കെയാണു് വിശേഷങ്ങൾ?...ഞങ്ങൾ അവിടെനിന്നു് എത്ര ദൂരത്തിലാണെന്നോ. ദൂരദർശിനിയിൽ കൂടി ഭൂമിയെക്കാണാൻ എത്ര രസമായിരിക്കുന്നെന്നോ? ചന്ദ്രനപ്പോലെ ഒരു ഗോളം!'

'ചൊവ്വാഗ്രഹത്തിലെത്തിയോ?'

'This is M.T.Q. This is M.T.Q.'

'ഹല്ലോ! ഹല്ലോ! This is Q.T.M. Q.T.M. എന്താ ഇടയ്ക്കു കേഠംക്കാനൊരു തടസ്സമുണ്ടായതു്?'

'എന്തോ വല്ലാത്ത ഒരു മുഴക്കം തോന്നി. എന്തായിരിക്കും?'

'വല്ല കാന്തമേഘങ്ങളും ഇടയ്ക്കുകൂടി കടന്നുപോയിരിക്കും.....ഉം! സാരമില്ല. ഇപ്പോഠം ശരിക്കു് കേഠംക്കാമല്ലോ.... പിന്നെ കാത്ത്യായനിയമ്മ എന്തു പറയുന്നു?'

'ഞാൻ അമ്മയുടെ കയ്യിലേക്കു് മൈക്കു കൊടുക്കാം.' മാലതി മൈക്കിൻെറ അടുത്തുനിന്നു് മാറി. കാത്ത്യായനിയമ്മ അതിലേക്കു് സംസാരിച്ചു: 'എന്താ രഘു....?'

'ഇതു് രവിയാണു്. അമ്മയ്ക്കു് രഘുവുമായി സംസാരിക്കണോ? അയാളും സുഖമായിട്ടിരിക്കുന്നു! ഇപ്പോഠം ഒബ്സർവേഷൻ ചേമ്പറിൽ ഇരുന്നു് ചില ഗോളങ്ങളുമായി റാഡർ സമ്പക്കം സ്ഥാപിക്കുവാൻ ശ്രമിക്കയാണു്. വിളിക്കാം.' ചുവന്ന ബഠംബ് അണഞ്ഞു. കാത്ത്യായനി തിരിഞ്ഞു് മാലതിയോടു് പറഞ്ഞു—'അവർ സുഖമായിരിക്കുന്നു. ദൈവാനുഗ്രഹം തന്നെ....' റിസീവറിലെ ചുവന്ന ലൈറ്റ് വീണ്ടും ജ്വലിച്ചു. രഘുവിൻെറ ശബ്ദം സ്പീക്കറിൽ മുഴങ്ങി—'ഹല്ലോ! അമ്മയാണോ? എന്തൊക്കെയുണ്ടു് വാത്തകഠം?'

'ഒന്നുമില്ല മകനെ. നിനക്കു് ജലദോഷമൊന്നുമില്ലേ?'

'ജലദോഷമോ! ഹ! ഹ! അതൊക്കെ ഭൂമിയിലേ ഉള്ളു. ഇവിടെയിരുന്നു നോക്കിയാൽ ആകാശത്തു് രാത്രിയിൽ കാണാൻ കഴിയുന്നപോലെ നാലുപാടും മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളേയുള്ളു. എന്തൊരു കാഴ്ചയാണെന്നോ? അടുത്തപ്രാവശ്യം നിങ്ങളെയെല്ലാം ഇങ്ങോട്ടു് കൊണ്ടുവന്നേയ്ക്കാം. എന്താ?'

'അങ്ങനെയാകട്ടെ മകനെ!'

'ഇപ്പോൾ നിർത്തട്ടെയമ്മേ!'

പെട്ടെന്നു് സ്പീക്കർ നിശ്ശബ്ദമായി. ചുവന്നു ജ്വലിച്ചുകൊണ്ടിരുന്ന ബൾബും അണഞ്ഞു.

IV

കുജനിലേക്കുള്ള യാത്ര അങ്ങിനെ അവിഘ്നം പുരോഗമിക്കുകയാണു്. ശൂന്യപ്രപഞ്ചമേഖലയിൽക്കൂടി റോക്കററ് കൃത്രിമഗോളവും വഹിച്ചുകൊണ്ടു് പാഞ്ഞുകൊണ്ടിരുന്നു. ഭൂമിയിലെ വിവിധഗവേഷണശാലകളുമായി രവിയും രഘുവും റേഡിയോസമ്പർക്കം പുലർത്തുന്നുണ്ടു്. അപ്പഴപ്പോൾ അവർക്കു നേരിടുവാൻ ഇടയാകുന്ന അനുഭവങ്ങൾ ഉടനുടൻ അവർ ഭൂമിയിലേക്കു് അറിയിച്ചുകൊണ്ടിരുന്നു. ശാസ്ത്രീയമായി അവർ സ്വീകരിച്ചിരുന്ന കരുതലുകളൊന്നും തകരാറിലായില്ല. അവിശ്രമം നടത്തിക്കൊണ്ടിരുന്ന നിരീക്ഷണങ്ങൾ എന്തൊക്കെ നൂതനാനുഭവങ്ങളാണു് അവർക്കു് നൽകിയതു്! അവർ സഞ്ചരിച്ചിരുന്ന ഗോളത്തിന്റെ നിരീക്ഷണജനാലവഴി ദൂരദർശിനിയിൽക്കൂടി ചൊവ്വാഗ്രഹത്തെ നോക്കിക്കൊണ്ടിരുന്ന രവി രഘുവിനോടു് പറഞ്ഞു: 'രഘു! നാം ചൊവ്വായുടെ ആകർഷണപരിധിയിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു! ഇതാ! ഈ ഉപകരണത്തിലെ സൂചി അതാണു് കാണിക്കുന്നതു്!'

'അപ്പോൾ ഇനി അധികസമയം വേണ്ടാ ചൊവ്വായുടെ തലത്തിൽ ഇറങ്ങാൻ! അല്ലേ?'

'അതെ!'—രവി സംതൃപ്തിയോടെ പറഞ്ഞു. 'ദൂരദർശിനിവഴി ചൊവ്വാഗ്രഹത്തെ നോക്കു!'

രഘു ദൂരദർശിനിയുടെ സമീപത്തേക്കു നീങ്ങിയിരുന്നു് അതിൽക്കൂടി നിരീക്ഷണം തുടർന്നു. 'എത്ര മനോഹരമായിരിക്കുന്നു കുജന്റെ ഉപരിതലം!'

'ഏതാണ്ട് നമ്മുടെ ഭൂമിപോലെതന്നെ!'

'ഉത്തരധ്രുവത്തോടടുത്ത പ്രദേശമൊക്കെ മഞ്ഞുപൊതി ഞ്ഞ് കിടക്കുകയാണ് അല്ലേ?'

'അതുപോലെതന്നെ തോന്നുന്നു.'

'മദ്ധ്യരേഖയോട്ട് സമീപിച്ച സ്ഥാനങ്ങളൊക്കെ കുറ ച്ചൊന്നു ചെമ്പിച്ചാണല്ലോ കാണുന്നത്!'

'ഓർമ്മയില്ലേ? അവിടം നമ്മുടെ സഹാറപോലെ മണൽ ക്കാടായിരിക്കുമെന്നല്ലേ പലരും പറയാറുള്ളത്!'

'ഓ! ശരി!....അതുപോലെ 'സോളിസ്‌ലാക്കസ്' പ്രദേശ ത്ത് 'തോട്ടകം' കാണാറുണ്ടെന്ന് ലോവ്വൽ പ്രസ്താവിച്ചിട്ടു ണ്ടല്ലോ!'

'അവിടം കാണാൻ കഴിയുന്നില്ല.'

'ആറ്റോസിനസ്സ് പ്രദേശത്തെ തോട്ടകളോ?'

'അതും കണ്ടുകൂടാ. കുജൻെറ മറുവശത്തായിരിക്കണം. ഈ നേക്ക് കാണുന്ന ഭാഗങ്ങളേത്?'

'അറിഞ്ഞുകൂടേ? കൊള്ളാം! 'ഉട്ടോപ്യാ'തന്നെ.'

'ഓ! നേരാണ്!'

'വിശ്വസിച്ചിരുന്നപോലെ, വലിയ കുന്നും മലയും മററും ഉള്ള ലക്ഷണമൊന്നുമില്ല.'

'വാസ്തവംതന്നെ!.....അതാ....അവിടെ....ഒരു പ്രത്യേകത കാണുന്നു!'

'എവിടെ?'

'ടിവിയം ചറോൻടിസ് പ്രദേശത്തല്ലേ?'

'അതെ!'

'തോട്ടുകളേപ്പോലെ ചില രേഖകളും...'

'രേഖകളുടെ സമീപത്ത് കുറെയേറെ പച്ചനിറം!'

'മരങ്ങളും ചെടികളും മററുമായിരിക്കണം.'

'ആണോ?'

'ആയിക്കൂടെന്നില്ല.'

'ആയിരുന്നെങ്കിൽ......ഭൂമിയുടെ അന്തരീക്ഷത്തിൽനിന്ന് വലിയ വ്യത്യാസമൊന്നും കാണുന്നതല്ലെന്നു തീച്ച്.'

'ചൊവ്വായുടെ അന്തരീക്ഷത്തിൽ നാം ശരിക്കു പ്രവേശിച്ചുകഴിഞ്ഞു. ഇതാ! ഈ എയിറോമീറ്റർ നോക്കു!'

'ങ്ങേ! ഇതു് സമ്മർദ്ദം സൂചിപ്പിക്കുന്നല്ലോ!'

'അന്തരീക്ഷത്തിലേക്ക് കടന്നുകഴിഞ്ഞെതന്നുസാരം.'

'എന്തു്!'

'ങ്ഉം?'

'കാർബൺ ഡയോക്സൈഡ് കുറേശ്ശ ഉണ്ടെന്നു കാണിക്കുന്നല്ലോ!'

'ചൊവ്വായുടെ ഉപരിതലത്തിൽനിന്നു എത്രയോ നാഴിക മുകളിലാണു് നമ്മുടെ സ്ഥിതി. എന്നിട്ടും കാർബൺ ഡയോക്സൈഡു് ഉണ്ടെന്നറിയാൻ കഴിഞ്ഞാൽ അന്തരീക്ഷത്തിൽ അതിൻെറ തോതു് വളരെ അധികമായിരിക്കുമെന്നു തീച്ച്.'

'മേഘാംശങ്ങരം കുറേശ്ശ രൂപംകൊണ്ടിട്ടുണ്ടു്.'

'നാം അതിവേഗം ചൊവ്വായിലേക്ക് പതിക്കുകയാണു്. സാവകാശത്തിലാക്കിയില്ലെങ്കിൽ നാം ചെന്നു് അതിശക്തിയായി വീഴും. അങ്ങിനെ വീണാൽ സകലതും തകൻ തരിപ്പണമാകും! റോക്കറ്റിൻെറ യന്ത്രപ്രവത്തനം നിയന്ത്രിക്കണം.'

'എൻജിൻ നിത്തട്ടെ?'

'തരക്കേടില്ല! നിർത്തിയേക്കു! അതുമാത്രംപോരാ. അതിന്റെ പാരഷ്യേററുകഠം തുറക്കുകയും ചെയ്യാം. പാരച്യൂട്ടിന്റെ ബട്ടണും അമത്തിയേക്കൂ. അതെല്ലാം കൂടിയാൽ സാവധാനത്തിൽ റോക്കററും നമ്മുടെ ഗോളവും ചെന്നിറങ്ങിക്കൊള്ളും.'

'എല്ലാം പറഞ്ഞതുപോലെ ചെയ്തുകഴിഞ്ഞു.'

'വേഗത! കുറഞ്ഞുകഴിഞ്ഞു കേട്ടോ! ഇതാ ഡയലിൽ നോക്കൂ! സമ്മർദ്ദവാഹിനിയുടെ സൂചി എന്തുപറയുന്നു?'

'ഭയപ്പെടാനൊന്നുമില്ല.'

'എങ്കിലും എന്റെ ഹൃദയം ആഞ്ഞിടിക്കുന്നു!'

'ഹോ! മൂച്ചൊക്കെപ്പോയോ?'

'അതുകൊണ്ടൊന്നുമല്ല! എത്രയാണെങ്കിലും അജ്ഞാതമായ ലോകത്തിലല്ലേ ചെന്നിറങ്ങുന്നത്!'

'ആയാലെന്ത്?'

'ഒന്നുമില്ല. ചെറിയ ഒരു കിടുകിടുപ്പ്!'—അവർ രണ്ടുപേരും നല്ലതുപോലെ ചിരിച്ചു. യാത്രചെയ്തുകൊണ്ടിരുന്ന കൃത്രിമഗോളത്തിന്റെ പുറത്ത് ചരൽമണ്ണുകഠം വാരിയെറിയുന്നമാതിരി എന്തൊക്കെയോ വന്നുവീഴുന്ന ശബ്ദം കേട്ടുകൊണ്ടിരുന്നു. അത് ചൊവ്വായുടെ അന്തരീക്ഷത്തിലായപ്പോഠം വളരെ കുറഞ്ഞു. ഉൽക്കാപിണ്ഡങ്ങഠം അതിന്റെ പുറത്ത് പതിക്കുന്ന ശബ്ദമായിരുന്നു അതെന്ന് രഘുവിനും രവിക്കും അറിയാമായിരുന്നു!

'അരപതു നാഴികയോളമേയുള്ളു.'

'പ്രാണവായുവിന്റെ സിലണ്ടറുകഠം....'

'ഒക്കെ ശരിതന്നെ. മാസ്കും കുഴപ്പമില്ലാതെ പ്രവത്തനക്ഷമമാക്കിവെച്ചിട്ടുണ്ട്.'

'പ്രാണവായുവിൻെറ സ്ഥിതിയെങ്ങിനെ അന്തരീക്ഷത്തിൽ?'

'നിസ്സാരമല്ല.'

'ഉപകാരമായി.'

'ഇനി ഇരുപതുനാഴികമ്പോളം മതി. എത്ര അഴകുള്ള പ്രകൃതിയാണിവിടെ!'

'കേരളക്കരയുടെ മുകളിൽക്കൂടി വിമാനത്തിൽ പോകുമ്പോഠം തെങ്ങിൻതോപ്പുകഠംകൊണ്ടു് പൊതിഞ്ഞുനിൽക്കുന്ന പ്രകൃതിപോലെ തോന്നുന്നു അല്ലേ?'

'അതെ! കൊച്ചുകുന്നുകളും കുറവല്ല.'

'നമുക്കു് സമതലപ്രദേശത്തുവേണം ഇറങ്ങാൻ.'

'പ്രോപ്പല്ലർമോട്ടോർ പ്രവർത്തിച്ചുതുടങ്ങട്ടെ?'

'ആകട്ടെ! താമസിക്കണ്ടാ.'

'ഇതാ, സ്റ്റാർട്ടുചെയ്തുകഴിഞ്ഞു! ഇനി നമുക്കു് ഇഷ്ടമുള്ള സ്ഥാനത്തേക്കു് റോക്കറ്റിനെ നിയന്ത്രിച്ചു നയിക്കുവാൻ സാധിക്കും.'

'സ്പ്രിംഗ്‌വീലുകഠം പുറത്തേക്കു് ആക്കട്ടെ?'

'ശരി'—എന്നു പറഞ്ഞുകൊണ്ടു് രവി ബട്ടൺ അമർത്തി—'വീലുകഠം സ്ഥാനത്തു് പുറത്തേക്കു് ഇറങ്ങിയില്ലേ?'

'ഇറങ്ങി. ഓബ്സർവേഷൻ ജനാലവഴി അവ കാണാം.'

'അതാ! അക്കാണുന്നതു് ഒരു കൊച്ചുജലാശയമാണെന്നു തോന്നുന്നു.'

'അതിൽ ചെന്നു വീഴരുതു്.'

'കുറച്ചു മാററി ഇറക്കിയാൽ മതി. അതിൻെറ കരയിലെ കൊച്ചുമൈതാനത്തിൽ.'

'സൂക്ഷിക്കണം. വളരെ സൂക്ഷിക്കണം.'

രവിയും രഘുവും റോക്കററ് അപകടംകൂടാതെ ഇറക്കു വാനുള്ള പ്രവൃത്തികളിൽ ഏർപ്പെട്ടു.

അല്പസമയം കഴിഞ്ഞപ്പോൾ റോക്കറ്റ് സാവകാശമായി ഒരു മൈതാനത്തിൽ ചെന്നിറങ്ങി.

'എങ്ങിനെയിരുന്നു ഇറക്കം?'—രവി ചോദിച്ചു. അയാളുടെ മുഖം പ്രസന്നമായിരുന്നു. ചുണ്ടുകളിൽ ഒരു പുഞ്ചിരി തത്തിക്കളിച്ചു.

'നന്നായി'—രഘു ഹസ്തദാനം ചെയ്തുകൊണ്ട് പറഞ്ഞു: 'ഇടത്തെ സ്പ്രിംഗ്‌വീലാണ് കൂടുതൽ അമന്നതെന്നു തോന്നുന്നു. സാരമില്ല.'

'ഭൂമിയിലേക്ക് വിവരം അറിയിക്കേണ്ടെ?'

'വേണം. അമാന്തിക്കാതെ ചെയ്യാം'—രഘു ഭൂമിയുമായി റേഡിയോസമ്പക്കം സ്ഥാപിക്കുവാനുള്ള ശ്രമത്തിൽ പ്രവേശിച്ചു. കൃത്രിമഗോളത്തിൻെറ പുറത്ത് ഉയൻനിന്നിരുന്ന പ്രസരിണി പ്രവത്തിച്ചുതുടങ്ങി. രവി ഓബ്സർവേഷൻ ജനാലവഴി അവർ ചെന്നിറങ്ങിയ സ്ഥാനത്തിൻെറ പ്രത്യേകതകൾ നിരീക്ഷിക്കുകയാണ്. ഭൂമിയിലെപോലെയുള്ള വൃക്ഷങ്ങൾ അവിടെങ്ങും കാണുന്നില്ല. എങ്കിലും സസ്യങ്ങൾ കുറവല്ലെന്നു നിശ്ചയമാണ്. പനമരംപോലെ ഉയൻനിൽക്കുന്ന സസ്യങ്ങളും പുല്ലുപോലെ പൊതിഞ്ഞുവളരുന്ന കൊച്ചുചെടികളും അവിടെല്ലാമുണ്ട്. എന്നാൽ പുഷ്പങ്ങളൊന്നും അവയിൽ കാണാനില്ല. തവിട്ടുനിറം കലന്ന പച്ചയാണ് അവിടൊക്കെ. സൂകരികളും ശേവാലങ്ങളും പന്നവർഗ്ഗങ്ങളും ആണ് അവ അധികവും എന്നു് അയാൾക്കു് തോന്നി. വെളിയിലത്തെ ജലാംശം അറിയുന്നതിനുവേണ്ടി ജലാംശവാഹിനി അയാൾ പരിശോധിച്ചു. ജലാംശവും പ്രാണവായുവും ഉണ്ട്. എന്നാൽ ഭൂമിയിലെ അന്തരീക്ഷത്തിൻെറ തോതിൽ ഉണ്ടെന്നു പറഞ്ഞുകൂടാ.

'രവീ! രവീ!'—രഘു്വിന്റെ വിളികേട്ട് അയാറം അങ്ങോട്ട പോയി. രഘുവിന്റെ നെറ്റിയിലും മുഖത്തുമെല്ലാം വിയർപ്പുതുള്ളികറം പൊടിച്ച് ഒഴുകിത്തുടങ്ങിയിരുന്നു. വല്ലാതെ വിവശനായിട്ടാണ് അയാറം റേഡിയോപ്രവത്തനോപകരണങ്ങറം പ്രവത്തിച്ചുകൊണ്ടിരുന്നതു്. ക്ഷീണിതനായി കാണപ്പെട്ട കൂട്ടുകാരനോട് ബദ്ധപ്പെട്ടു് രവി ചോദിച്ചു....

'എന്താ? കുഴപ്പം വല്ലതും ഉണ്ടോ?'

'ഉണ്ട്'—രഘു ദീർഘനിശ്വാസം വിട്ടു.

'പറയൂ!'

'എന്തു് പറയാനാണു്! ഭൂമിയുമായി സമ്പക്കം പുലത്താൻ കഴിയുന്നില്ല.'

'കഴിയുന്നില്ല?'

'അതെ!'

'ആപത്തായല്ലോ?'

'എന്തുചെയ്യും?'

'ഒന്നും ചെയ്യാനില്ല; വരുന്നതു് അനുഭവിക്കുകയല്ലാതെ!'

'കുഴപ്പം എന്താണു്?'

'യന്ത്രസാമഗ്രികറംക്കു് തകരാറൊന്നുമില്ല. എല്ലാം പ്രവത്തനക്ഷമംതന്നെ.'

'പിന്നെ ഭൂമിയുമായി സമ്പക്കം പുലത്താൻ എന്താണ് വിഷമം?'

'താത്വികമായി പറഞ്ഞാൽ ഒന്നുമില്ല. എന്നാൽ സാധിക്കുന്നില്ലെന്നുള്ളതാണ് പരമാത്ഥം.'

'കുഴഞ്ഞതല്ലോ കാര്യം'—രഘു അടുത്തുകിടന്നിരുന്ന കൊച്ചുകസേരയിൽ ഇരുന്നു. അയാളുടെ മുഖത്തു് നിരാശയുടെ നിഴൽ തടിച്ചുകൂടിയിട്ടുണ്ടു്. ശരീരമാസകലം വിയത്തുകുഴിഞ്ഞിട്ടു

ണ്ട്. രവി അങ്ങോട്ടുമിങ്ങോട്ടും അസ്വസ്ഥനായി നടക്കുകയാണ്.

'എന്താണൊരു പോംവഴി?'

'ഇങ്ങോട്ടു വരൂ, രവി!'—ജനാലവഴി പുറത്തേക്ക് സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കുന്ന രഘു അത്ഭുതവിവശനായി രവിയെ വിളിച്ചു.

'ഈ ദൂരദർശിനിയിൽക്കൂടി ഒന്നു നോക്കൂ!'

രവി ദൂരദർശിനിയിൽക്കൂടി പുറത്തേക്ക് നോക്കി. അത്ഭുതപ്പെട്ട് അയാറം വിളിച്ചുപറഞ്ഞു—'അതെന്താണ്?'

'ഏതോ രൂപങ്ങറം ചലിക്കുന്നതുപോലെ കാണുന്നില്ലേ?'

'അതെ!'

'ജന്തുക്കറം....?'

'ആണോ?'

'ആയിരിക്കണം.'

'അതാ! ഒന്നും രണ്ടുമല്ല. ഒരു കൂട്ടംതന്നെയില്ലേ?'

'ഉണ്ടല്ലോ!'

'അവ ചലിക്കുന്നത് ചിട്ടയോടുകൂടി ഒന്നിച്ചാണല്ലോ.'

'അതെ!'

'അവയുടെ ആകൃതി നോക്കൂ.'

'വട്ടത്തിൽ കാണുന്നത് തലയല്ലേ?'

'അതെ!'

'മനുഷ്യരൂപം തന്നെ. പക്ഷെ തലയുടെ വലിപ്പം നോക്കൂ! തലയാണല്ലോ ആകപ്പാടെ ഏറ്റവും വലുത്!'

'അവയവങ്ങറം മെലിഞ്ഞു്....'

'അത്ഭുതംതന്നെ!'

'അവർ എന്തൊക്കെയോ ചെയ്യുന്നുണ്ട്.'

'ഭൂമിയിൽ നാം വെക്കാറുള്ള റാഡർ ടെലിസ്കോപ്പു പോലെ....അതെന്തായിരിക്കും!...'

'എനിക്കൊന്നും മനസ്സിലാകുന്നില്ല....'

'അതാ നമ്മുടെ റേഡിയോ സിഗ്നൽ വിളക്ക് പ്രകാശിക്കുന്നു.' രവി ചാടിയെഴുന്നേററുകൊണ്ട് പറഞ്ഞു—'രഘു! രഘു സ്വിച്ച് ഇട്ടോ?'

'ഇല്ല.'

'പിന്നെ എങ്ങിനെ അതു് കത്തി?'

'എനിക്കറിഞ്ഞുകൂടാ!'—അവർ അത്ഭുതസ്തബ്ധരായി. ആ വിളക്കുനോക്കി ഇരിപ്പായി. അപ്രതീക്ഷിതമായി അവിടത്തെ റേഡിയോവിൽക്കൂടി ചില ശബ്ദങ്ങൾ കേട്ടുതുടങ്ങി. രഘുവിനും രവിക്കും ചലിക്കുവാൻ കഴിഞ്ഞില്ല. എന്താണ് സംഭവിക്കാൻപോകുന്നതെന്നു് ഒരു തിട്ടവുമില്ല. റേഡിയോവിൽക്കൂടി പുറപ്പെട്ട ശബ്ദം വെള്ളം കലങ്ങിത്തെളിയുന്നതുപോലെ അവക്കു പരിചിതമായ ഭാഷയിൽ വാക്കുകളായി രൂപാന്തരപ്പെട്ടു. അവർ അത് ശ്രദ്ധിച്ചുകൊണ്ടു് നിശ്ചലരായി ഇരുന്നു:—

'ഭൂമിയിൽനിന്നു് ആദ്യമായി ഇവിടെ എത്തിയ നിങ്ങൾക്കു് സ്വാഗതം! ഞങ്ങളുടെ അനുമോദനങ്ങൾ! നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങളുടെ മിത്രങ്ങൾതന്നെയാണു് ഞങ്ങൾ. നിങ്ങളുടെ റേഡിയോ നിയന്ത്രിക്കുന്നതു് ഞങ്ങൾതന്നെ! കുജനിയന്മാർ.' അല്പനേരത്തേക്കു് നിശ്ശബ്ദതയായി. രവിയും രഘുവും അനങ്ങിയില്ല. അനങ്ങാൻ അവക്കാവാത്തതുപോലെ റേഡിയോ ഡയലിൽ നോക്കിക്കൊണ്ടു് ഇരിക്കുകയാണു്.

അവക്ക് അവരുടെ കാതുകളെ വിശ്വസിക്കുവാൻ സാധിച്ചില്ല. അതാ പിന്നെയും റേഡിയോവിൽക്കൂടി വാക്കുകൾ ചോർന്നു വീഴുന്നു:—

'കുജേനിയന്മാർ നിങ്ങളെ സ്വാഗതം ചെയ്യുന്നു. അത്ഭുതപ്പെടേണ്ടാ. ഞങ്ങൾ നിങ്ങളോട് സംസാരിക്കുന്നതു് ട്രാൻസ്ലേറ്റോസ്കോപ്പുവഴിയാണു്. നിങ്ങൾക്ക് അറിയിക്കാനുള്ളതു് നിങ്ങളുടെ റേഡിയോ സ്പീക്കറിൽ പറയുക. അത് ഞങ്ങളുടെ ട്രാൻസ്ലേറ്റോസ്കോപ്പ് ഞങ്ങളുടെ ഭാഷയാക്കി ഞങ്ങളോട് പറഞ്ഞുകൊള്ളും. ഞങ്ങളുടെ ഭാഷയിൽ സംസാരിക്കുന്നത് നിങ്ങളുടെ ഭാഷയിലായി നിങ്ങൾ കേൾക്കുന്നില്ലേ? അതുപോലെതന്നെ!' പിന്നെയും റേഡിയോ നിശ്ശബ്ദമായി.

'ഇതെന്തു മറിമായമാണു് രഘൂ!'—രവി രഘുവിൻെറ തോളിൽ വിറയ്ക്കുന്ന കൈ വെച്ചുകൊണ്ടു് പതുക്കെ പറഞ്ഞു.

'ഇത് മറിമായമൊന്നുമല്ല. നിങ്ങൾ ഇങ്ങോട്ട് യാത്രയായപ്പോൾതന്നെ ഞങ്ങൾ എല്ലാം അറിഞ്ഞുകഴിഞ്ഞു.' റേഡിയോവിൽക്കൂടി കുജേനിയർ പറഞ്ഞു.

'ഞാൻ അവരോട് സംസാരിക്കട്ടേ രവീ?'

'ഓ! നോക്കൂ!'—രഘു റേഡിയോയുടെ സ്പീക്കറിൽക്കൂടി സംസാരിച്ചു. അയാളുടെ ശബ്ദം പതറുന്നുണ്ടായിരുന്നു—'കുജേനിയൻ സഹോദരങ്ങളെ! ഞങ്ങളുടെ നന്ദി! ഞങ്ങൾ മിത്രങ്ങൾതന്നെ.' രവി നിർത്തി.

റേഡിയോയിൽക്കൂടി കുജേനിയർ പറഞ്ഞു: 'അത് ഞങ്ങൾക്കറിയാം. എത്രയോപ്രാവശ്യം നിങ്ങളുടെ ഭൂമി സന്ദർശിച്ചു മടങ്ങുവാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ടു്. നിങ്ങൾക്കു് ഇപ്പോഴല്ലേ ഇങ്ങോട്ട് വരുവാൻ സാധിച്ചുള്ളു!'

രവി റേഡിയോയിൽക്കൂടി സംസാരിച്ചു. 'ഇടയ്ക്കു് തടസ്സപ്പെടുത്തുന്നത് ക്ഷമിക്കണം. നിങ്ങൾ എങ്ങിനെയാണു് ഭൂമിയിൽ എത്തിയത്?'

'അതു വളരെ നിസ്സാരമായ ഒരു കാൎയ്യമാണു് ഞങ്ങൾക്കു്.'

'യന്ത്രസഹായത്താലാണോ?'

'അതെ! റേഡിയോബീമിൽക്കൂടി സഞ്ചരിക്കുവാൻ സാധിക്കുന്ന യാനപാത്രങ്ങൾ ഞങ്ങൾക്കുണ്ടു്. ഒരുകാലത്തു് ഞങ്ങളും നിങ്ങളുടെ ഇന്നത്തെനിലയിൽ എത്തിയിരുന്നു. ഇന്നു് ഞങ്ങളുടെ നില ആലോചിക്കുമ്പോൾ നിങ്ങൾ പാവകൾകൊണ്ടു് കളിക്കുന്ന കുട്ടികളുടെ നിലയിലെ എത്തിയിട്ടുള്ളു.' ആകൃതിയും പ്രകൃതിയും നിങ്ങളെപ്പോലെ—മനുഷ്യരെപ്പോലെ—തന്നെ ആയിരുന്നു.'

'ക്ഷമിക്കണം. പിന്നെ ഈ രൂപത്തിലായതു് എങ്ങിനെ?'

'പറയാം'—റേഡിയോയിൽക്കൂടി കുജേനിയന്റെ ശബ്ദം പ്രസരിച്ചുതുടങ്ങി—'പത്തുപതിനായിരം ഈനോൻസിനുമുമ്പു് —ഒരു ഈനോൻ എന്നു പറയുന്ന കാലഗണന നിങ്ങളുടെ പതിനയ്യായിരം വൎഷങ്ങളാണെന്നു പറയാം—ഇന്നു് നിങ്ങൾക്കു എത്തുവാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു ശാസ്ത്രീയപുരോഗമനദശയെ ഞങ്ങൾക്കു് പ്രാപിക്കുവാൻ സാധിച്ചു. ശാസ്ത്രപുരോഗതിയുടെ സഹായത്താൽ ഞങ്ങൾ ഒരു യന്ത്രയുഗം കെട്ടിപ്പടുത്തു. കുജേനിയന്മാൎക്കു് തലച്ചോറുകൊണ്ടുള്ള പ്രയത്നമേ ആവശ്യമുള്ളു എന്ന നിലയിലായി. ഏതിനും യന്ത്രങ്ങളുണ്ടു്. അതു് പ്രവൎത്തിപ്പിക്കുന്നതിനുള്ള ബുദ്ധികേന്ദ്രം കുജേനിയന്റെ തലച്ചോറു് ആയി. ഞങ്ങൾക്കു ശരീരത്തിലെ മററു അവയവങ്ങൾകൊണ്ടുള്ള ആവശ്യം ഇല്ലാതായി. തലമാത്രം ഉപയോഗംകൊണ്ടു് വളൎന്നു. മററുള്ള അവയവങ്ങൾ ശുഷ്കിച്ചു. തലമാത്രം വലുതായി. നിങ്ങൾ ഞങ്ങളെ കാണുന്നതു് അങ്ങിനെയാണല്ലോ. എന്തു ജോലിയും സംവിധാനം ചെയ്യുന്നതിനും പ്രയോഗത്തിൽ കൊണ്ടുവരുന്നതിനും അവയ്ക്കു് ഫലം നിൎണ്ണയിക്കുന്നതിനും യന്ത്രങ്ങളുണ്ടായി. യന്ത്രത്തിന്റെ ഒരംശമെന്നനിലയിൽ ഞങ്ങൾ തരംതാണു. മനുഷ്യരുടെ ബുദ്ധിയിൽ ഇരിക്കുന്ന

കാര്യങ്ങൾ ഞങ്ങൾക്കു മനസ്സിലാക്കുവാൻ സഹായിക്കുന്ന യന്ത്രങ്ങളുണ്ട്. മനുഷ്യൻ ചിന്തിക്കുന്നതെന്തെന്ന് അറിയുന്നതിന് യന്ത്രമുണ്ട്. എന്തിന്? ഇതിൻെറയൊക്കെ ഫലമായി രഹസ്യമെന്നൊരു കാര്യം ഒരാളുടെ മനസ്സിൽപോലും വെയ്ക്കാൻ വയ്യാതായി. രഹസ്യമില്ലാത്തുള്ള ജീവിതം! ഒന്നാലോചിച്ചുനോക്കൂ! അതിൻെറ കഷ്ടപ്പാടുകൾ ഒന്നു ഭാവനചെയ്തുനോക്കൂ!........ഇതിൻെറ ഫലമായി ഇന്നു നിയമംമൂലം യന്ത്രങ്ങളുടെ ഉപയോഗം നിരോധിച്ചിരിക്കുകയാണ്. ആയിരം ഈനോൻസായി ഞങ്ങൾ ഇന്നാദ്യമായിട്ടാണ് യന്ത്രങ്ങൾ ഉപയോഗിക്കുന്നത്. അത് നിങ്ങളുമായി ആശയം പകരുന്നതിനുവേണ്ടിമാത്രം. നിങ്ങളുടെ വരവറിഞ്ഞു അതിന് ഇന്നു് ഭേദഗതിയുണ്ടാക്കിയതാണ്. ഇത് കഴിഞ്ഞാൽ ഈ യന്ത്രസാമഗ്രികൾ വീണ്ടും ഉപയോഗിക്കാൻ കഴിയാതാവും. മററുള്ളവരുടെ മനസ്സിലെ വിവരങ്ങൾ അറിയുന്നതിന് സഹായിക്കുന്ന 'സീക്രട്ടോസ്കോപ്പ്' ഉപയോഗിക്കുന്നത് മരണശിക്ഷയ്ക്കു് ഇടവരുത്തുന്ന കുററമാണ്. അങ്ങിനെ അത് നിരോധിച്ചിരിക്കുന്നു. ക്ഷയിച്ചു ക്ഷയിച്ചു ശുഷ്കിച്ചുപോയ അവയവങ്ങളെ വീണ്ടെടുക്കുന്നതിനുള്ള പരിശ്രമമാണ് ഇന്നു നടക്കുന്നത്. ഒരു യന്ത്രയുഗത്തിലേക്ക് കുതിച്ചുകയറുവാൻ കൊതിച്ചുകൊണ്ടിരിക്കുന്ന നിങ്ങളെ ഓർമ്മിയ്ക്കുമ്പോൾ ഞങ്ങൾക്കു് സഹതാപം തോന്നാറുണ്ട്."—ഈ വാക്കുകൾ രഘുവിനേയും രവിയേയും വല്ലാതെ വശീകരിച്ചു. വല്ലാത്ത ആത്മാർത്ഥത ആ വാക്കുകളിൽ കലന്നിരുന്നു. അവർ പരസ്പരം ഒന്നും പറഞ്ഞില്ല. സ്പീക്കറിൽക്കൂടി പിന്നെയും വാക്കുകൾ പുറത്തേക്ക് വരാൻതുടങ്ങി:—

'ഇനി മറെറാന്നുകൂടി! ശാസ്ത്രമാകുന്ന മാജിക്കുകാരൻ നൽകിയിട്ടുള്ള ചില പാവകളും പാറക്കല്ലുകളും കണ്ടു ഭ്രമിച്ചു് അതുകൊണ്ടു് കളിക്കുവാൻ കൊതിക്കുന്ന കുട്ടികളാണ് നിങ്ങൾ—മനുഷ്യർ! അത്തരം പാവകളേക്കാൾ പ്രധാനമായത് പലതും ഇല്ലേ ജീവിതത്തിൽ? ഉണ്ടെന്നു് ഞങ്ങൾ അനുഭവിച്ചറിഞ്ഞതവ

രാണ്. നിങ്ങൾ ഭൂമിയിൽ മടങ്ങിയെത്തുമ്പോൾ ഞങ്ങൾ പറഞ്ഞ പരമാത്ഥങ്ങൾ അവിടെ പ്രചരിപ്പിക്കുക. ഇനി നിങ്ങൾക്ക് ഭൂമിയുമായി സമ്പക്കത്തിൽ ഏപ്പെടാം. ഇതുവരെ അത് തടസ്സപ്പെടുത്തിവെച്ചത് ഞങ്ങളാണ്. പിന്നെ ഒന്നുകൂടി! നിങ്ങളെ റേഡിയോ ബീംവഴി ഞങ്ങൾ ഭൂമിയിലേക്ക് തിരിച്ചയച്ചുകൊള്ളാം. നിങ്ങൾ വന്ന കൃത്രിമഗോളവും റോക്കററും എല്ലാംകൂടി ആ ബീംവഴി അരമണിക്കൂറിനകം ഭൂമിയിലെത്തിക്കൊള്ളും.' റേഡിയോ റിസീവറിലെ ചുവന്ന വിളക്ക് അണഞ്ഞു. രഘു അതിൻെറ സമീപത്തേക്ക് നീങ്ങിയിരുന്നു. ഭൂമിയുമായി റേഡിയോ സമ്പക്കം പുലത്തി.

അർ മണിക്കൂർ കഴിഞ്ഞപ്പോൾ അവക്ക് ഭാവനയിൽ പോലും പ്രതീക്ഷിക്കാൻ കഴിയാത്ത വേഗത്തിൽ ഭൂമിയിലേക്കു സഞ്ചരിച്ചുതുടങ്ങി. അവരുടെ യന്ത്രങ്ങളൊന്നും പ്രവത്തിച്ചില്ല. എങ്കിലും അവർ പ്രകാശത്തിൻെറ വേഗത്തേക്കാൾ കൂടുതൽ വേഗത്തിൽ ഭൂമിയിലേക്ക് യാത്രയായി.

യുറാനസ്സിൽനിന്നു് ഒരതിഥി

റേഡിയോ വാങ്ങിയശേഷം ഗോപാൽ സകല സമയവും അതിൻെറ സമീപത്താണു്. ഓരോ കേന്ദ്ര ങ്ങളിൽനിന്നു പ്രക്ഷേപണം ചെയ്യുന്ന പരിപാടികഠം മുറയ്ക്കു ശ്രദ്ധിക്കുക; ഒന്നുകഴിഞ്ഞാൽ അടുത്തതിലേക്കു് തിരിച്ചുവെക്കുക. ആഹാരം കഴിക്കാനും മററു ദിനകൃത്യങ്ങഠം നടത്താനുമല്ലാതെ അവിടെനിന്നും മാറാൻ അയാഠംക്കു് ഇഷ്ടമില്ല. ഇങ്ങനെ പകൽ പത്തുമണിക്കൂറും രാത്രിയിൽ എട്ടുമണിക്കൂറുമെങ്കിലും അയാഠം റേഡിയോവുമൊത്താണു്. കാമുകിയുടെ സന്നിധിയിൽ സവ്വവും മറന്നു സല്ലപിച്ചു് സമയം ചിലവാക്കുന്ന ഒരു കാമുകനെപ്പോലെയാണു് അയാഠം. ജഡവസ്തുവായ റേഡിയോവോടു് എന്താണിത്ര അടുപ്പം? ഇങ്ങനെ അവസാനമില്ലാത്ത രസം ഈ റേഡിയോസൂചി തിരിച്ചുവെച്ചുകൊണ്ടിരിക്കുന്നതിലുണ്ടോ?

ഗോപാലിൻെറ അമ്മയും സഹോദരങ്ങളും ആദ്യം അതു് അത്ര ശ്രദ്ധിച്ചില്ല. കുറച്ചുനാളത്തേക്കു്, പുതുമ നഷ്ടപ്പെടുന്നതുവരേക്കു്, അയാഠം അവിടെ കുത്തിയിരിക്കുമെന്നേ അവർ കരുതിയുള്ളു. അതിനാൽ ആദ്യം അവരും ഗോപാലിൻെറ റേഡിയോപ്രേമം അധികം വകവെച്ചില്ല. ഇന്നു് സംവത്സരംതന്നെ രണ്ടു കഴിഞ്ഞിരിക്കുന്നു. ഇന്നും മറേറാന്നിലും ഒരു ശ്രദ്ധയും താല്പയ്യവുമില്ലാതെ ഗോപാൽ റേഡിയോയുടെ അടുത്തതന്നെയാണിരിപ്പു്. അതു തിരിച്ചുവെച്ചുകൊണ്ടു് ഓരോരോ റേഡിയോസ്റ്റേഷനുകളിൽനിന്നു വരുന്ന പരിപാടികഠം ശ്രദ്ധിക്കുക.

ലോകത്തിലെ മിക്കവാറും എല്ലാ സ്റ്റേഷനുകളെക്കുറിച്ചും അയാഠംക്ക് നല്ല ബോധമുണ്ട്. അവയെപ്പററിയുള്ള വിവരങ്ങഠം ചോദിച്ചാൽ മറുപടി പറയുവാൻ താമസമൊന്നും ഗോപാലിനുവേണ്ട. ഏതെല്ലാം മീററുകളിൽ ആണ് പ്രക്ഷേപണം ചെയ്യുന്നത്, അവരുടെ സിഗ്നലുകളുടെ പ്രത്യേകതകളെന്തു്? സ്റ്റേഷനുകളെ തിരിച്ച് അറിയുവാനുള്ള മാർഗ്ഗങ്ങളെന്തു്? എന്തുവേണമെങ്കിൽ ചോദിച്ചുകൊള്ള ഗോപാൽ നിങ്ങഠംക്കു തൃപ്തിയുണ്ടാക്കുന്ന ഉത്തരം തരും.

ആറുമാസം മുമ്പ് മൈക്രോവേവ് റിസീവിങ്ങ് സെററ് ഒന്നു വാങ്ങിച്ചു. അയാളുടെ വീട്ടുകാർ കരുതിയതു് പുതിയ സെററ് കൂടുതൽ സൌകര്യമായി പരിപാടികഠം കേഠംക്കുവാൻ സഹായിക്കുന്ന ഒന്നായിരിക്കുമെന്നാണു്. പരിപാടികളോ മററു വിനോദകാര്യങ്ങളോ അതുവഴി സ്വീകരിക്കുന്നതിനു് സാധിക്കുന്നതല്ലെന്നും അത് സന്ദേശങ്ങൾ സ്വീകരിക്കുവാൻ ഉപകരിക്കുന്ന ഒന്നുമാത്രമാണെന്നും അറിഞ്ഞപ്പോൾ അവർ അത്ഭുതപ്പെട്ടു. വിവിധരീതിയിലുള്ള, അർത്ഥം അഴിച്ചെടുക്കുവാൻ വിഷമമുള്ള സിഗ്നലുകളാണു് അതിൽ കേൾക്കാവുന്നത്. വിവിധകേന്ദ്രങ്ങളിൽനിന്നു് പ്രക്ഷേപണം ചെയ്യുന്ന റേഡിയോ ടെലിഗ്രാഫ്, റേഡിയോ ടെലിഫോൺ വിവരങ്ങളാണു്. ഇതിൽ കാത് ഉറപ്പിച്ചിരിക്കുവാൻ എന്താണിത്ര കൌതുകം? "ടക് ടക് ടകടക" എന്നിങ്ങനെ വിരാമമില്ലാതെ മോർസ് സിഗ്നലുകളിൽ എന്തു സംഗീതമാണു്?

മകൻ മററു കാര്യങ്ങളിലൊന്നും താല്പര്യമില്ലാതെ സാധാരണജീവിതത്തിൽനിന്നു് അകന്നുകന്നുപോകുന്നത് വളരെ വേദനയോടെ കല്യാണിയമ്മ വിചാരിക്കാറുണ്ട്: എഞ്ചിനിയർപരീക്ഷയിൽ ഉന്നതമായ ബിരുദം സമ്പാദിച്ചത് വീട്ടിലെ ഒരു മുറിയുടെ മൂലയിൽ കഴിഞ്ഞുകൂടുവാനാണോ? അവൻെറ ആശയനുസരിച്ചുള്ള കാര്യങ്ങളൊക്കെ പഠിക്കുന്നതിനു്

അവസരം കൊടുത്തു് മിടുക്കനാക്കിയത് മൂകനായി കഴിയുവാനാണോ? അമ്മയോടുപോലും അവൻ സംസാരിച്ചിട്ടു് എത്ര നാളുകളായി. ആഹാരം കഴിച്ചുകൊണ്ടിരിക്കുമ്പോഠംപോലും അവൻെറ ചിന്തകഠം മറെറവിടെയോ അലഞ്ഞുതിരിയുകയാണെന്നു് മുഖഭാവം വിളിച്ചുപറയാറുണ്ടു്. മുമ്പിൽ മേശപ്പുറത്തു വെയ്ക്കുന്ന ആഹാരം അവിടിരുന്നു ശ്രദ്ധയില്ലാതെ കഴിക്കും. എന്തെങ്കിലും ചോദിച്ചാൽ വാലും തലയുമില്ലാത്ത ഉത്തരമാണു് പറയുന്നതു്. അവൻെറ താല്പര്യം അവിടെങ്ങുമല്ല.

എന്നാൽ റേഡിയോ സിഗ്നലുകളുടെ കാര്യമെന്തെങ്കിലും ചോദിക്കണം: ഗോപാലിൻെറ മുഖം വികസിക്കും. സന്തോഷാധിക്യത്താൽ കണ്ണുകഠംപോലും ചിരിക്കുന്നതുപോലെ തിളങ്ങും. ലോകത്തിൻെറ വിവിധദേശങ്ങളിൽനിന്നു് അയക്കപ്പെടുന്ന റേഡിയോ സിഗ്നലുകഠം, അവയുടെ പ്രത്യേകതകഠം, അവ അയക്കുന്നതിനുള്ള ഫ്രീക്വൻസികഠം, അവയെ മനസ്സിലാക്കുന്നതിനുള്ള വിദ്യകഠം—അങ്ങിനെ ദീർഘമായി വാചാലതയോടെ അവൻ സംസാരിക്കും. ശ്വാസം വിടുന്നതിനുപോലും സമയം എടുക്കാതെ വികാരവിവശനായി വിശദീകരിക്കും. ശരിക്കു മനസ്സിലാക്കപ്പെടാതെ, അവഗണിക്കപ്പെട്ടുകിടക്കുന്ന ഒരു ചിത്രകാരനെ അപൂർവ്വമായിട്ടു് ആരെങ്കിലും സന്തോഷത്തോടെ, സന്മനസ്സോടെ സമീപിച്ചു് അയാളുടെ കലാസൃഷ്ടികളെപ്പററി സംസാരിച്ചാൽ ആ കലാകാരനുണ്ടാകുന്ന ആത്മസംതൃപ്തിയും സന്തോഷവും വാചാലതയും ഒന്നോർമ്മിച്ചുനോക്കുക. അതുപോലെ വികാരവിവശനായിട്ടാണു് ഗോപാലും റേഡിയോ തരംഗങ്ങളെപ്പററിയും മററും സംസാരിച്ചുതുടങ്ങിയാൽ പ്രസംഗിച്ചുതുടങ്ങുന്നത്. ആരംഭിച്ചുപോയാൽ പിന്നെ അത് അവസാനിക്കുവാൻ എന്തൊരു വിഷമമാണു്. അയാൾ പറയുന്ന കാര്യങ്ങൾ വിശദീകരിക്കുവാൻ അയാൾ പലപ്പോഴായി റെക്കാർഡുചെയ്തിട്ടുള്ള അനവധി സിഗ്നലുകഠം

നിങ്ങളെ കേൾപ്പിക്കും. അനന്തകോടി നാഴിക അകലത്തുനിൽക്കുന്ന ജ്യോതിസ്സുകളിൽനിന്നു് അനവരതം പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുന്ന റേഡിയോ സിഗ്നലുകളുടെ അടിസ്ഥാനമെന്തു്? അതിന്നു് ആസ്പദമായ ശക്തിവിശേഷമെന്തു്? അവയ്ക്കു ശരിയായ പരസ്പരബന്ധമുണ്ടോ? ഉണ്ടെങ്കിലെന്തു്? അവ യാദൃച്ഛികമായ സംഭവമാണോ? അതോ അതിന്റെ പിറകിൽ ശരിയായ കാര്യകാരണബന്ധങ്ങളോ ബുദ്ധിയുപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനമോ ഉണ്ടോ?.......ഇങ്ങനെയുള്ള പ്രശ്നങ്ങളിലായിരിക്കും ഗോപാൽ ചെന്നെത്തുന്നതു്. അയാൾ അവയെപ്പററി അതിദീർഘമായി വികാരത്തോടെ, വീറോടെ സംസാരിക്കും. കേൾക്കുന്ന ആളിന്നു് കൌതുകമുണ്ടെന്നു കണ്ടാൽ കളിപ്പാട്ടങ്ങൾകൊണ്ടു് കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ അവയെപ്പററി ആസ്വദിച്ചുപറയുന്ന കഥകൾപോലെ അയാൾ അവസാനമില്ലാതെ തുടരും.

'ഇങ്ങനെ സമയം കളയുന്നതെന്തിനാണു് മോനേ?'—സിഗ്നൽസെററിന്റെ മുമ്പിൽ നിരർത്ഥകശബ്ദങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരുന്ന മകന്റെ മുറിയിലേക്കു് കടന്നുചെന്നു് ഗോപാലിന്റെ മാതാവു് ചോദിച്ചു. കുറെനേരമായി വാതുക്കൽ നിശ്ശബ്ദമായി നിന്നുകൊണ്ടു് അവർ ഗോപാലിനെ സൂക്ഷിക്കുകയായിരുന്നു. നേരം വെളുത്താൽ ആഹാരം കഴിക്കാനല്ലാതെ മറെറാന്നിനും അയാൾ റേഡിയോയുടെ മുമ്പിൽനിന്നു് എഴുനേല്ക്കാറില്ല. പലപ്പോഴും ആഹാരക്കാര്യംതന്നെ മറന്നെന്നിരിക്കും. പുത്രവത്സലയായ ആ മാതാവു് അയാരം മറന്നാലും അവനെ ഊട്ടാൻ വിസ്മരിക്കാറില്ല. അവരുടെ ചോദ്യം മകൻ കേട്ടതായി അവക്കു് തോന്നിയില്ല. അയാളുടെ അടുത്തെത്തി തോളിൽ തട്ടിയപ്പോൾ ഉറക്കത്തിൽനിന്നു് ഉണരുന്നതുപോലെ ഗോപാൽ ഞെട്ടിയുണന്നു.

'ങേ!'—

'ഞാൻ പറഞ്ഞത് നീ കേട്ടില്ലേ മോനേ?'—ആകപ്പാടെ ആ അമ്മയ്ക്കു് വിഷമം തോന്നി. അവരുടെ കണ്ഠം ഇടറി. ഇങ്ങനെ ഇതിൻെറ മുമ്പിൽ ഇരുന്നാൽ........അതിനൊരതിരില്ല്യോ'—മാതാവിൻെറ കണ്ണുകഠം നിറഞ്ഞു.

'ങേ! എന്താണമ്മേ! ഊണു് തയ്യാറായോ?'—ചുററുപാടെന്തെന്നറിയാത്തവനെപ്പോലെ ഗോപാൽ സംസാരിച്ചു. അമ്മ അവിടെ വന്നാൽ ഉണ്ണാൻ ക്ഷണിക്കാനായിരിക്കുമെന്നാണു് അവൻെറ വിശ്വാസം. അതനുസരിച്ചു് പറഞ്ഞതാണു്.

'നീ ഊണു കഴിച്ചതാ!'—മാതാവിൻെറ ഹൃദയം നൊന്തു. 'നിനക്കു് ഇവിടെ നടക്കുന്ന കാര്യങ്ങളൊന്നും ഓർമ്മയില്ലേ?'

'പിന്നെന്താണമ്മേ?'— ഗോപാൽ ഇളിഭ്യച്ചിരിയോടെ ചോദിച്ചു. ഏതോ മറയത്തം എഴുന്നെള്ളിച്ചെന്നു് അയാഠംക്കു തന്നെ തോന്നി.

'ഈ മുറിയിൽ സർവ്വസമയവും ഇരുന്നാൽ നിനക്കു് വല്ല സുഖക്കേടും വരും.'

'ഒന്നുമില്ലമ്മേ! ഞാൻ ഈ റേഡിയോ സിഗ്നലുകളെക്കുറിച്ചു് നടത്തുന്ന ഗവേഷണം എന്തൊക്കെ പുതിയ അറിവുകഠം മനുഷ്യർക്കു് നൽകുമെന്നറിയാമോ? അന്യഗോളങ്ങളിൽനിന്നു്—അനേകമനേകം കോടി നാഴിക അപ്പുറത്തുനിന്നു് റേഡിയോ തരംഗങ്ങളായി ഇതിൽക്കൂടി ഒഴുകിവരുന്ന ശബ്ദവീചികഠം എന്തൊക്കെ സന്ദേശങ്ങളാണു് ഇങ്ങെത്തിക്കുന്നതെന്നറിയാമോ?....ഇതൊക്കെ നിരർത്ഥകശബ്ദങ്ങളല്ലമ്മേ!'...അയാഠം ആവേശപൂർവ്വം അമ്മയെ വിശ്വസിപ്പിക്കുന്നതിനായി സംസാരിക്കുകയാണു്. റേഡിയോവീചികളെക്കുറിച്ചു് ഓർമ്മിച്ചപ്പോഠം അയാളുടെ മുഖം വികസിച്ചു. മുഖത്തു് നൂതനമായ ശോണിമ വളർന്നു. കണ്ണുകഠം പ്രകാശിച്ചു. റേഡിയോയുടെ സൂചി തിരി

ച്ചുകൊണ്ടു് അയാറം വീണ്ടും പ്രസംഗം തുടൻ. 'ഇതാ! ഇതൊന്നു കേട്ടുനോക്കു!....' അസുഖം ഉണ്ടാക്കുന്ന കുറെ ശബ്ദങ്ങറം റേഡിയോവിൽക്കൂടി പുറത്തേക്കു വന്നു. അതിൽ ഒരു അർത്ഥവും രസവും ആ അമ്മയ്ക്കു കാണുവാൻ കഴിഞ്ഞില്ല. സ്വർഗ്ഗീയ ഗാനതരംഗത്തിൽ ആകൃഷ്ടനായിരിക്കുന്ന ഭക്തശിരോമണിയെപ്പോലെ ഗോപാൽ റേഡിയോവിന്നടുക്കൽ ചെവിചേർത്തുകൊണ്ടു് ഇരിക്കുകയാണു്!

'ഈ അപശബ്ദങ്ങളിൽ എന്തിരിക്കുന്നു മോനെ?'

'ഇന്നുവരെ അറിയപ്പെട്ടിട്ടില്ലാത്ത രഹസ്യങ്ങറം ഈ തരംഗങ്ങളിൽ തത്തിക്കളിക്കുകയാണു്. ഞാൻ ആ രഹസ്യങ്ങറം വെളിപ്പെടുത്തുമമ്മേ! മനുഷ്യവിജ്ഞാനത്തിൻെറ പരിധിയിൽ ഇന്നുവരെ ഒതുങ്ങാതെ നിൽക്കുന്ന അനന്തമായ അറിവുകറം ഞാൻ ലോകത്തിനു് സമർപ്പിക്കും.'

മകനോടു് വാദപ്രതിവാദത്തിനൊരുങ്ങുന്നതുകൊണ്ടു് പ്രയോജനമില്ലെന്നു മനസ്സിലാക്കിയ മാതാവു് മുറിയിൽനിന്നു് പുറത്തേക്കു നടന്നു. 'ആകപ്പാടെ ഒരു കുഞ്ഞുണ്ടു്; അവൻ ഇങ്ങനെ തലതിരിഞ്ഞുപോയാൽ....' അകത്തുള്ള ആശയം വ്യക്തമാക്കിക്കൊണ്ടു് അവർ പതുക്കെ നടന്നു.

'ഒരുകാലത്തു്...എൻെറ ഈ ഇരിപ്പിൽ അമ്മ അഭിമാനം കൊള്ളും.'

'അതിനു് ഞാൻ കാണുമോ മോനെ!—'

ഗോപാൽ പിന്നെയും റേഡിയോവിൻെറ ഡയലിലേക്കു് ശ്രദ്ധിച്ചുകൊണ്ടു് ഇരിപ്പായി.

അയാറം ആറുമാസമായി തുടർച്ചയായി ശ്രദ്ധിക്കാറുള്ള ഒരു മീററർ ഇപ്പോഴും തിരിച്ചുവെച്ചു. അതിൽക്കൂടി വരാറുള്ള ശബ്ദങ്ങറംക്കു് ഒരു പ്രത്യേകസ്വഭാവവും പ്രത്യേകരീതിയും ഉണ്ടെന്നു് നേരത്തെതന്നെ മനസ്സിലാക്കിയിട്ടുണ്ടു്. അതിൻെറ

ഉത്ഭവസ്ഥാനം എവിടെ ആയിരിക്കുമെന്നും അതു് എങ്ങിനെ പുറപ്പെടുമെന്നും ഉള്ള അന്വേഷണമായിരുന്നു ഇതുവരെ നടത്തിയിരുന്നത്. അറിഞ്ഞുകൂടാത്ത ഏതോ ഭാഷയിലുള്ള പ്രക്ഷേപണം കേൾക്കുമ്പോൾ തോന്നാറുള്ള വിരസതയാണ് ആദ്യമാദ്യം അയാൾക്കുണ്ടായിരുന്നതു്. എന്നാൽ അതിൽ പ്രത്യേകതാല്പര്യം ഉണ്ടായാൽ ശബ്ദതരംഗങ്ങൾ ഉൾക്കൊള്ളുന്ന അർത്ഥമെന്തെന്ന് അന്വേഷിക്കുന്നതിനുള്ള ശ്രമമായി. ഇതുപോലെയാണ് ഗോപാൽ മൈക്രോവേവ് മീററിൽകൂടി വരുന്ന ശബ്ദവീചികളെ ശ്രദ്ധിച്ചുതുടങ്ങിയത്.

വർഷങ്ങൾ പിന്നെയും പലതു കഴിഞ്ഞു. ഗോപാൽ റേഡിയോവിൽകൂടി വരുന്ന വിവിധരീതികളിലുള്ള സ്റ്റാററിക്ക് ശബ്ദങ്ങൾ കേട്ടാൽ തിട്ടമായി തരംതിരിച്ചു പറയുന്നതിന് ഒരു വിഷമവും ഇല്ലാത്തവണ്ണം അയാൾക്ക് അത് പരിചിതമായിത്തീൎന്നു. അനേകലക്ഷം കോടി നാഴിക അപ്പുറത്തു സ്ഥിതിചെയ്യുന്ന നക്ഷത്രപ്രപഞ്ചങ്ങളിൽനിന്ന് ഉത്ഭവിക്കുന്ന ശബ്ദങ്ങൾ അർത്ഥവും ആശയവും ഉൾക്കൊള്ളുന്നവയാണെന്ന നിഗമനത്തിലാണ് ഗോപാൽ ചെന്നെത്തിയത്.

ഗോപാലിൻെറ ശരീരപ്രകൃതിതന്നെ മാറിക്കഴിഞ്ഞിരിക്കുന്നു. അകാലനര അയാളെ ബാധിച്ചുകഴിഞ്ഞിട്ടുണ്ടു്. മുമ്പു് തെളിച്ചമുണ്ടായിരുന്ന നെറ്റിത്തടത്തിൽ ഇന്നു് ചുളിവുകളാണ് അധികവും. കണ്ണുകളുടെ പ്രകാശം വർദ്ധിച്ചിട്ടുണ്ടെങ്കിലും അവയുടെ ചുററും കുറച്ചൊക്കെ ഇരുണ്ട നിറം വ്യാപിച്ചിരിക്കുന്നു. ക്ഷൌരം ചെയ്യാത്തതിനാൽ സമൃദ്ധിയായി നീണ്ടുവളർന്ന നെഞ്ചിലേക്ക് തരംഗങ്ങൾപോലെ കിടക്കുന്ന കറുത്ത താടിയിലും അവിടവിടെ വെള്ളിരേഖകൾ കാണാൻ വിഷമമില്ല. ഒരു സത്യാന്വേഷകൻെറ അന്തരീക്ഷം അയാളെ ആവരണം ചെയ്തിട്ടുണ്ടു്.

മേഘശകലങ്ങളാൽ കളങ്കപ്പെട്ടിട്ടില്ലാത്ത നീലാംബരം. സന്ധ്യയായപ്പോഴേക്കുംതന്നെ താരങ്ങൾ ഒട്ടുമുക്കാലും തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്. സാധാരണയിൽകവിഞ്ഞു ഉഷ്ണം തോന്നിയിരുന്ന അന്തരീക്ഷം. ഗോപാൽ എന്നത്തേയും പോലെ അന്നും സ്വകാര്യമുറിയിൽ സിഗ്നൽസെറ്റിൻെറ സമീപം ഇരുന്ന് എന്തൊക്കെയോ ചെയ്തുകൊണ്ടിരുന്നു. കഴിഞ്ഞ കാലങ്ങളിൽ നിർവ്വഹിച്ചിട്ടുള്ള ഗവേഷണങ്ങളാൽ സംഭരിക്കാൻ കഴിഞ്ഞ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ബുക്കുകൾ വാല്യങ്ങളായി ആ മുറിയിലെ പുസ്തകഷെൽഫിൽ അടുക്കിവെച്ചിട്ടുണ്ട്. ഏതുസമയത്തും പ്രവർത്തിപ്പിക്കുവാൻ സജ്ജമാക്കിയിട്ടുള്ള ടേപ്പ് റെക്കാർഡുകൾ സമീപംതന്നെ വേറൊരു മേശമേൽ വെച്ചിരിക്കുന്നു. പ്രത്യേകതരം ശക്തിയുള്ള ഏറിയൽ കമ്പികൾ റേഡിയോവിലേക്ക് ഘടിപ്പിച്ചിട്ടുള്ളതിൻെറ ചില ഭാഗങ്ങളും മുറിയുടെ ഭിത്തിയിൽ തൂങ്ങിക്കിടക്കുന്നുണ്ട്. ശക്തിമത്തായ സിഗ്നൽ റേഡിയോ സെററിൻെറ ഡയലുകൾ തെളിഞ്ഞു കാണപ്പെടുന്നു. അത് വെച്ചിട്ടുള്ള മേശയുടെ മുമ്പിൽ ഇട്ടിരിക്കുന്ന കറക്കുകസേരയിൽ ആണ് ഗോപാൽ ഇരിക്കുന്നത്. മേശമേൽ കൈമുട്ടുകൾ ഊന്നി, താടി കൈപ്പടത്തിൽ വെച്ചുകൊണ്ട് റേഡിയോയുടെ സിഗ്നൽ നോക്കി ഇരിക്കുന്ന സ്ഥിതിയിലാണ് അയാളെ ആളുകൾ വളരെ കൊല്ലങ്ങളായി കാണാറുള്ളത്. കൂടെക്കൂടെ മേശപ്പുറത്ത് തുറന്നുവെച്ചിട്ടുള്ള വലിയ നോട്ടുബുക്കിൽ കുത്തിക്കുറിച്ചുകൊണ്ടിരിക്കും.

ഇന്ന് സാധാരണ തോന്നാറില്ലാത്ത ഒരു ക്ഷീണം ഗോപാലിന് തോന്നി. കറക്കുകസേരയിൽ ഇരുന്നുകൊണ്ട് ഒന്നു തിരിഞ്ഞു് കയ്യെത്തിയാൽ എടുക്കാവുന്ന ദൂരത്തിൽ ഒരു ചെറിയ ടീപ്പോയിമേൽ സ്ഫടികഭരണിയിൽ നിറച്ച നാരങ്ങാവെള്ളം വെച്ചേക്കുക പതിവാണ്. ക്ഷീണമോ ദാഹമോ എന്തെന്ന് നിശ്ചയമായിപ്പറയാൻ മേലെങ്കിലും ഗോപാൽ കസേ

രയിൽ ഇരുന്നു തിരിഞ്ഞു് ശ്രദ്ധയില്ലാതെ ക്രൂജ കയ്യിലെടുത്തു് ഗ്ലാസിലേക്കു് വെള്ളം പകൻ. ഗ്ലാസിലേക്കു് ചരിച്ചൊഴിച്ചെങ്കിലും അതിൽ ഒന്നും വീണില്ല. ക്രൂജയിൽ വെള്ളം ഒട്ടും ഉണ്ടായിരുന്നില്ല. അയാറം നേരത്തെ അതൊക്കെ കുടിച്ചുതീൎത്തുകഴിഞ്ഞിരുന്നു. കസേരയിൽ ഇരുന്നുകൊണ്ടുതന്നെ ഗോപാൽ ജോലിക്കാരനെ വിളിച്ചു. അകത്തു് ആരും വിളികേട്ടില്ല. ഗോപാലിന്നു് കുറച്ചൊരു കോപം തോന്നി. അപ്പോഴാണു് ജോലിക്കാരന്നു് സിനിമയ്ക്കു പോകാനുള്ള അനുവാദം നേരത്തെ കൊടുത്ത കാൎയ്യം അയാറം ഓൎമ്മിച്ചതു്.

ചൊടിച്ച രീതിയിൽ, അസ്വാസ്ഥ്യതയോടെ, ഗോപാൽ എഴുന്നേററുപോയി സ്ഫടികക്രൂജയിൽ നിറച്ചു വെള്ളം എടുത്തുകൊണ്ടു് ടീപ്പോയിൽ വെച്ചു. കുറക്കകസേരയിൽ ഇരുന്നു് അരഗ്ലാസ് വെള്ളം അകത്താക്കിയശേഷം പിന്നെയും പഴയ പണിയിൽ ഏൎപ്പെട്ടു.

സിനിമ കണ്ടിട്ടു് ജോലിക്കാരൻ പത്തുമണിയോടുകൂടി മടങ്ങിവന്നപ്പോറം കണ്ടതു് മേശമേൽ തലവെച്ചു് ഉറങ്ങുന്ന ഗോപാലിനെയാണു്. സ്വകാൎയ്യമുറിയിൽ ഇരുന്നു പണിചെയ്യുറവുള്ളപ്പോറം തലചായ്ച്ചു് ഉറങ്ങുകയോ മറേറാ ചെയ്യാൻ ഇടവന്നാൽ അയാളെ ഉണൎത്താനോ മററുവിധത്തിൽ ഉപദ്രവിക്കാനോ ശ്രമിക്കാൻ പാടില്ലെന്നു് കൎശനമായി ഏൎപ്പാടുചെയ്തിട്ടുള്ളതാണു്. അതിനാൽ മുറിയിലെ വിളക്കു് അണച്ചിട്ടു് ശബ്ദമുണ്ടാക്കാതെ വേലക്കാരൻ അകത്തേക്കു പോയി. ഗോപാലിൻെറ മേശക്കുമേൽ വെച്ചിട്ടുള്ള സിഗ്നൽ സെററു് നിൎത്താൻ പാടില്ലെന്നു് മുമ്പു പറഞ്ഞിട്ടുള്ളതിനാൽ ജോലിക്കാരൻ അതു ചെയ്തില്ല. ഇങ്ങനെയുള്ള അവസരങ്ങളിൽ ഇടയ്ക്കു് ഉണരുമ്പോറം ഗോപാൽതന്നെ അതു് ചെയ്യുകയാണു് പതിവു്.

അധികം ശബ്ദമുണ്ടാക്കാതെ ചെയ്തുതീൎക്കാനുള്ള ജോലികളൊക്കെ പൂൎത്തിയാക്കിയിട്ടു് ജോലിക്കാരൻ ഉറങ്ങാൻ കിടന്നു.

നേരം അദ്ധരാത്രിയോടടുത്തിരുന്നു. ജോലിക്കാരന് ഉറക്കംപിടിച്ചപ്പോഠം, അയലത്തെ വീടുകളിലെങ്ങും വെളിച്ചമില്ല. അങ്ങ് അകലെ എവിടെയോനിന്ന് ചിലപ്പോഴൊക്കെ പ്രതിദ്ധ്വനിച്ചുകേഠക്കാറുള്ള നായ്ക്കളുടെ കരകാഠ മാത്രമേ ആ രാത്രിയുടെ നിശ്ശബ്ദത ഭേദിച്ചിരുന്നുള്ളു. ചീവിടുകാഠപോലും ഉറക്കമായെന്നു തോന്നും. നീലാംബരത്തിൽ മിന്നിക്കൊണ്ടിരുന്ന താരസഹസ്രങ്ങളിൽനിന്നു ചോൻവീഴുന്ന അരണ്ട വെളിച്ചം അദ്ധരാത്രിയുടെ ഭീകരത വദ്ധിപ്പിക്കുന്നുണ്ട്. നിലാവ് തെളിഞ്ഞിട്ടില്ല.

അപ്പോഴും ഗോപാലിൻെറ മുറിയിലെ റേഡിയോവിൽ നിന്ന് പിപി....പിപി....പിപി....പിപിപി....എന്ന ശബ്ദം പ്രസരിച്ചുകൊണ്ടിരുന്നു. അയാളുടെ മുറിയിൽ റേഡിയോ ഡയലിൽനിന്ന് പുറത്തുവന്ന ചെറിയ വെളിച്ചം മാത്രമേയുള്ളു. തെളിച്ചമില്ലാത്ത ആ വെളിച്ചത്തിൽ, മേശമേൽ തലചായ്ച്ച് കറക്കുകസേരയിൽ ഇരുന്നുറങ്ങുന്ന ഗോപാലിൻെറ രൂപം ഇരുണ്ടുകാണാം.

അങ്ങ് അകലെയുള്ള സൗധത്തിലെ നാഴികമണി രണ്ട് അടിച്ചതിൻെറ മുഴക്കം രാത്രിയുടെ നിശ്ശബ്ദതയിൽക്കൂടി പ്രതിദ്ധ്വനിച്ചു. അതിൻെറ ശബ്ദത്തിന് വല്ലാത്ത ഒരു ഭീകരത ഉണ്ടായിരുന്നു. ചെറുതായ ഒരു ഇലക്ട്രിക്ക് ഷോക്ക് തട്ടിയതുപോലെ ഉറക്കത്തിൽ ലയിച്ചിരുന്ന ഗോപാലിന് തോന്നി. അയാഠ ഉറക്കത്തിൽനിന്ന് ചെറുതായി ഉണർന്നപ്പോഠ മണി അടിച്ചതിൻെറ മുഴക്കം അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്നുണ്ടായിരുന്നു. തല കുറച്ചുകൂടി സൌകയ്യമായി വെച്ചിട്ട് അയാഠ വീണ്ടും ഉറക്കംപിടിച്ചു. അല്പസമയം കഴിഞ്ഞപ്പോഠ കുറേക്കൂടി ശക്തിയുള്ള ഷോക്ക് തട്ടിയതുപോലെ തോന്നി. അയാളുണർന്നു. പിന്നെയും അയാഠ ഉറക്കം തുടന്നു. അഞ്ചുനിമിഷം കഴിഞ്ഞപ്പോഠ ശരീരം ആകപ്പാടെ വിറച്ചതുപോലെ

അയാറംക്ക് അനുഭവപ്പെട്ടു ഞെട്ടിയുണർന്നു. ഉറക്കം അപ്പോഴും ഊറിനിന്നിരുന്ന അയാളുടെ കൺപോളകറം പൂർണ്ണമായി തുറന്നിട്ടില്ല. എന്തെന്നില്ലാത്ത അസ്വാസ്ഥ്യത്തോടെ അയാറം ചുററുപാടും നോക്കി. റേഡിയോ ഡയലിൽനിന്നു് പുറത്തേക്കു വന്നുകൊണ്ടിരുന്ന അരണ്ട വെളിച്ചമേ മുറിയിലുള്ളു. ഒന്നും കണ്ണിൽ ശരിക്കു തെളിയുന്നില്ല. അയാറം ജനാലവഴി പുറത്തേക്കു് നോക്കി. ക്രൂരാന്ധകാരിരുട്ട്. അങ്ങകലെ ചീവീടുകറം ശബ്ദിക്കുന്നുണ്ട്. അടുത്തെങ്ങും മനുഷ്യജീവികളുണ്ടെന്നു് തോന്നുകയില്ല. ഭയാനകമായ വിജനത. ചിറകടിച്ചുകൊണ്ട് ക്രൂമൻ അയാളുടെ പുരസ്സുമീതെക്കൂടി പറന്നുപോയി. കൺപോളകളിൽ തിരുമ്മിക്കൊണ്ടു് അയാൾ കറക്കുകസേരയിൽ നിവർന്നിരുന്നു.

അയാറം വല്ലാതെ ഞെട്ടിപ്പോയി!

എന്താണു് അയാളുടെ മുമ്പിൽ മേശമേൽ ഇരിക്കുന്നതു്? മുമ്പെങ്ങും ഇങ്ങനെ ഒരു രൂപം അയാറം കണ്ടിട്ടില്ല. ഭൂതപ്രേത പിശാചുക്കളിൽ അയാറംക്കു് വിശ്വാസം തീരെയില്ല. ഇതെന്താണ്? ഒരു വെറും നിഴലോ അതോ യഥാർത്ഥരൂപമോ? അത്ഭുതവും ഭയവുംകൊണ്ടു് അയാളുടെ ഹൃദയം തുടിച്ചു. കൈകറം വിറച്ചു. ശരീരമാകെ തളരുകയാണു്. എന്തുചെയ്യണമെന്നറിയാതെ അയാറം പകച്ചു് പിറകോട്ടുചാഞ്ഞു് കറക്കുകസേരയിൽ ഇരിക്കുകയാണു്.

ഇതെന്താണു് അയാളുടെമുമ്പിൽ മേശമേൽ സ്ഥാനംപിടിച്ചിരിക്കുന്ന രൂപം?

അരണ്ട വെളിച്ചത്തിൽ അയാറം ആ രൂപത്തെ വീണ്ടും നോക്കി. അയാറം സ്വപ്നം കാണുകയാണോ? അല്ല അയാറം ഉണർന്നിരിക്കുകയാണ്. വാസ്തവത്തിൽ അയാളുടെ മുമ്പിലെ സ്വരൂപം വെറും നിഴലായിരിക്കുമോ? അല്ല അതു നിഴലല്ല. കട്ടിയുള്ള ഒരു വസ്തുതന്നെ.

നാലഞ്ചു നിമിഷനേരത്തേക്ക് മാത്രമേ ഗോപാലിന് അ ന്ധാളിപ്പു തോന്നിയുള്ളു ക്രമേണ അയാളുടെ ബുദ്ധി ശരിക്ക് പ്രവത്തിച്ചുതുടങ്ങി. ഉറക്കത്തിന്റെ വല്ലായ്മയും വിട്ടുമാറി. ബുദ്ധിപോലെതന്നെ അയാളുടെ കണ്ണുകളും തെളിഞ്ഞു. ഇരി പ്പടത്തിൽനിന്നു് എഴുന്നേററു മുറിയിലെ വിളക്ക് ഇടണമെന്നു് ആഗ്രഹമുണ്ട്. എന്നാൽ അതിന്ന് സാധിക്കുന്നില്ല.

റേഡിയോ ഡയലിൽനിന്നുള്ള ചെറിയ വെളിച്ചത്തിൽ അയാറം മേശമേൽ ഇരിക്കുന്ന രൂപത്തെ പിന്നെയും സൂക്ഷിച്ചു നിരീക്ഷിച്ചു. അയാറം കാളേജിറം കിനാവള്ളിയെക്കുറിച്ച് പ ഠിച്ചിട്ടുണ്ട്. അതിന്റെ ചെറിയ മാതൃകകറം അവിടത്തെ സ്ഫടികഭരണികളിൽ സ്പിരിട്ടിൽ ഇട്ടു സൂക്ഷിച്ചിട്ടുണ്ട്. ഗോ പാൽ ഓമ്മിച്ചുനോക്കി. ഏതാണ്ട് അതേ ആകൃതിയാണ് ഈ രൂപത്തിനുള്ളത്. എന്നാൽ അതിന്റെ മൂട്ട് കുറേക്കൂടി ഗോളാ കൃതിയിൽ കുടത്തിന്റെ മട്ടിലാണ്. കഴുത്തു കഴിഞ്ഞു് താഴെ കിനാവള്ളിയുടെ വള്ളികറം പോലെ തോന്നുന്ന അവയവങ്ങറം നാലെണ്ണമാണുള്ളത്. വട്ടത്തലയുടെ ഒരുഭാഗത്ത് തവളയുടേ തുപോലെ രണ്ടു കണ്ണുകറം. അവയുടെ പുറത്തുക്കൂടി ഒരു ചർമ്മം പൊതിഞ്ഞുനില്ക്കുന്നുണ്ടെങ്കിലും സ്ഫടികംപോലെ അതിൽ ക്കൂടി കാണാൻ വിഷമമില്ല. തലയുടെ രണ്ടുഭാഗങ്ങളിൽ മുശാ മീന്റെ മീശ എഴുന്നേററുനില്ക്കുന്നപോലെ, രണ്ടു നീളമുള്ള ഉത്ഭ വസ്ഥാനത്ത് മാംസളവും അവസാനത്തിൽ തലനാരുപോലെ യായിരിക്കുന്നതുമായ ഒന്നരയടിയോളംവരുന്ന ഗ്രാഹികറം. കഴുത്തിനുതാഴെയുള്ള 'വള്ളികറം' കൂടുതൽ ശക്തിമത്താണ്. അവയുടെ നീളം വർദ്ധിപ്പിക്കാനും ചുരുക്കാനും ജന്തുവിന് കഴിയുന്നു. ആകപ്പാടെ മൂന്നടിയോളം വലിപ്പമുണ്ട്.

ഇങ്ങനെ ഒരു ജന്തുവിനെക്കുറിച്ച് ഗോപാൽ ഇന്നുവരെ കേറംക്കുകയുണ്ടായിട്ടില്ല. കിനാവള്ളിയാണെങ്കിൽ അതു കരയ്ക്കു കാണുന്നതല്ല., തന്റെ ശാസ്ത്രവിജ്ഞാനമാകെ ചികഞ്ഞുനേം

ക്കിയിട്ടും ഇതിനെപ്പററി ഒരു തുമ്പും അയാഠംക്ക കിട്ടിയില്ല. തലയുടെ ഇരുഭാഗങ്ങളിഠം ഉയൻനിൽക്കുന്ന ഗ്രാഹികഠം വായു വിൽ ചുഴററിക്കൊണ്ടിരിക്കുന്നു; പാററയുടെ കൊമ്പുകഠം ചുഴററാ റുള്ളതുപോലെ. കണ്ണുകളിൽ നല്ല തെളിച്ചവും ജീവനും തോ ന്നുന്നുണ്ട്.

ഇലക്ട്രിക്ക് ഷോക്ക് തട്ടിയാലുള്ളമാതിരി ഇരുന്ന ഇരു പ്പിൽ ഗോപാൽ ഒന്നു ഞെട്ടി. അയാളുടെ കയ്യിൽ എന്തോ സ്പർശിച്ചിട്ടുണ്ട്. കയ്യ് പിൻവലിക്കാൻ തോന്നുന്നില്ല. വല്ലാ തെ തണുപ്പുള്ള ഒരു വസ്തു അയാളുടെ ഇടത്തുകയ്യിൽ തൊട്ടി ട്ടുണ്ട്. അല്പമൊരു ഭയത്തോടെ അയാഠം നോക്കി. ആ ജന്തു വിൻെറ താഴത്തെ വള്ളികളിൽ ഒന്ന് അവിടെ തൊട്ടിരിക്കുക യാണ്. വല്ലാത്ത തണുപ്പുള്ള കാററ് കുറച്ചുനേരം ഏല്ക്കുമ്പോഠം തോന്നാറുള്ള ഒരു കിടുകിടുപ്പ് അയാളെ ബാധിച്ചു. ആകപ്പാടെ ഒന്ന് വിറച്ചു. ഗോപാൽ മേശപ്പുറത്ത് സ്ഥാനംപിടിച്ചിരി ക്കുന്ന അവലക്ഷണമായ ജന്തുവിനെ തുറിച്ചുനോക്കി. അയാ ളുടെ മുഖത്തെ മാംസപേശികഠം ചുളിഞ്ഞു. വല്ലാത്ത ചില ചേഷ്ടകഠം. ഗോപാലിൻെറ ബുദ്ധിയും മനസ്സും ശൂന്യമായി. ബോധശക്തിയില്ലാത്ത ഒരു നില. മുമ്പൊരിക്കലും അയാഠം ക്കിങ്ങനെ ഒരനുഭവം ഉണ്ടായിട്ടില്ല.

ഒന്നുരണ്ടു നിമിഷങ്ങഠം കഴിഞ്ഞു. അയാളുടെ മുഖത്ത് പിന്നെയും രക്തപ്രസാദമുണ്ടായി. ആരോ അയാളുടെ ചെവി യിൽ മന്ത്രിക്കുന്ന ഒരു പ്രതീതി. ചെവിയിലാണെന്നാണ് ആദ്യം തോന്നിയതു്. അയാളുടെ തലച്ചോറിൽതന്നെ. എല്ലാം മനസ്സിലാക്കുവാൻ സഹായിക്കുന്ന തലച്ചോറിൽതന്നെ. ആരു ടെയോ വിചാരങ്ങഠം കടന്നുചെല്ലുകയാണ്—'ഒന്നും ഭയപ്പെ ടേണ്ട! ഞാൻ യുറാനസ്സിൽനിന്നുള്ള ഒരതിഥിയാണ്.'

'യുറാനസ്സിൽനിന്നോ?'—ഗോപാലിൻെറ ബുദ്ധിയിൽ തോന്നി.

'അതെ! നിങ്ങളുടെ മിത്രമാണ്. ഒട്ടും ഭയപ്പെടരുത്!'

'എനിക്ക ഭയമില്ല.'

'അതു പറയുന്നതു് തെററ്. നിങ്ങളുടെ വിചാരവികാരങ്ങറം അറിയുന്നതിന് എനിക്ക പ്രയാസമില്ല. ഇതാ എൻെറ ഒരു കയ്യ് നിങ്ങളിൽ സ്പർശിച്ചിരിക്കുന്നില്ലേ? അതുവഴി എനിക്ക നിങ്ങളുടെ ബുദ്ധിയിൽ നടക്കുന്നതൊക്കെ പകർന്നെടുത്തു് അറിയുന്നതിന് സാധിക്കും. സംശയം തീർന്നില്ലേ? പറയാം! ബാറ്ററിയിൽനിന്ന് കൊച്ചുകമ്പിയിൽക്കൂടി വൈദ്യുതി പ്രവഹിക്കുന്നതുപോലെ നിങ്ങളുടെ വിചാരങ്ങറം എന്നിലേക്ക് പകർന്നുകൊള്ളും.....എനിക്ക് സംസാരിക്കുന്നതിന് നിങ്ങറംക്കുള്ളതുപോലെ അവയവമില്ല. എന്തെങ്കിലും വിവരം നിങ്ങളെ അറിയിക്കണമെങ്കിൽ എൻെറ കൈകളിൽ ഒന്ന്—ഇതാ ഇത്—നിങ്ങളിൽ വെച്ചാൽമതി. എൻെറ ആശയങ്ങറം—നേരത്തെ പറഞ്ഞതുപോലെ കമ്പിയിൽക്കൂടി വൈദ്യുതി പ്രവഹിക്കുന്നതുപോലെ—നിങ്ങളിലേക്ക് പകർന്നുകൊള്ളും. നിങ്ങളുടെ വിചാരങ്ങറം അറിയുവാൻ മറ്റൊരു കയ്യ് സ്പർശിച്ചാൽ മതി. ഭയവും സംശയങ്ങളും ഒന്നും വേണ്ട. നമുക്ക് പരസ്പരം പലതും കൈമാറുവാനുണ്ട്. ശാന്തനായിരിക്കു!...'

'ഞാൻ വിളക്ക് ഇടട്ടോ?'

'ഇട്ടുകൊള്ളു.'—ഗോപാലിനെ സ്പർശിച്ചുകൊണ്ടിരുന്ന യുറാനിയൻെറ കരം വിട്ടു. അയാറം എഴുന്നേററ് വിളക്കിൻെറ സ്വിച്ചിട്ടു. മുറിയിൽ നല്ല പ്രകാശമായി. അങ്ങകലെ സെക്രട്ടേറിയേറ്റിലെ ക്ലോക്ക് മണി മൂന്നടിച്ചു. അതിൻെറ ശബ്ദം രാത്രിയുടെ നിശ്ശബ്ദതയിൽ ഭയാനകമായി തോന്നി. പുറത്തു് വല്ലാത്ത ഇരുട്ടും ഭയജനകമായവിധം ചീവിടുകളും മററും ശബ്ദിച്ചുകൊണ്ടിരുന്നു. ആ പ്രദേശത്തു് അവിടെ മാത്രമേ ഒരു വെളിച്ചമുള്ളു.

ഗോപാൽ കസേരയിൽ വന്നിരുന്നു. അയാളുടെ മുമ്പിൽ മേശയിൽ ഇരിക്കുന്ന വികൃതരൂപത്തെ അയാൾ നോക്കി. അതു തിളങ്ങുന്നുണ്ട്. വട്ടത്തലയ്ക്കു താഴെ നാലു 'കൈകൾ' നാലുവശത്തേക്കും ഇട്ടിരിക്കുന്നു; കമഴ്ത്തിവെച്ചിരിക്കുന്ന ഒരു കുടത്തിൽ നിന്നു് നാലു് ഓലക്കാലുകൾ പുറത്തേക്കുവെച്ചിരിക്കുന്ന മാതിരി. അവയുടെ പ്രത്യേകരീതിയിലുള്ള വിരലുകൊണ്ടു് അതിന്നു് സഞ്ചരിക്കുവാൻ വിഷമമില്ല.

യുറാനിയൻെറ ഉള്ളിലുള്ള വിചാരങ്ങൾ സംക്രമിപ്പിക്കുന്നതിനുള്ള 'കയ്യ്' നീണ്ടുതുടങ്ങി. അതു് ഗോപാലിൻെറ ശരീരത്തിൽ സ്പർശിച്ചു. അതോടൊപ്പംതന്നെ ഗോപാലിൻെറ ഉള്ളിലെ വിവരങ്ങൾ അതിലേക്കു് പകരുന്നതിനുള്ള കയ്യും അയാളെ തൊട്ടുകഴിഞ്ഞിരുന്നു. വികാരവിചാരങ്ങൾ ശബ്ദങ്ങളിൽക്കൂടിയല്ലാതെ സിരാതന്തുക്കൾവഴി പരസ്പരം പകരുന്നതിന്നു് സാധിക്കുന്നതു് എത്രയും സൌകര്യപ്രദവും രസകരവുമായി ഗോപാലിന്നു തോന്നി. ശബ്ദങ്ങളുടെ പരിധിയിൽ ഒതുക്കുവാൻ ആവാത്ത വികാരവിചാരങ്ങൾ മനുഷ്യന്നു് എത്രയോ സന്ദർഭത്തിൽ തോന്നാറുണ്ടു്. വാക്കുകളിൽ ഒതുക്കുവാനോ വാക്കുകൾകൊണ്ടു് പകരുവാനോ കഴിയാത്ത വിചാരങ്ങൾ അങ്ങിനെ അറിയപ്പെടാതെ കിടക്കുകയല്ലേ, മനുഷ്യമനസ്സിൽ! അങ്ങിനെയുള്ള പരാധീനതകളൊന്നുമില്ല നേരിട്ടു് അവ സിരാതന്തുക്കൾവഴിതന്നെ പകരുന്നതിന്നു് സാധിച്ചാൽ!

'അത്ഭുതം ഇതുവരെ തീർന്നില്ലേ?'—യുറാനിയൻെറ വിചാരം ഗോപാലിൻെറ ബുദ്ധിയിലേക്കു് പകർന്നു.

'ഓരോന്നു് ഓർമ്മിക്കുമ്പോൾ അത്ഭുതത്തിൻെറ മേൽ അത്ഭുതം തോന്നുകയാണു്.'—ഗോപാലിൻെറ ചിന്താഗതി യുറാനിയനിലേക്കു് ചോന്നു.

'ഇങ്ങനെയുള്ള അത്ഭുതങ്ങൾ ഇനിയെത്രയുണ്ടു് അറിയാൻ!'

'എങ്കിലും എങ്ങനെയാണ് ഇവിടെ എത്താൻ കഴിഞ്ഞത്?'

'പിന്നെയും ആദ്യത്തെ ചോദ്യം അല്ലേ?'

'അതെ!'

'അറിയിക്കാം. അപ്പോഠം നിങ്ങഠം മനഃപൂർവ്വം എന്നെ വരുത്താനായിട്ടല്ലേ ഒന്നും ചെയ്തത്?'

'എന്തു ചെയ്തെന്നാണ് പറയുന്നത്?'

'നിങ്ങളുടെ റേഡിയോവിലെ സൂപ്പർവേവ് ലെംഗ്ത്ത് തിരിച്ചുവെച്ച് ഞങ്ങളുടെ കേന്ദ്രം ശ്രദ്ധിച്ചതുതന്നെ!'

'അല്ല! സത്യം അറിയിക്കട്ടെ! ഞാൻ സൂപ്പർവേവ് ലെംഗ്ത്ത് തിരിച്ചുവെച്ച് കേഠംക്കാറുള്ളതു മററു ചില രഹസ്യങ്ങഠം കിട്ടുവാൻവേണ്ടിയായിരുന്നു.'

'ഓ! ശരി!' യുറേനിയൻ ചിരിക്കുന്ന ഒരു പ്രതീതിയും അതോടൊപ്പം ഉണ്ടായിരുന്നെന്നു് ഗോപാലിനു് തോന്നി.

'അപ്പോഠം ഞാൻ ഇവിടെ വരാൻപറ്റിയതു് കേവലം യാദൃച്ഛികമായിട്ടാണ് അല്ലേ?'

'എങ്ങിനെയാണു് വന്നതു്?'

'ഇപ്പോഴും മനസ്സിലായില്ലേ?'

'ഇല്ല.'

'എന്നാൽ വ്യക്തമാക്കാം. റേഡിയോവിൽക്കൂടി നിങ്ങഠം ആശയങ്ങഠം പ്രക്ഷേപണം ചെയ്യുന്നില്ലേ?'

'അതാണല്ലോ ശബ്ദതരംഗങ്ങളിൽക്കൂടി ചെയ്യാറുള്ളതു്.'

'അതെ! ആദ്യം പ്രക്ഷേപണം ഒരു കേന്ദ്രത്തിൽനിന്നു് ഉത്ഭവിക്കുന്നു. കേവലം ശബ്ദരൂപത്തിൽ അല്ലേ? അതു് വൈദ്യുതതരംഗങ്ങളാക്കി മാററി പ്രസരിണി പ്രക്ഷേപിക്കുന്നു. റി

സീവറിൽ വൈദ്യുതതരംഗങ്ങളെ തിരിച്ച് ശബ്ദതരംഗങ്ങളായി പരിവൎത്തനപ്പെടുത്തി വെളിയിൽ വിടുന്നു. അതാണല്ലോ പ്രക്ഷേപണം.'

'അതെ!'

'ശബ്ദതരംഗങ്ങളും പ്രകാശതരംഗങ്ങളും എല്ലാം വൈദ്യുതകാന്തികമണ്ഡലത്തിലെ അലകളാണെന്ന് അറിയാമല്ലോ. ഗുരുത്വമണ്ഡലമായോ കാന്തികവൈദ്യുതമണ്ഡലമായോ ഊർജ്ജം പ്രത്യക്ഷപ്പെടുമെന്നും അറിയരുതോ? ദ്രവ്യം ഊൎജ്ജമായി രൂപാന്തരപ്പെടുത്താമെന്നും ഊർജ്ജം ദ്രവ്യരൂപേണ സ്ഥിതിചെയ്യാമെന്നും ആപേക്ഷകസിദ്ധാന്തം കാണിച്ചുതരുന്നില്ലേ?'

'അതും ഇതും തമ്മിലെന്തു ബന്ധം?'

'ബന്ധമുണ്ട്. ദ്രവ്യത്തിൻെറ സൂക്ഷ്മഭാവമല്ലേ മറെറാരു വിധത്തിൽ പറഞ്ഞാൽ ശബ്ദതരംഗങ്ങൾ? ശബ്ദത്തെ റേഡിയോവഴി വിദൂരതയിൽ എത്തിക്കുവാൻ സാധിച്ചിട്ടില്ലേ നിങ്ങൾക്ക്? ഞങ്ങൾ ദ്രവ്യത്തേയും അതുപോലെതന്നെ വിദൂരസ്ഥാനത്തേക്ക് എത്തിക്കുവാൻ പഠിച്ചിട്ടുണ്ട്. നിങ്ങൾ പ്രക്ഷേപണം ചെയ്യുന്ന ശബ്ദതരംഗങ്ങളെ റേഡിയോവഴി അനേകായിരം നാഴിക അകലെ ലോകത്തിൻെറ ഏതൊരു സ്ഥാനത്തും കൊണ്ടുചെന്നെത്തിക്കുന്നമാതിരി താരാമണ്ഡലങ്ങൾക്കപ്പുറത്തുനിന്ന് വസ്തുകളെ കോടാനുകോടി നാഴികയപ്പുറത്തെത്തിക്കുവാൻ ഞങ്ങൾക്ക് റേഡിയോവഴി നിഷ്പ്രയാസം സാധ്യമാകും. സൂപ്പർവേവ്ലെംഗ്ത്തിൽക്കൂടി തരംഗരൂപത്തിൽ ഇവിടെയെത്തി രൂപാന്തരംപ്രാപിച്ചാണ് ഞാൻ നിങ്ങളുടെ റേഡിയോവഴി ഇവിടെയെത്തിയതു്. യുറാനസ്സ് ഗ്രാമത്തിൽ നിന്നു് നിങ്ങളുടെ മുമ്പിൽ വന്നുചേരുവാൻ കഴിഞ്ഞതു് അങ്ങിനെയാണ്.'

'റേഡിയോതരംഗങ്ങളായിട്ടാണ്,....റേഡിയോവിൽ എനിക്ക് അർത്ഥമില്ലാത്ത ശബ്ദങ്ങളെന്നപോലെ, നിങ്ങൾ ഇവിടെയെത്തിയതു്?'

'അതെ! ശബ്ദതരംഗങ്ങൾവഴി ആശയങ്ങൾ പകരുവാൻ പ്രക്ഷേപണംകൊണ്ടു് സാധിച്ചതുപോലെ റേഡിയോതരംഗങ്ങൾവഴി എൻെറ ശരീരംതന്നെ ഇങ്ങോട്ടു് എത്തിച്ചുവെന്നേയുള്ളു.'

അത്ഭുതവിവശനായി ഗോപാൽ കസേരയിലേക്ക് ചാഞ്ഞിരുന്നു!

'ഇതിൻെറ രഹസ്യം നിങ്ങൾക്കറിവില്ലേ?'

'തത്വം മനസ്സിലായി. പ്രയോഗത്തിൽ കൊണ്ടുവരുവാൻ...'

'സാധിക്കും.'

റേഡിയോതരംഗങ്ങൾവഴി യുറാനസ്സ് ഗ്രഹത്തിൽനിന്നു തൻെറ മുമ്പിൽ എത്തിയ വിചിത്രജീവിയെ നോക്കി മിഴിച്ചുകൊണ്ടു് ഗോപാൽ കുറേനേരം ഇരുന്നു. ശബ്ദവീചികൾ പ്രക്ഷേപണം ചെയ്യുന്നതുപോലെ വസ്തുക്കളെത്തന്നെ പരസഹസ്രം നാഴികയ്ക്കപ്പുറത്തെത്തിക്കുവാൻ ഉള്ള വഴി! മനസ്സിലാക്കിയാൽ തനിക്ക് സിദ്ധിക്കുന്ന വമ്പിച്ച കഴിവെന്തായിരിക്കും? ഭൂലോകത്തിൽ മാത്രമല്ല, താരാപഥത്തിലെ എല്ലാ ലോകങ്ങളിലും തൻെറ സ്വാധീനം സ്ഥാപിക്കുവാൻ അതു് വഴിതെളിക്കുമെന്നു് അയാൾ വിശ്വസിച്ചു.

'ഇതിനുമുമ്പും ഞാൻ സൂപ്പർവേവ്ലെംഗ്ത്തിൽ ശ്രദ്ധിക്കാറുണ്ടല്ലോ. എന്നാൽ അന്നൊന്നും ഇവിടെ വന്നുചേരാൻ ഇടയാകാഞ്ഞതെന്തു്?'

'നിസ്സാരമായ ചോദ്യമല്ലേ! മുമ്പൊക്കെ നിങ്ങൾ റേഡിയോ തിരിച്ചുവെച്ച് കേൾക്കാറുണ്ടായിരുന്നു. എന്നാൽ പ്രക്ഷേ

പണത്തെക്കുറിച്ച് ബോധമൊന്നും ഇല്ലാതിരുന്നതിനാൽ പ്രക്ഷേപണം പൂർത്തിയാക്കി നിങ്ങൾ ട്യൂൺ ചെയ്യാറില്ല. അതിനാൽ ഇവിടെ എത്തുവാൻ സാധിച്ചിട്ടില്ല.'

വാസ്തവമാണ്. ഗോപാൽ ഇടയ്ക്കിടക്ക് കേൾക്കാറുണ്ടായിരുന്നെങ്കിലും മുഴുവൻ ശ്രദ്ധിച്ചിട്ടില്ല. പരിപാടിയുടെ ഇടയ്ക്കുവെച്ച് നിർത്തിക്കളയാറാണ് പതിവ്. ഇന്ന് ആറുമണി മുതൽ അർദ്ധരാത്രിക്കുശേഷം രണ്ടുമണിവരെ റേഡിയോ തുറന്നുവെച്ചിരുന്നല്ലോ. അയാൾ അറിയാതെ ഉറങ്ങിപ്പോയതുകൊണ്ട് സാധിച്ചതാണത്.

തൻെറ മുമ്പിൽ ഇരിക്കുന്ന വികൃതരൂപത്തിന് മനുഷ്യനേക്കാൾ കൂടുതൽ ശാസ്ത്രീയമായ വിജ്ഞാനം സ്വായത്തമാണെന്നും, ആ വിജ്ഞാനം യുറാനിയനിൽനിന്നു മനസ്സിലാക്കി ശാസ്ത്രീയമായ അത്ഭുതങ്ങൾ പ്രവർത്തിപ്പിക്കുവാൻ സാധിക്കുമെന്നും ഗോപാലിന് ബോദ്ധ്യമായി. യുറാനസ്സിൽനിന്ന് തൻെറ ഗൃഹത്തിലെത്തിയിരിക്കുന്ന അത്ഭുതജീവിയെപ്പററിയുള്ള വിവരങ്ങൾ അതിരഹസ്യമായി സൂക്ഷിക്കുവാൻതന്നെ അയാൾ തീരുമാനിച്ചു.

ii

മാസം രണ്ടു് കഴിഞ്ഞു. ഗോപാലിൻെറ ഗവേഷണമുറിയിൽ നോട്ടുകൾ ശേഖരിച്ചുവെക്കുന്ന അലമാരയുടെ തട്ടുകളെല്ലാം ഫയ്ലുകൾകൊണ്ടു് നിറഞ്ഞുകഴിഞ്ഞു. ഫയലുകൾ ഓരോന്നിലും ഓരോരോ അത്യത്ഭുതകരങ്ങളായ ശാസ്ത്രവിവരങ്ങൾ കുറിച്ചുവെച്ചിരിക്കുകയാണ്. യുറേനിയനിൽനിന്ന് സിദ്ധിച്ചിട്ടുള്ള ഈ വിവരങ്ങൾ എന്തൊക്കെ അത്ഭുതങ്ങൾ ലോകത്തിന് നൽകുന്നതിന് ഉപകരിക്കുകയില്ല? ഗോപാലിനുതന്നെ വിശ്വസിക്കുവാൻ കഴിയാത്തവണ്ണം അവ കൂടിക്കിടക്കുക

യാണ് ഈ കൊച്ചുമുറിയിൽ. മുമ്പെങ്ങും അയാറാക്കു തോന്നി യിട്ടില്ലാത്ത ഭയാശങ്കകറം ഇന്നു തോന്നാറുണ്ട്. ഇവയൊക്കെ അയാറാക്ക് പ്രയോജനപ്പെടുത്തണം. അവയുടെ രഹസ്യങ്ങറം അന്യരാരും അറിയാൻ പാടില്ല. ഈ മണ്ഡലത്തിൽ തനിക്ക് എതിരാളികറം ഉണ്ടാകാൻ പാടില്ല. മത്സരമില്ലാതെ ഇവിടെ വിരാജിക്കുവാനാണ് ഗോപാൽ ആഗ്രഹിക്കുന്നതു്.

നൂതനങ്ങളായ അറിവുകറം സമ്പാദിച്ചതൊക്കെ ഭദ്രമാ യി കുറിച്ചിട്ടിട്ടും ഗോപാലിന് ഒരു സ്വസ്ഥതയുമില്ല. ആ അറിവുകളെ അടിസ്ഥാനമാക്കി, ആ അറിവുകറം പ്രയോജന പ്പെടുത്തി, ഉപകരണങ്ങറം നിമ്മിക്കുവാനുള്ള ശ്രമമായി അടു ത്തതായിട്ട്. അയാറാക്കു സിദ്ധിച്ച വിവരങ്ങറം വെച്ചുകൊണ്ട് ഒന്നുരണ്ട് ഉപകരണങ്ങറം അയാറം രഹസ്യമായി നിമ്മിച്ചു. അവകൊണ്ടുദ്ദേശിക്കുന്ന ഫലങ്ങറം എത്രമാത്രമാണെന്നു നിണ്ണ യിക്കുവാൻ വേണ്ട പരീക്ഷണങ്ങറം നടത്തുകയും ചെയ്തു. അവ യിലൊന്നും ഒരു തകരാറുമില്ല. എല്ലാം പ്രതീക്ഷിച്ചമാതിരി തന്നെ പ്രവത്തിക്കുന്നുണ്ട്.

അമൂല്യമായ നിധി കയ്യിൽകിട്ടിയ ഒരു അത്യാഗ്രഹിക്ക് ഉണ്ടാകുന്ന ഭയംതന്നെയാണ് ഗോപാലിനും ഉണ്ടായതു്. തൻെറ അധീനതയിൽനിന്ന് അവയൊക്കെ അന്യർ അപഹ രിച്ചാലോ എന്നുള്ള ചിന്ത മാത്രമേയുള്ളു. തനിക്ക് കിട്ടിയ ശാ സ്ത്രീയതത്വങ്ങളെ പ്രയോജനപ്പെടുത്തുവാൻവേണ്ടി പ്രവത്തിക്കു ന്നതിന് കഴിയാത്തമട്ടിൽ അയാളുടെ മനസ്സ് അസ്വസ്ഥമാ യി. ഒന്നിലും ഉറച്ചുനില്ക്കുന്നില്ല അയാളുടെ ബുദ്ധി. എപ്പോ ഴും വല്ലാത്ത ഭയം. അയാളുടെ മുറിയിൽ ഒതുങ്ങിക്കൂടിയിരി ക്കുന്ന യുറേനിയനെക്കുറിച്ച് ഗോപാലിന് വല്ലാത്ത ശങ്ക യാണ്. തനിക്ക് വിധേയമായമാതിരി അതു് മററാരാറംക്കും വിധേയമാവുകയില്ലെന്ന് എങ്ങിനെ വിശ്വസിക്കാനൊക്കും? അങ്ങിനെ വിധേയനായിത്തീർന്നാൽ തൻെറ സമ്പത്തിന് വലിയ വിലയൊന്നും ഇല്ലെന്ന നിലയാകുകയില്ലേ? യുറേനിയ

നോട്ട് വല്ലാത്ത വെറുപ്പും വൈരാഗ്യവും അയാൾക്ക് വർദ്ധിച്ചുതന്നെവന്നു. ഗോപാലിന്റെ മനസ്സിൽ കടുത്ത വൈരാഗ്യം തോന്നി. യുറേനിയനെ പുലർത്തുന്നതാണ് ഒന്നാമത്തെ ആപത്ത്. എന്നാൽ തനിക്ക് സിദ്ധിച്ച സകല നൂതനവിവരങ്ങൾക്കും ആധാരമായിനിന്ന യുറേനിയനെ എങ്ങിനെ നശിപ്പിക്കാനൊക്കും? നശിപ്പിക്കാതിരിക്കുന്നത് ആപത്തല്ലേ? തന്റെ അസൂയാർഹമായ നില അസ്തമിക്കുവാൻ, അത് അന്യന്റെ അധീനതയിൽ ചെന്നുചേന്നാൽ പോരേ?

ഒന്നുരണ്ട് ദിവസങ്ങളായി ഗോപാലിന് ഉറക്കമില്ല. അയാളുടെ മനസ്സ് വല്ലാതെ കലങ്ങിയിരിക്കുന്നു. അയാൾ ചിന്തിക്കുകയാണ്. യുറേനിയനെ എന്തു ചെയ്യണം? അയാൾക്കതിനോടുള്ള കടപ്പാട് സീമാതീതമായിട്ടുള്ളതല്ലേ? ഇനിയും ഒരുപക്ഷേ അയാളിൽനിന്ന് എന്തൊക്കെ ലഭിക്കുവാൻ കാണും! കിട്ടാനുള്ളതൊക്കെ വാങ്ങിയശേഷം...ഗോപാലിന് വല്ലാത്ത വിഷാദം തോന്നി. ശാസ്ത്രലോകത്തിൽ തനിക്കു പ്രവർത്തിക്കുവാൻ കഴിവുള്ള അനന്തമായ അത്ഭുതങ്ങളെന്തൊക്കെയെന്ന് വെളിപ്പെടുത്തുന്നതിനുമുമ്പ് തന്റെ സ്ഥാനം ഭദ്രമാണെന്ന് വരുത്തേണ്ടേ? യുറേനിയനും താനും തമ്മിലുള്ള ഈ മത്സരം എങ്ങിനെ അവസാനിപ്പിക്കും? നാലു പകലും നാലു രാത്രിയും അയാൾ നിരന്തരമായി ആലോചിച്ചു. എല്ലാ വശങ്ങളെപ്പററിയും ചിന്തിച്ചു. അവസാനം അയാൾ തീരുമാനിച്ചു, യുറേനിയൻ ജീവിക്കുന്നതാണ് അയാൾക്ക് ആപത്ത്. അത് നശിക്കണം; അതിനെ അയാൾ നശിപ്പിക്കും.

അന്ന് അർദ്ധരാത്രിയോടടുത്തിരിക്കും. അപ്പോഴും ഗോപാൽ വീട്ടുമുററത്ത് ഉലാത്തുകയാണ്. അടക്കും ചിട്ടയും ഇല്ലാതെ അയാളുടെ ചിന്തകൾ കൂടിക്കുഴഞ്ഞ് അയാളെ വല്ലാതെ അലട്ടുന്നുണ്ട്. പുറകിൽ കയ്യുംകെട്ടി, പുറത്തെ ലോകവുമായി ഒരു ബന്ധവും പുലർത്താത്തമട്ടിൽ, ജലപ്പരപ്പിൽ അങ്ങോട്ടും

ഇങ്ങോട്ടും ഓളത്തിൽക്കിടന്നു് ഒഴുകിനീങ്ങുന്ന എണ്ണത്തുള്ളിപോലെ അയാറം മുറ്റത്തു് നടക്കുകയാണു്. അയാളുടെ കണ്ണുകറം ചുട്ടുത്തു ചുവന്നിരിക്കുന്നു. ഒതുക്കമില്ലാതെ മുടി ചിതറിക്കിടക്കുകയാണ്. മുറിയിൽ ജ്വലിക്കുന്ന വൈദ്യുതദീപത്തിൻെറ പ്രകാശം ജനാലവഴി മുററത്തു് വീഴുന്നുണ്ടു്. ആ ചിതറിയ വെളിച്ചത്തിൽ ഗോപാലിൻെറ രൂപം അവിടെ കാണപ്പെടുന്നു. അസ്വസ്ഥതയോടെ അങ്ങോട്ടുമിങ്ങോട്ടും നീങ്ങുന്ന ഒരു പ്രേതത്തെപ്പോലെ അയാളുടെ നിഴലും അയാളെ പിൻതുടരുന്നുണ്ടു്.

അകലെ എവിടെയോ ഓരിയിടുന്ന നായ്ക്കളുടെ ബഹളമാണു് അയാളെ ഉണർത്തിയതു്. പറമ്പിൻെറ പടിഞ്ഞാറെ ക്കോണിൽ നില്ക്കുന്ന നീണ്ട കുടപ്പാലയുടെ കൊമ്പിലിരുന്നു കൊണ്ടു് കൂമൻ ശബ്ദിച്ചു. ഗോപാൽ തീരുമാനപ്പെടുത്തിയ പോലെ നടപ്പു നിറുത്തിയിട്ടു് നിന്നു. അയാറം അകലത്തേക്കു നോക്കി. ചുററും അന്ധകാരമാണ്. അയലത്തെങ്ങും വെളിച്ചത്തിൻെറ രശ്മിയൊന്നും കാണാനില്ല. സവ്വം ശാന്തം ലോകം രാത്രിയാകുന്ന കരിമ്പടം പുതച്ചുകൊണ്ടു് നിദ്രയിൽ ലയിച്ചിരിക്കുകയാണ്. ചീവീടുകറംപോലും ശബ്ദിക്കുന്നതായിത്തോന്നുന്നില്ല. നീലാംബരത്തിൽ തിളങ്ങിക്കൊണ്ടിരിക്കുന്ന നൂററയിരം താരങ്ങളുടെ സ്പന്ദനം മാത്രമേയുള്ള ചൈതന്യത്തിൻെറ സ്ഫുരണമുള്ളതായിട്ടു്.

ഗോപാൽ മുററത്തുനിന്നു് വരാന്തയിലേക്കു് കയറി. ഗവേഷണമുറിയുടെ ചാരിയിരുന്ന വാതിൽ പതുക്കെ തുറന്നു. അവിടെയുള്ള മേശപ്പുറത്തു് യന്ത്രേനിയൻ പതിഞ്ഞു കിടക്കുന്നുണ്ടു്; സ്വസ്ഥമായി, ചലനരഹിതമായി. സാധാരണ ചുഴററാറുള്ള കൈകറം അനങ്ങുന്നില്ല. ചൈതന്യവത്തായി കഴിഞ്ഞുകൂടുന്ന വേളകളിൽ അതിൻെറ ആൻറീനാ ചുഴററുന്നതു് സാധാരണമാണു്. ഏതാണ്ടു് മൂന്നുമാസത്തോളമായി അതു് ഗോപാലിൻെറ ഗവേഷണമുറിയിലെ ഏററവും ശ്രദ്ധയർഹി

ക്കുന്ന വസ്തുവായി സ്ഥാനം പിടിച്ചിട്ട്. ആശയങ്ങരം പകരുന്നതിന് ഉപയോഗിക്കുന്ന വലത്തെ ഫീലർ സ്പശിച്ചാൽ പുറത്തുനിന്ന് അതിനെ മനസ്സിലാക്കുവാനുള്ള ആശയങ്ങരം ഗോപാലിൻെറ മനസ്സിൽനിന്ന്—ബുദ്ധിയിൽനിന്ന്—അതിലേക്ക് പകരുകയായി. ഒന്നും പറയേണ്ട ആവശ്യമില്ല. അതുപോലെ അതിൻെറ ആശയങ്ങരം എന്തെന്നറിയുന്നതിന് രണ്ടാമത്തെ ഫീലർ സ്പശിച്ചാൽ മതിയാകും. ഇതു് മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇത്രയും നാളായി അതിന് ആഹാരമൊന്നും ആവശ്യമായിത്തോന്നിയിട്ടില്ല. മുമ്പൊരിക്കൽ ഗോപാൽ ഇതിനെക്കുറിച്ച് അന്വേഷിച്ചപ്പോരം അറിഞ്ഞതു് ഇതാണ്. ഗോപാലും യുറേനിയനും തമ്മിൽ പരസ്പരം കൈമാറിയ ആശയങ്ങരം അതേപടി പകത്താം:

'ആഹാരത്തിന് എന്തു് ഏപ്പാടാണ് ചെയ്യേണ്ടത്?'—ഗോപാൽ തൻെറ സംശയം യുറേനിയനെ അറിയിച്ചു.

'ആഹാരമോ?'—അതു് ചോദിച്ചു.

'അതെ.'

'എനിക്ക് അങ്ങനെ ഒരേപ്പാടിൻെറ ആവശ്യമില്ല.'

'പിന്നെ എങ്ങിനെ ജീവിക്കും?'

'ജീവിക്കാൻ ആഹാരമെന്തിന്?'

'ഈ ഭൂമുഖത്തുള്ള ജീവന് നിലനില്ക്കുവാൻ ആഹാരം വേണം. അതില്ലാതിരുന്നാൽ എല്ലാം നശിക്കും.'

'ആഹാരത്തിൻെറ ആവശ്യം എന്താണ്?'

'ജീവനുവേണ്ട ചൈതന്യം സിദ്ധിക്കുന്നതിന്...'

'ആ ചൈതന്യം നേരിട്ട് സ്വീകരിക്കാൻ കഴിഞ്ഞാൽ... പിന്നെ പുറത്തുനിന്ന് സമ്പാദിക്കേണ്ട കായ്യമുണ്ടോ?'

'ഇല്ല. പക്ഷെ അതു് എങ്ങിനെ സാധിക്കും?'

യുറേനിയന്ന് ചിരിയെന്ന മനോഭാവം ഉണ്ടായതായി ഗോപാലിന്ന് തോന്നി. എങ്കിലും ഗോപാൽ സംശയനിവൃത്തിക്കായി ചോദിച്ചു: 'പുറത്തുനിന്നു് എങ്ങിനെ സമ്പാദിക്കാനൊക്കും?'

'അറിയിക്കാം. ഈ പ്രപഞ്ചം മുഴുവൻ പ്രസരിച്ചുകൊണ്ടിരിക്കുന്നതെന്താണ്? എവിടെയും ഒഴിച്ചുനിർത്തുവാൻ കഴിയാത്തതു് എന്താണ്? ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള ചൈതന്യമല്ലേ? വെളിച്ചവും ചലനവും ഏറക്കുറച്ചിലനുസരിച്ച് എല്ലായിടത്തുമില്ലേ? ശൂന്യശൂന്യമായ ആകാശത്തിലും അതിൻെറ പ്രസരം നടമാടുന്നില്ലേ? അതില്ലാതെ എന്തെങ്കിലും, എവിടെയെങ്കിലും സങ്കല്പിക്കുവാൻ സാധിക്കുമോ?'

ഗോപാലിനെ ഇതു് വല്ലാതെ ചിന്തിപ്പിച്ചു. വാസ്തവമാണ്; ഊർജ്ജത്തിൻെറ, ചൈതന്യത്തിൻെറ അംശമില്ലാത്ത ഇടം എവിടെയുണ്ട്? ഈ പ്രപഞ്ചത്തിലെങ്ങുമില്ല. താരാപഥങ്ങൾക്കും അപ്പുറത്തുനിന്ന് ഇവിടേക്ക് വന്നുകൊണ്ടിരിക്കുന്ന പ്രപഞ്ചരശ്മികൾതന്നെയെന്താണ്? സൂര്യഗോളത്തിൽനിന്നു അനുനിമിഷം പ്രസരിച്ചുകൊണ്ടിരിക്കുന്ന ചൈതന്യവിശേഷമെന്താണ്? അത്യന്തം അന്ധകാരപൂരിതമെന്നു് സങ്കല്പിക്കുന്ന സ്ഥാനത്തുപോലും ഊർജ്ജത്തിൻെറ തരംഗങ്ങൾ പ്രസരിച്ചുകൊണ്ടിരിക്കുന്നില്ലേ? ഉണ്ട്. ഈ പ്രപഞ്ചംതന്നെ ഊർജ്ജത്തിൻെറ ഒരു മികച്ച രൂപത്തിലുള്ള സ്പന്ദനത്തിൻെറ പ്രതിഭാസമല്ലേ? ഇവിടെ ചൈതന്യമില്ലാത്ത ഒരു സ്ഥാനത്തെപ്പററി എങ്ങിനെ സങ്കല്പിക്കാനൊക്കും? അല്പനേരം ഇങ്ങനെയുള്ള ചിന്തയിൽ മുഴുകിയിരുന്ന ഗോപാലിനെ ഉണർത്തിയതു് യുറേനിയൻെറ ആശയപ്രവാഹം അയാളുടെ ബുദ്ധിയിലേക്ക് പ്രവേശിച്ചപ്പോഴാണ്. ആ പ്രവാഹം ഇങ്ങനെ തുടന്നു: 'ചൈതന്യപൂർണ്ണമായ ഈ ശക്തിവിശേഷത്തെ സ്വയം സ്വീകരിച്ചു ജീവിക്കാനുള്ള ശക്തി സംഭരിക്കുന്നതിന്നു് ഞങ്ങൾക്കു സാധിക്കും. ആഹാരരൂപത്തിൽ നിങ്ങൾ ശക്തി സ്വീകരിക്കു

ന്നതു് ഞങ്ങളുടെ ദൃഷ്ടിയിൽ ഏറ്റവും പ്രാകൃതമായിട്ടാണ് തോ ന്നുന്നതു്. ജീവിക്കുന്ന ചുററുപാടുകളിൽനിന്നു് സ്വതന്ത്രമായി ശക്തി സംഭരിക്കുന്നതിനുള്ള വിഷമം ഞങ്ങൾക്കില്ല. പിന്നെ എന്തിനു് ഞങ്ങൾ ആഹാരം കഴിക്കണം? ഞങ്ങളുടെ ശരീര ത്തിൻെറ പുറമെയുള്ള ഓരോ സെല്ലിനും ഇങ്ങനെയുള്ള ശക്തി സമ്പാദിക്കുവാനുള്ള ശേഷിയുണ്ടു്.'—ഗോപാൽ പിന്നെയും ചിന്തയിൽ മുഴുകി. അയാൾക്ക് പരിചിതമായ, ചില ജീവിക ളെക്കുറിച്ചു് അയാൾ ഓർമ്മിച്ചു. പാലിലും ജലത്തിലും മററു മുള്ള അണുജീവികൾ എങ്ങിനെയാണ് ജീവിക്കുന്നതു്? ആഹാ രം തേടുന്നതു്? എണ്ണമില്ലാത്തവണ്ണം അവ വർദ്ധിച്ചു് വളരു ന്നതു് എങ്ങിനെയാണു്? അവയ്ക്കു് ആവശ്യമുള്ള ഊർജ്ജാംശ ങ്ങൾ അതിൻെറ ചുററുമുള്ള പാലിൽനിന്നു്, ജലത്തിൽനിന്നു്, അതു് സ്വീകരിക്കുകയല്ലേ ചെയ്യുന്നതു്?

മേശമേൽ നിശ്ചലമായിക്കിടക്കുന്ന യുറേനിയനെ നോ ക്കി ഗോപാൽ കുറേനേരം നിന്നു. പഴയ വിചാരങ്ങൾ അയാ ളുടെ മനസ്സിൽ കെട്ടടങ്ങി. ഇതിനെ എങ്ങിനെ നശിപ്പിക്കും? എങ്ങിനെ നശിപ്പിക്കാതിരിക്കും? പിന്നെയും അയാൾക്കു് എന്തു ചെയ്യണമെന്നു് നിശ്ചയമില്ലാതായി.

ഗവേഷണമുറിയിൽനിന്നു് ഗോപാൽ അയാളുടെ സ്വകാ ര്യമുറിയിലേക്കു് പോയി. മുഖം താഴ്ത്തി കൈകൾ പുറകിൽ കെട്ടി, പതുക്കെപ്പതുക്കെയാണു് അയാൾ നടന്നതു്. കലങ്ങിമ റിഞ്ഞുവിമ്മിഷ്ടപ്പെടുന്ന ഒരു മനസ്സ് പേറിക്കൊണ്ടാണു് അ യാൾ നടന്നതെന്നു് അയാളുടെ മട്ടുകണ്ടാൽ ആർക്കും ബോദ്ധ്യ മാകും.

സ്വകാര്യമുറിയിൽ കടന്നു അയാൾ വിളക്കിട്ടു, പടിഞ്ഞാ റെ ഭിത്തിയോടു ചേർത്തു വെച്ചിട്ടുള്ള ഇരുമ്പു് അലമാര തുറന്നു. അതിനുള്ളിൽനിന്നു് ഒരൌൺസ് വലിപ്പമുള്ള ഒരു ചെറിയ കുപ്പിയെടുത്തു വെളിച്ചത്തേക്കു് നീങ്ങിനിന്നു. അതിൻെറ ലേ ബൽ വായിച്ചു—'വിഷം.' അയാളറിയാതെ ആ വാക്കുകൾ

പറഞ്ഞു—'വിഷം, സൂക്ഷിക്കുക...വളരെ കരുതലോടെ കൈ കാര്യം ചെയ്യുക.' ആ കൊച്ചുകുപ്പി ഇടത്തുകയ്യിൽ വെച്ചിട്ട് അലമാരിയിൽനിന്നു് ഗോപാൽ സിറിഞ്ച് എടുത്തു. അയാളുടെ ചലനത്തിലെല്ലാം കനത്ത ശാന്തത നിഴലിച്ചിട്ടുണ്ട്. ഓരോന്നും സുചിന്തിതമായി ചെയ്യുന്ന മട്ട് വ്യക്തമാണ്. സിറിഞ്ചിൻെറ സൂചി ഭംഗിയായി ഉറപ്പിച്ചു. ഗ്ലൗസ് എടുത്തു കയ്യിലിട്ടശേഷം വിഷം അടക്കിവെച്ചിട്ടുള്ള കുപ്പി വളരെ സൂക്ഷിച്ച് തുറന്നു. അതിലടങ്ങിയിരുന്ന സുവർണ്ണനിറമുള്ള വിഷദ്രാവകമെല്ലാം സിറിഞ്ചിലേക്ക് കയറ്റി. ജ്വലിച്ചുകൊണ്ടിരുന്ന വിളക്കിനെതിരെ സിറിഞ്ചു പൊക്കിനോക്കി. എല്ലാം ഭദ്രമാണ്. സൂക്ഷിച്ചു ജോലിചെയ്യുന്ന ഒരു വിദഗ്ധനായ ഡാക്റ്ററെപ്പോലെ അയാൾ സ്വകാര്യമുറിയിൽനിന്നു് ഇറങ്ങി ഗവേഷണമുറിയിലേക്ക് കടന്നു. അപ്പോഴും മേശപ്പുറത്തു് യുറേനിയൻ നിശ്ചലമായി കിടക്കുന്നുണ്ട്. ചുഴറ്റാറുള്ള അതിൻെറ ഫീലർ അനങ്ങുന്നില്ല.

വിഷം നിറച്ച സിറിഞ്ചും കയ്യിലേന്തി ദൃഢനിശ്ചയം ചെയ്ത ഒരാളെപ്പോലെ അയാൾ അതിനെ നോക്കിനിന്നു. അത്യന്തം കരുതലോടുകൂടി ഉന്നമെടുക്കുന്ന ഒരു വേട്ടക്കാരനെപ്പോലെ ഗോപാൽ അവിടെ നിൽക്കുകയാണ്. അയാളുടെ നോട്ടം രൂക്ഷതരമായി. അധരങ്ങൾ മുറുകി. വിശാലമായ നെററിത്തടത്തിൽ വിയർപ്പുതുള്ളികൾ പൊടിച്ചു. മേശയോട് കുറേക്കൂടിയടുത്തുനിന്നുകൊണ്ടു് അയാൾ സകല ശക്തികളും എടുത്ത് സിറിഞ്ചിൻെറ സൂചി യുറേനിയൻെറ പുറത്തേക്ക് കുത്തിയിറക്കി. അയാൾ മുമ്പെങ്ങും അനുഭവിച്ചിട്ടില്ലാത്ത ഒരു ഷാക്ക് നേരിടേണ്ടിവന്നു. എങ്കിലും അയാൾ ഉലഞ്ഞില്ല. തന്നെ ഹിംസിക്കുവാനെത്തിയ ദുഷ്ടമൃഗത്തിൻെറ നെഞ്ചിൽ പിടിവരെ കഠാരി കുത്തിയിറക്കി വിജയം നേടാൻ പാടുപെടുന്ന ടാർസനെപ്പോലെ ഗോപാൽ സിറിഞ്ച് കുത്തിയിറക്കി അതിലെ വിഷദ്രാവകമെല്ലാം യുറേനിയൻെറ ശരീരത്തിൽ ചെലുത്തി

യിട്ട് അതിൻെറ അടുത്തുനിന്ന് വിട്ടുമാറി. തൻെറ മുമ്പിൽ കിടന്നു പിടയ്ക്കുന്ന വികൃതജന്തുവിൻെറ മരണവിക്രിയകഠം കാണാൻ കാത്തുനിൽക്കാതെ, ഗവേഷണമുറിയുടെ വാതിൽ ചാരിയിട്ടു അയാഠം പുറത്തിറങ്ങി. വരാന്തയിൽ നിന്നുകൊണ്ട് നെററിയിൽ പൊടിച്ച് ഒലിച്ചു ഒഴുകിത്തുടങ്ങിയ വിയർപ്പുതുള്ളികഠം വിരലുകൊണ്ട് വാത്തുകളഞ്ഞു. ഗോപാൽ മുററത്തേക്ക് ഇറങ്ങി. വലിപ്പമേറിയ താറാവുകളെ കഴുത്തുമുറിച്ച് വലിച്ചെറിയുമ്പോഠം, ചിറകടിച്ച് പിടച്ചുമരിക്കുമ്പോഠം കേഠംക്കുന്നതുപോലെ മുറിയ്ക്കുള്ളിൽനിന്ന് ശബ്ദങ്ങഠം പുറത്ത് പ്രതിദ്ധ്വനിക്കുന്നത് അയാഠം കേട്ടു. അതിൽനിന്നു കഴിയുന്നതും അകന്നുപോകുവാൻ അയാഠം ആവേശം കാണിച്ചു. ഏതാണ്ട് അഞ്ചു നിമിഷങ്ങഠം കഴിഞ്ഞപ്പോഠം അകത്ത് ശബ്ദമൊന്നും കേഠംക്കാതായി. സർവ്വം ശാന്തം!

പടിഞ്ഞാറുനിന്ന് പതുക്കെ തണുത്ത കാററ് വീശി. വിയത്തുകുളിച്ച് മുററത്ത് അസ്വസ്ഥനായി നടന്നിരുന്ന ഗോപാലിൻെറ ശരീരത്തിൽ കാററ് വന്നടിച്ചപ്പോഠം ക്രമത്തിലധികം തണുപ്പു തോന്നി. അയാഠം ദീർഘമായി നിശ്വസിച്ചു. അങ്ങകലെ എങ്ങോ കുഞ്ഞു് ഉണർന്നു കരയുന്ന ശബ്ദം അന്ധകാരത്തിലൂടെ അയാളുടെ കണ്ണുപുടങ്ങളിൽ വന്നലച്ചു. ചീവീടുകഠം അവയുടെ അവിരാമമായ ശബ്ദകോലാഹലങ്ങഠം ഉണ്ടാക്കാൻ തുടങ്ങിയിരിക്കുന്നു. ഇതുവരെ പ്രകൃതിയിലെ പരിവത്തനങ്ങളൊന്നും അറിയാതെ അവിടെ കഴിഞ്ഞുകൂടിയിരുന്ന അയാഠം അവ ഓരോന്നും ശ്രദ്ധിക്കുകയായി. ഏതെല്ലാം വിധത്തിലുള്ള ശബ്ദങ്ങളാണ് അന്ധകാരത്തിൽക്കൂടി അലതല്ലിയുയരുന്നത്! അവയെ ശ്രദ്ധിച്ചുതുടങ്ങിയാൽ എത്ര ആയിരം ശബ്ദങ്ങഠം തരംതിരിച്ചെടുക്കാനൊക്കും?

അത്യദ്ധ്വാനം ചെയ്തു വല്ലാതെ ക്ഷീണിച്ച ഒരാളെപ്പോലെ അയാഠം വിശ്രമത്തിനുവേണ്ടി ദാഹിക്കുകയാണ്. സർവ്വ

വും വിസ്മരിച്ച് കണ്ണും പൂട്ടി നീണ്ടുനിവൻകിടന്നു് ഒന്നു് ഉറങ്ങിയെങ്കിൽ.......

ഗവേഷണമുറിയുടെ കതക് തുറന്നുനോക്കാൻ ധൈര്യപ്പെട്ടില്ല. അതു് മുറുക്കി ചാരിയിട്ട് സ്വകാര്യമുറിയിലേക്ക് പോയി കട്ടിലിൽ കിടന്നു. അന്നു നടന്നതെല്ലാം മറക്കാൻ അയാൾ മനഃപൂർവ്വം ശ്രമിച്ചു. അയാൾക്ക് ഒന്നിനേക്കുറിച്ചും പ്രത്യേകമായി ചിന്തിക്കാനില്ല. തിക്കിത്തിരക്കി ഒരു ആയിരം കാര്യങ്ങൾ അയാളുടെ തലച്ചോറിലുണ്ടു്. കണ്ണ് മുറുക്കി അടച്ചുകൊണ്ടു് അയാൾ കിടന്നു. ആ കിടപ്പിൽ എത്രനേരം കിടന്നെന്നുതന്നെ നിശ്ചയമില്ല. അറിയാതെ നിദ്രയിൽ ആണ്ടുപോയി.

iii

ഗോപാലിൻെറ വസതിയിലെ സ്വീകരണമുറിയിൽ പത്രപ്രതിനിധികളും ജിജ്ഞാസുക്കളായ മററു ചിലരുമായി നല്ല ഒരു കൂട്ടം തിരക്കിക്കൂടിയിട്ടുണ്ടു്. അത്ഭുതമുളവാക്കത്തക്ക ചില ഉപകരണങ്ങൾ അയാൾ നിർമ്മിച്ചിരിക്കുന്നതായി അവർ മനസ്സിലാക്കി. നിരന്തരമായ നിർബ്ബന്ധം കാരണം ഇന്നേദിവസം അവരെ കണ്ടു് ചിലതൊക്കെ സംസാരിക്കാമെന്നു് അയാൾ ഏററിരിക്കുകയാണു്.

'മന്ത്രവാദികളെ നിങ്ങൾക്ക് വിശ്വാസമാണോ?'—കുറുപ്പിൻെറ പരുപരുപ്പൻ ശബ്ദമായിരുന്നു. കൂടിയിരുന്നവരെല്ലാം അയാളെ നോക്കി. ഏതു പത്രസമ്മേളനത്തിലും അയാൾ സംബന്ധിക്കും. പ്രധാനപ്പെട്ട ഒരു പത്രത്തിൻെറ പ്രതിനിധിയാണയാൾ. ചെവിയുടെ മുകളിലും തലയുടെ പുറകിൽ താഴെയുമായി കുറച്ചു കുററിമുടിയല്ലാതെ മറെറാന്നും അയാളുടെ തലയിലില്ല. തലയിൽ നഷ്ടപ്പെട്ട രോമമൊക്കെ അയാളുടെ ശരീ

രത്തിൽ വീണു കിളിച്ചിരിക്കുകയാണോയെന്നു തോന്നും ശരീര മാസകലം സമൃദ്ധിയായി വളരുന്ന ചുരുണ്ട രോമം കണ്ടാൽ. രോമരഹിതമായ തലയിൽ ലേസുകൊണ്ടു് വിയർപ്പു തുടച്ചു് അയാൾ വീണ്ടും ചോദിച്ചു: 'മന്ത്രവാദികളെ വിശ്വാസമു ണ്ടോ?'

ആരും അതിനു് മറുപടി പറഞ്ഞില്ല. എല്ലാവരും അയാളെ കൌതുകപൂർവ്വം നോക്കിയിരുന്നതേയുള്ള.

'അതെന്താ അങ്ങനെ ചോദിച്ചെ?'—പുരികംപോലും നര ച്ചുതുടങ്ങിയ ഒരാളാണു് സംസാരിച്ചതു്.—'ഞാൻ പണ്ടു മല യായിൽ ആയിരുന്നപ്പോൾ...'

'ഇപ്പോഴത്തെ കണ്ടുപിടുത്തങ്ങൾ പണ്ടു് മാജിക്കും മന്ത്ര വാദവുംകൊണ്ടു് നടത്തിയിരുന്നപോലുള്ളതല്ലേ?'—സാമാന്യ ത്തിലധികം മെലിഞ്ഞ ശരീരത്തോടുകൂടിയ ഒരു ചെറുപ്പക്കാ രൻ ആരോടെന്നില്ലാതെ പറഞ്ഞു. തൻെറ അനുഭവകഥ മുഴു മിക്കുവാൻ അവസരം നൽകാതെ, ഇടയ്ക്കുകയറി സംസാരിച്ച തിനാൽ പുരികം നരച്ച മനുഷ്യൻ ചെറുപ്പക്കാരനെ രൂക്ഷമാ യി നോക്കിയിരുന്നു.

'മനുഷ്യരെ വല്ലതും പറഞ്ഞു് ഇളക്കാനുള്ള വിദ്യയാ ണിതെന്നു് ഞാൻ ആണയിടാം.'—കുറുപ്പിൻെറ പരുപരുത്ത ശബ്ദമായിരുന്നു.

'ശാസ്ത്രത്തിൽ വിശ്വാസമില്ലാത്തവരേ ഗോപാലിൻെറ ഈ കണ്ടുപിടുത്തങ്ങളെ അസത്യങ്ങളായി വിചാരിക്കൂ.' ഊർജ്ജ തന്ത്രം കാളേജിൽ പഠിപ്പിക്കുന്ന ഒരദ്ധ്യാപകനായ വിശ്വനാഥ ൻെറ അഭിപ്രായമായിരുന്നു അതു്.

'അല്ലെങ്കിൽപിന്നെ എങ്ങിനെ വിശ്വസിക്കാതിരിക്കും? ഞാൻ മലയായിൽ ആയിരുന്നപ്പോൾ...' പുരികം നരച്ച ആ മനുഷ്യൻ വീണ്ടും തുടങ്ങി.

'മനുഷ്യൻെറ തലച്ചോറിൽ ആണല്ലോ അവൻെറ അറിവെല്ലാം സംഭരിച്ചുവെക്കുന്നത്...' പിന്നെയും മെലിഞ്ഞുനീണ്ട ആ യുവാവാണ്. പുരികം നരച്ച ആൾ വൈരാഗ്യത്തോടെ അയാളെ രൂക്ഷമായി നോക്കി.

'തലച്ചോറിലുള്ള അറിവിൻെറ അംശങ്ങളെല്ലാം എങ്ങിനെ കഴുകിക്കളയാനൊക്കും?' വളരെക്കാലം ജന്തുവിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുള്ള ഒരു അദ്ധ്യാപകനാണ് സംസാരിച്ചത്. ഇപ്പോൾ ഒരു പത്രപ്രതിനിധിയാണ്.

'അതൊക്കെ വിശദീകരിക്കാനല്ലേ ഇവിടെ എല്ലാവരേം വിളിച്ചുകൂട്ടിയിരിക്കുന്നത്?' ഊർജ്ജതന്ത്രജ്ഞനായ യുവാവാണ്.

'ഇനിയും രണ്ടുനിമിഷമല്ലേയുള്ളു.' കൂട്ടത്തിലുള്ള ആരോ പറഞ്ഞു. 'ഇപ്പോൾ വിശദീകരണം കേൾക്കാമല്ലോ.'

'അതും ഇതും പറഞ്ഞ് നമ്മെ മിരട്ടി അയക്കാമെന്ന് അയാൾ വിചാരിക്കുന്നുണ്ടായിരിക്കും. അങ്ങിനെയായാൽ ഞാനൊരു കാച്ചുകാച്ചും നാളത്തെ പത്രത്തിൽ.'—കുറപ്പിൻെറ പരുപരുത്ത ശബ്ദംതന്നെ.

ഈ സമയത്ത് സ്വീകരണമുറിയിലേക്കുള്ള ഡോർകർട്ടൻ നീക്കിയിട്ട് ഗോപാൽ കടന്നുവന്നു. എല്ലാവരും അറിയാതെ എഴുന്നേററു. സ്വീകരണമുറിയിൽ പ്രധാനസ്ഥാനത്തുകിടന്നിരുന്ന കസേരയിൽ അയാൾ ആസനസ്ഥനായി.

കനത്ത നിശ്ശബ്ദത.

ഗോപാലിൻെറ മുഖത്ത് ഗൌരവഭാവമാണ് മുന്തിനിന്നിരുന്നത്. അവിടെ തിങ്ങിക്കൂടിയിരിക്കുന്ന ആളുകളെ അയാളാകപ്പാടെ ഒന്നു ഓടിച്ചുനോക്കി.

'ശരി.'—അയാൾ അവരുടെ അന്വേഷണങ്ങൾക്ക് മറുപടി നൽകുവാൻ തയ്യാറായിരിക്കുന്നു എന്ന മട്ടിൽ കൈകൾ മേശമേൽവെച്ച് ഇരുന്നു.

'നിങ്ങളെയെല്ലാം ഒന്നിച്ചു കാണാൻ ഇടവന്നതിൽ എനിക്കു സന്തോഷമുണ്ട്. എൻെറ ശാസ്ത്രഗവേഷണങ്ങളെപ്പററി നാട്ടതോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഊഹാപോഹങ്ങൾക്ക് വിരാമമിടേണ്ടതു് ആവശ്യമായിത്തീന്നിരിക്കുന്നു. ഞാനെന്തെങ്കിലും വിശദീകരണം നൽകുന്നതിനേക്കാൾ നിങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതായിരിക്കുമല്ലോ ഭംഗി. ഞാൻ ഇതാ തയ്യാറായി.'

'ഒരാളുടെ ബുദ്ധിയിൽ ഇന്നുവരെ നിലനിന്നുവരുന്ന അറിവും അനുഭവങ്ങളും മററും തുടച്ചുനീക്കുവാൻ സാധിക്കുന്ന ഉപകരണങ്ങൾ നിങ്ങൾ നിമ്മിച്ചിട്ടുണ്ടെന്നാണോ അവകാശപ്പെടുന്നതു്?'—പരുപരുത്ത സ്വരത്തിൽ അത്രയും പറഞ്ഞതു് കുറുപ്പാണ്.

ഗോപാലിൻെറ മുഖം സന്തോഷത്താൽ തെളിഞ്ഞു. അയാൾ ചെറുചിരിയോടുകൂടി പറഞ്ഞു: 'അതെ!'

'അതെങ്ങിനെ സാധിക്കും?'—മെലിഞ്ഞു നീണ്ട ശരീരമുള്ള യുവാവാണ് ചോദിച്ചതു്.

'ഒററവാക്കുകൊണ്ട് പറഞ്ഞുതീക്കാവുന്ന കാര്യമാണോ ഇതു്? മനുഷ്യൻെറ ബുദ്ധിയിൽ കടന്നുകൂടിയിട്ടുള്ള എല്ലാ ആശയങ്ങളും തുടച്ചുനീക്കിയിട്ട് നാം ആഗ്രഹിക്കുന്ന ആശയങ്ങളും ചിന്താഗതികളും അതിൽ കലത്തി പുതിയ ഒരു ജീവിതം നയിക്കുന്നതിന് സാധിക്കുമെന്നു് ഞാൻ തെളിയിക്കാം. അന്നുവരെ അവന് ഉണ്ടായിരുന്ന ശീലം മാററാനും ഇതു് ഇടവരുത്തും.'

'ഒരു ഉദാഹരണംകൊണ്ടു് ഇതു് വെളിപ്പെടുത്താമോ?'—അവിടെ കൂടിയിരുന്നവരിൽ ആരോ ചോദിച്ചു.

'വാസ്തവമാണു്.'—അതിനോടു് പലരും അനുകൂലിച്ചു.

'വിഷമമില്ല.'—ഗോപാൽ സമ്മതിച്ചു. 'നമ്മുടെ തലച്ചോറാണു് ബുദ്ധിയുടെ കേന്ദ്രം എന്നു് അറിയാമല്ലോ. എന്നാൽ ഈ തലച്ചോറു് എന്തുകൊണ്ടാണു് നിർമ്മിക്കപ്പെട്ടിരിക്കുന്നതു്? കോടിക്കണക്കിനുള്ള നാഡീശാലങ്ങളാൽ. അതായതു് നെർവ് സെൽസ് എന്നു് ഇംഗ്ലീഷിൽ പറയും. ഒരു നാഡീശാലം മൊട്ടുസൂചിയുടെ മുനയോളമേ കാണുകയുള്ളു. എങ്കിലും അമിതപ്രാധാന്യമുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ശേഷി അതിനുണ്ടു്. ഇത്തരം നാഡീശാലങ്ങളാൽ ആണു് നാഡീതന്തുക്കൾ നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. മനുഷ്യന്റെ അറിവും അനുഭവങ്ങളുമെല്ലാം അവന്റെ തലച്ചോറിലെ നാഡീതന്തുക്കളിൽ അടങ്ങിയിരിക്കുന്നു. അതെങ്ങിനെയെന്നു് സൂചിപ്പിക്കാം. വയർറെക്കോർഡിംഗ് നിങ്ങൾ കണ്ടിരിക്കുമെന്നു് എനിക്കു വിശ്വാസമുണ്ടു്. അതിൽ ലോലമായ ഒരു കമ്പിക്കുള്ളിൽ ആലക്തികപരിവർത്തനങ്ങളാലും കാന്തികാവിഷ്കരണത്താലും ശബ്ദം ലേഖനം ചെയ്യപ്പെടുകയാണല്ലോ. നമുക്കു് ആവശ്യമുള്ളപ്പോൾ അതു് വീണ്ടും കേൾക്കുന്നതിനും സാധിക്കും. അതുപോലെയാണു് നമ്മുടെ തലച്ചോറു് പ്രവർത്തിക്കുന്നതെന്നു പറയുന്നതിൽ വലിയ അപാകതയില്ല. മനുഷ്യനു് സിദ്ധിക്കുന്ന ഓരോ അറിവും അനുഭവവും തലച്ചോറിലെ നാഡീതന്തുക്കളിൽ ലേഖനം ചെയ്യപ്പെടുന്നു. പിന്നീടു് ആവശ്യമുള്ള അവസരത്തിൽ അതു് ഓർമ്മയിൽ കൊണ്ടുവന്നു് പ്രയോജനപ്പെടുത്താനും വിഷമമില്ല. ഓർക്കുകയെന്നു പറയുന്നതു് വയർ റെക്കാർഡറിൽ ശബ്ദലേഖനം ചെയ്തിട്ടുള്ള കമ്പി തിരിച്ചു പ്രവർത്തിച്ചു് റെക്കാർഡുചെയ്തിട്ടുള്ളതു് കേൾക്കുകയാണെന്നു കരുതിയാൽ മതി.' തന്റെ സംസാരം അവിടെ

കൂടിയിരിക്കുന്നവർ കാര്യമായി കരുതി ശ്രദ്ധിക്കുന്നുണ്ടോയെന്നു അറിയുവാനായി ഗോപാൽ തലയുയർത്തിനോക്കി. അവരെല്ലാം താല്പര്യപൂർവ്വം അതു മനസ്സിലാക്കുന്നുണ്ടെന്നു് ബോദ്ധ്യമായപ്പോഠം അയാഠം തുടന്നു:—'ഇവിടെ ഒരു സംഗതി പ്രത്യേകം ഓർമ്മിക്കണം. നിങ്ങഠംക്കു് ഇഷ്ടമുള്ളപ്പോഠം, ഇഷ്ടമുള്ള ശബ്ദം ഇത്തരം ഒരു വയർറെക്കാഡർ ഉപയോഗിച്ചു് കമ്പിയിൽ ലേഖനം ചെയ്യാമല്ലോ. അതുപോലെ റെക്കാർഡു് ചെയ്തിട്ടുള്ളതു് പൂർണ്ണമായി മായ്ച്ചുകളയുന്നതിനും കഴിവില്ലേ? കമ്പിയിൽ ഒരിക്കൽ റെക്കാർഡുചെയ്തവ മായ്ക്കാതെയിരുന്നാൽ അനവധി വർഷങ്ങഠം അങ്ങിനെ സൂക്ഷിക്കുവാൻ സാധിക്കുമെന്നു് അറിയാമല്ലോ. ഇതുതന്നെയാണു് മനുഷ്യന്റെ ബുദ്ധിയിൽ സംഭവിക്കുന്നതു്. ബാല്യകാലംതൊട്ടു അവൻ നേരിടുന്ന കാര്യങ്ങളും അനുഭവങ്ങളും നൽകുന്ന അറിവു് നാഡീതന്തുക്കളിൽ ലേഖനംചെയ്തു് സൂക്ഷിക്കുന്നു. ഈ അനുഭവങ്ങളെല്ലാം കോടിക്കണക്കിനു് അവിടെ സംഭരിക്കുന്നുണ്ടു്. പക്ഷെ സംഭരിക്കുകയല്ലാതെ ഒരിക്കലും അതു് മായ്ക്കപ്പെടുന്നില്ല. എന്നാൽ മറവിയെന്നു പറയുന്നതു് ഒരുതരം മായ്ക്കലല്ലേ? അല്ല. മറവി, ആവശ്യമായ കമ്പി കണ്ടെത്തി രണ്ടാമതു് കേഠംക്കുവാൻ ഉണ്ടാകുന്ന വിഷമവും അമാന്തവും മാത്രമാണു്. അനുഭവങ്ങഠം രേഖപ്പെടുത്തുവാനുള്ള ശേഷി സമ്പാദിച്ച നാഠം തൊട്ടു് ലേഖനം ചെയ്യപ്പെടുന്നതൊക്കെ തലച്ചോറിൽ കാണും. കമ്പിയിൽ ലേഖനം ചെയ്തിട്ടുള്ള ഒരു കാര്യത്തെ മാറ്റുന്നതിനു് നമുക്കു് കഴിയുമെന്നു് പറഞ്ഞല്ലോ. അതുപോലെ, നാഡീതന്തുക്കളിൽ ലേഖനം ചെയ്തിരിക്കുന്ന അറിവുകളും അനുഭവങ്ങളും ശീലങ്ങളും എല്ലാം മാറ്റുന്നതിനു് ഒരു ഉപകരണം ഞാൻ കണ്ടുപിടിച്ചിരിക്കുന്നു. നാഡീതന്തുക്കഠം ശുദ്ധമാക്കുന്നതിനു മാത്രമല്ല അതിൽ എനിക്കു് ആവശ്യമുള്ള ആശയങ്ങളും ശീലങ്ങളും മററും ലേഖനം ചെയ്യുന്നതിനും കഴിവുണ്ടു്.'

'ഇതു് അത്യത്ഭുതംതന്നെ!'—പലരും ഒന്നിച്ചാണു് അതു്

പറഞ്ഞതു്! അവിടെ ക്രൂടിയിരുന്നവർ അവ്യക്തമായി അടക്കി പലതും പരസ്പരം പറയുന്നുണ്ടായിരുന്നു.

'എൻെറ ഈ പ്രസ്താവനയിൽ സംശയം ഉള്ള ഏതൊരാളേയും പരീക്ഷണംകൊണ്ടു് തെളിയിച്ചു കാണിക്കുവാൻ ഞാൻ തയ്യാറാണു്. എന്നാൽ ഒരു കാൎയ്യമുണ്ടു്. ഒരാളുടെ ബുദ്ധിയിൽനിന്നു് മായ്ച്ചുകളയുന്ന കാൎയ്യങ്ങൾ ശേഖരിച്ചുവെക്കുന്നതിനുള്ള ഉപാധിയൊന്നും ഇല്ല. അതിനാൽ മായ്ക്കപ്പെട്ടതു് നഷ്ടമായതുതന്നെ. ഈ സംഗതി മനസ്സിലാക്കി സ്വയം മുമ്പോട്ടുവന്നു് പരീക്ഷണത്തിനു വിധേയമാകാൻ തയ്യാറുള്ളവർ വരുക. എൻെറ കണ്ടുപിടുത്തത്തിൻെറ വില നിൎണ്ണയിക്കുക.'

അവിടെ ഉണ്ടായിരുന്നവരാരും മിണ്ടിയില്ല. അസ്വസ്ഥമായ നിശ്ശബ്ദത അവിടെ നിറഞ്ഞുനിന്നു. ആരും പരീക്ഷണത്തിനു വിധേയമാകാൻ തയ്യാറായില്ല.

'ആരും തയ്യാറില്ലെങ്കിൽ...ഞാൻ എൻെറ കണ്ടുപിടുത്തം മൂലം അവകാശപ്പെടുന്ന വിജയം നിങ്ങൾ അംഗീകരിക്കുക.'—തികഞ്ഞ ഗൌരവത്തോടുകൂടിയാണു് ഗോപാൽ സംസാരിച്ചതു്. 'ഇവിടെ ഇരിക്കുന്ന നിങ്ങളെ ഓരോരുത്തരേയും രണ്ടു നിമിഷത്തിനുള്ളിൽ എൻെറ ആജ്ഞാനുവൎത്തികളാക്കി മാററുവാൻ എനിക്കു സാധിക്കും. നിങ്ങളുടെ തലച്ചോറെല്ലാം നിങ്ങളറിയാതെ 'കഴുകി' ശുദ്ധമാക്കുവാൻ എനിക്കു് അര നിമിഷം മതി. എൻെറ ആഗ്രഹമനുസരിച്ചുള്ള ആശയങ്ങൾ അതിൽ സ്ഥാപിക്കുവാൻ ഒരു നിമിഷം വേണം. അത്രേയുള്ളു.' ഭയവും ദയനീയതയും കലൻനിന്നിരുന്ന കണ്ണുകൾ അയാളിൽ കേന്ദ്രീകരിച്ചിരിക്കുകയാണു്. അടുത്തനിമിഷത്തിൽ അജ്ഞാതമായ എന്തോ അത്യാപത്തു് സംഭവിക്കാനിരിക്കുകയാണെന്നു് അവിടെ കൂടിയിരുന്നവർ ഓരോരുത്തരും വിശ്വസിച്ചു. ആൎക്കും ഒന്നും പറയാനുള്ള ശക്തിതന്നെയില്ല.

ഗോപാൽ എഴുന്നേററു. അയാളുടെ ഓരോ പ്രവർത്തിയും അവിടെ കൂടിയിരുന്നവർ സൂക്ഷിക്കുകയാണ്. അയാൾ ശാന്ത ഗംഭീരനായി നടന്നു സ്വകാര്യമുറിയിലേക്ക് പോയി. ഒരു നിമിഷം കഴിഞ്ഞു ചെറിയ ഒരു പ്ലാസ്റ്റിക്ക് പെട്ടിയിൽ ഒതുക്കി വെച്ചിട്ടുള്ള സങ്കീർണ്ണമായ ഉപകരണവുമായി മടങ്ങിവന്ന് പഴയ സ്ഥാനത്ത് ഇരുന്നു.

കനത്ത നിശ്ശബ്ദതയാണ് അവിടെ. ഭിത്തിയിൽ ഇരിക്കുന്ന നാഴികമണിയുടെ 'ടിക്' 'ടിക' ശബ്ദം വിമ്മിഷ്ടപ്പെട്ടു നീങ്ങുന്ന വിനാഴികകളുടെ ഹൃദയസ്പന്ദനംപോലെ അവിടെ കേൾക്കാനുണ്ടെന്നുമാത്രം.

'ഇതാണ് ഞാൻ കണ്ടുപിടിച്ച ഉപകരണം.' മേശമേൽ വെച്ചിരുന്ന സങ്കീർണ്ണമായ യന്ത്രോപകരണം കാണിച്ചുകൊണ്ട് ഗോപാൽ പറഞ്ഞു. 'എന്റെ പരീക്ഷണത്തിന് വിധേയമാകാൻ ആക്കും സമ്മതമില്ലാത്തതിനാൽ നിങ്ങളെ ഇതിന്റെ പ്രവർത്തനം കാണിക്കുവാൻ നിർവ്വാഹമില്ലാതെയാണിരിക്കുന്നത്. സംശയങ്ങൾ വല്ലതുമുണ്ടെങ്കിൽ ചോദിക്കാം.'

ആരും ഒന്നും ഒന്നുരണ്ടു നിമിഷത്തേക്ക് പറഞ്ഞില്ല. ആ രംഗത്തുനിന്ന് രക്ഷപ്പെടണമെന്നുള്ള ആഗ്രഹമാണ് അവരിൽ ഓരോരുത്തരിലും മുന്തിനിന്നിരുന്നതെന്നു വ്യക്തമാണ്. അവരുടെ മനോഭാവം മനസ്സിലാക്കിയ ഗോപാൽ പതുക്കെ പറഞ്ഞു: 'ഒന്നും പറയാനില്ലെങ്കിൽ....'

അതുവരെ ഇരുന്നിരുന്നവർ അറിയാതെ എഴുന്നേററു. ഓരോരുത്തരായി പുറത്തിറങ്ങി. അല്പസമയത്തിനുള്ളിൽ അവിടെ ഗോപാൽ തനിച്ചായി.

iv

ദിവസം രണ്ടുമൂന്നു കഴിഞ്ഞു.

സമയം ഒൻപതുമണിയോടടുത്തിരിക്കും. പ്രതീക്ഷിക്കാത്ത അതിഥി ആരായിരിക്കുമെന്ന് അറിയാൻ ഗോപാൽ സ്വകാര്യ

മുറിയിൽനിന്ന് പുറത്തേക്കു വന്നുനോക്കി.

'അതാ അവിടെ ഇരിക്കു! ഇപ്പോഠം വന്നേക്കാം.'—സ്വീകരണമുറിയിലേക്കു ചൂണ്ടിക്കാണിച്ചിട്ട് പിന്നേയും ഗോപാൽ മുറിയിലേക്കു പോയി.

ആഗതൻ സ്വീകരണമുറിയിലുള്ള സെറ്റിയിൽ ഇരുന്നു. രണ്ടുദിവസം മുമ്പ് ഇവിടെവെച്ച് ഗോപാലിനെ അയാഠം സന്ദർശിച്ചതാണ്. ഭിത്തിയിൽ തൂക്കിയിരുന്ന ചിത്രങ്ങളിലേക്കു അയാളുടെ ശ്രദ്ധ തിരിഞ്ഞു. അതിലേക്ക് ഓരോന്നിലേക്കും ദൃഷ്ടി പതിഞ്ഞു. അങ്ങിനെ അല്പസമയം കഴിഞ്ഞപ്പോഠം ഗോപാൽ പ്ലാസ്റ്റിക് പെട്ടിയും അതിലടക്കിവെച്ചിട്ടുള്ള ഉപകരണവുമായി മുറിയിലേക്ക് വന്നു കസേരയിൽ ഇരുന്നു.

'എനിക്കു മനസ്സിലായില്ല.'—ഗോപാൽ പറഞ്ഞു.

'രണ്ടുദിവസം മുമ്പ് ഞാൻ ഇവിടെ വന്നിരുന്നു. പത്രപ്രതിനിധികളോടുകൂടി.'

'ഓർമ്മിക്കുന്നില്ല.'

'ഞാൻ ഇന്നലെവരെ ഒരു പത്രപ്രതിനിധിയായിരുന്നു.'

'ഇന്നു്?'

'സ്വതന്ത്രനായ ഒരു വ്യക്തി.'

'ഇങ്ങോട്ടു പോന്നതിൻെറ കാര്യം?'

'ഉണ്ട്.'—അയാഠം ചുറവുപാടും നോക്കി. 'എന്നെ അറിയുന്നതു് മി. കുറുപ്പ്...'

'ഓ!'

കുറുപ്പ് പിന്നെയും ചുററും നോക്കി.

'ഇവിടെ ആരും ഇല്ല.'

'എനിക്ക് ചിലതു് രഹസ്യമായി സംസാരിക്കാനുണ്ട്.'

'എന്താണ്?' സംശയത്തോടെ ഗോപാൽ പറഞ്ഞു. 'എന്തും തുറന്നു പറയാമല്ലോ. ഇവിടെ ആരുമില്ല.'

'അങ്ങയുടെ പുതിയ കണ്ടുപിടുത്തത്തെക്കുറിച്ചാണ്.'

'ഓഹോ!'

'അതിൻെറ രഹസ്യം....' കുറപ്പ് സംസാരം സാവധാനത്തിലാക്കി.

'അതിൻെറ രഹസ്യം ...ഞാൻ ആക്കും നൽകുവാനുദ്ദേശിക്കുന്നില്ല.'

'ഞാൻ പറയുന്നതു് മുഴുവൻ കേട്ടിട്ട് അതു നിശ്ചയിക്കുക.'

'എനിക്ക് ഒന്നും കേൾക്കേണ്ട കാര്യമില്ല.'

'അങ്ങിനെ പറയരുതു്. ഞാൻ വന്നിരിക്കുന്നതു് എന്തു പ്രതിഫലം തന്നും അതിൻെറ രഹസ്യം ഏററുവാങ്ങാൻ കെൽപുള്ള ഒരു സംഘടനയുടെ പ്രതിനിധിയെന്ന നിലയിലാണ്.' കോട്ടിൻെറ കീശയിൽനിന്ന് കുറപ്പ് കെട്ടുകണക്കിന് നോട്ടുകൾ പുറത്തേക്കെടുത്തു് അടുത്തിരുന്ന ടീപ്പോയിയുടെ പുറത്തു വെച്ചുതുടങ്ങി. അതുകണ്ടു് ഗോപാൽ അവജ്ഞയോടെ ചിരിച്ചു.

'നിങ്ങൾ പറയുന്ന തുക തരുന്നതിന് വിഷമമില്ല.'

ഗോപാൽ അതിനു നൽകിയ മറുപടി അവജ്ഞയോടെയുള്ള ചിരി മാത്രമായിരുന്നു.

'ഞങ്ങളുടെ സംഘടനയിലെ ഏറ്റവും പ്രധാനപ്പെട്ട ആളായി അങ്ങയെ അംഗീകരിക്കുകയും ചെയ്തുകൊള്ളാം.'

'അതായതു് സ്ഥാനമാനങ്ങൾകൊണ്ടു് എന്നെ അഭിഷേകം ചെയ്യാമെന്ന്, അല്ലേ?'

'അതെ! സ്ഥാനമാനങ്ങളും സമ്പത്തും ആദരവും എല്ലാം അങ്ങേയ്ക്കുള്ളതാണ്.'

'പിന്നെ?'

'പിന്നെ എന്തു വേണമെന്നു് പറയുക.'

'ഞാൻ രഹസ്യം വിട്ടുതന്നാൽത്തന്നെ പോരാ. നിങ്ങളുടെ സംഘടനയിലും ചേരണം അല്ലേ?'

'അതു് ഇഷ്ടംപോലെ!'

'ഓഹോ! ഇത്രേയുള്ളോ?'

'ഇനി എന്തു വേണമെന്നറിയിക്കുക.'

'മി. കുറുപ്പ്!'—ഗോപാലിൻെറ സംസാരം ശാസനാരൂപത്തിലായിരുന്നു. അറിയാതെ അതിൻെറ ആജ്ഞാശക്തിക്ക് കുറുപ്പ് വിധേയനായി. 'മനുഷ്യരാശിയെ അടക്കം നിയന്ത്രിക്കാൻ എനിക്ക് കഴിവുണ്ടായിരിക്കുമ്പോഠ......അതിൽ കവിഞ്ഞ സമ്പത്തു്, അതിൽ കവിഞ്ഞ അധികാരം, സ്വാധീനം... എന്താണുള്ളതു്? ഞാനതു് വേറൊരാളിന്നു് കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. നിങ്ങഠക്കു പോകാം.'

'അങ്ങിനെ പറയരുതു്. എല്ലാ വശങ്ങളും ശരിക്ക് ചിന്തിച്ചശേഷം....'

'ചിന്തിക്കാനൊന്നുമില്ല. ഈ രഹസ്യം ഞാൻ രഹസ്യഭാഷയിൽ എഴുതിവെച്ചിട്ടുണ്ടു്. അതു് ഞാനല്ലാതെ മറ്റാരും വായിച്ചു മനസ്സിലാക്കുകയുമില്ല. അതിന്നു് ആക്കും കഴിവുണ്ടാകുകയുമില്ല. പിന്നെ ഇതാ, ഈ ഇരിക്കുന്ന ഉപകരണം മാത്രമേ ഉള്ളു....ആ രഹസ്യം ഉപയോഗിച്ചു് നിർമ്മിച്ചിട്ടുള്ളതായിട്ടു്. അതു് സദാ എൻെറയടുത്തുതന്നെ ഞാൻ വെച്ചിരിക്കുകയും ചെയ്യും. ഞാൻ വിചാരിച്ചാൽ അര സെക്കണ്ടുകൊണ്ടു് ഇതു് ഛിന്നഭിന്നമാക്കി നശിപ്പിക്കാനും സാധിക്കും. അതിൻെറ അവശിഷ്ടങ്ങഠകൊണ്ടു് ഒരുത്തനും ഒന്നും പ്രയോജനപ്പെടുത്താൻ കഴിയുന്നതല്ല....' ഗോപാൽ നിർത്തിയിട്ടു് കുറുപ്പിനെ ഗൌരവത്തോടെ, രൂക്ഷമായി നോക്കി.......'നിങ്ങഠക്കു് പോകാം.'

'ഞാൻ വെറുംകയ്യോടെ പോകാൻ വന്നതല്ല.' കഠിനമായിട്ടുതന്നെയാണു് കുറുപ്പും സംസാരിച്ചതു്.

'പിന്നെ?' ഗോപാൽ കോപത്തോടെ ചോദിച്ചു.

ഇരുന്ന ഇരുപ്പിൽനിന്നു് കുറുപ്പു് എഴുന്നേററു. അയാളുടെ മുഖം പൈശാചികമായ രൂപം പ്രാപിച്ചിരുന്നു. കോട്ടിൻെറ കീശയിൽനിന്നു് കൈത്തോക്കു് എടുത്തു് അയാറം ഗോപാലിൻെറനേക്കു് ചൂണ്ടി.

തികച്ചും അപ്രതീക്ഷിതമായിരുന്നു ഇതു്. ഗോപാൽ ഞെട്ടി പുറകോട്ടു മാറി.

'ഇതിൻെറ നിർമ്മാണരഹസ്യം....?' കുറുപ്പു് പല്ലിറുമ്മിക്കൊണ്ടു് ചോദിച്ചു.

ഭയന്നു വിറയ്ക്കുന്നുണ്ടായിരുന്നെങ്കിലും ഗോപാലിൻെറ കൈകറം ഉപകരണം വെച്ചിരുന്നേടത്തേക്കു് സാവധാനത്തിൽ മാറി....അതിൻെറ ഫ്യൂസിൽ അമർത്തി. വെടി പൊട്ടുന്നമാതിരി ഒരു ശബ്ദം കേട്ടു. അതിസങ്കീർണ്ണമായ ആ ഉപകരണങ്ങളെല്ലാം ഛിന്നഭിന്നമായി.....ഗോപാൽ അവജ്ഞയോടെ ചിരിച്ചു.

'ഇനീയും സമാധാനമുണ്ടു്.'—ഗോപാൽ പറഞ്ഞു. 'എനിക്കു് ഒന്നും ഭയപ്പെടാനില്ല. ഇതിൻെറ രഹസ്യം ഇനി ആരും അറിയാൻ പോകുന്നില്ല.'

'ഇല്ലേ? ഈ രഹസ്യം വിട്ടുതരില്ലേ?.....ഇല്ലെങ്കിൽ...... ഇപ്പോറം....' തോക്കു് ചൂണ്ടിക്കൊണ്ടു നിന്നിരുന്ന കുറുപ്പു് കോപത്തോടെ രൂക്ഷമായി സംസാരിച്ചു.

'ഇല്ല. അതിനു നിങ്ങറം....എന്നെ ഭയപ്പെടുത്തേണ്ടാ!'

'ഇല്ലെങ്കിൽ.. ?'

'ഇല്ല!'

'ഠേ'—വെടി പൊട്ടി. നെഞ്ചിൽക്കൂടി തുളച്ചുകയറിയ ഉണ്ടയേററു് ഗോപാൽ നിലംപതിച്ചു......

'ദ്രോഹി!...' അയാറം നിലത്തുകിടന്നു് വേദനകൊണ്ടു് പുളച്ചു കരഞ്ഞുകൊണ്ടു് പറഞ്ഞു. അവിടെയെല്ലാം രക്തം.

രക്തത്തിൽ കുളിച്ചുകിടക്കുന്ന ഗോപാൽ നിശ്ചലനാകാൻ അധികസമയം വേണ്ടിവന്നില്ല. അയാൾ ചലനരഹിതനായപ്പോൾ....കുറുപ്പ് അയാളോടടുത്തു കുനിഞ്ഞു പരിശോധിച്ചു.

'മരിച്ചു....!'

ഗോപാലിൻെറ സ്വകാര്യമുറിയിലേക്ക് തോക്കും കയ്യിൽ പിടിച്ചുകൊണ്ട് കുറുപ്പ് നടന്നു. 'ഈ രഹസ്യം എനിക്കു കിട്ടുകയില്ലായിരിക്കാം. അതിൽ എനിക്കു വേദനയില്ല; നിരാശയുമില്ല. എന്നാൽ അതു് അറിവുള്ള മറ്റൊരാൾ ജീവിക്കാൻ പാടില്ല. അതു് എനിക്കും മറ്റെല്ലാവർക്കും ആപത്താണ്.' അയാൾ മുറിയിലേക്ക് നടക്കുമ്പോൾ പതുക്കെ പറഞ്ഞു.

സ്വാതന്ത്ര്യത്തിനുവേണ്ടി

ശ്രീറാമിൻെറ മുഖം തികഞ്ഞ നിരാശയുടെ പ്രതീകമെന്നപോലെ കാണപ്പെട്ടു. അസ്വസ്ഥനായി അയാൾ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. അയാളുടെ അസിസ്റ്റൻറന്മാരായ കുമാറും കത്താവും എന്തു ചെയ്യണമെന്നറിയാതെ അവിടെ ഇരിക്കുകയാണു്. ആരും ഒന്നും സംസാരിച്ചില്ല. എന്തു പറയണമെന്നു് അവക്കാക്കും അറിഞ്ഞുകൂടെന്നു തോന്നും അവരുടെ ഇരിപ്പും ഭാവവും കണ്ടാൽ. ശ്രീറാം അങ്ങോട്ടുമിങ്ങോട്ടും നടക്കുമ്പോൾ ഉണ്ടാകുന്ന ഷൂസിൻെറ ശബ്ദം മാത്രമേ അവിടെ 'ടക്' 'ടക്' എന്നു് കേൾക്കാനുള്ളു. ഒരു നിശ്ചിതതാളക്രമത്തിനു് അതുമാത്രം നാലഞ്ചു നിമിഷങ്ങളായി അന്തരീക്ഷത്തിൽ മുഴങ്ങുകയാണു്. പുറകിൽ കയ്യുംകെട്ടി മുമ്പോട്ടല്പം കുനിഞ്ഞു് ശ്രീറാം നടക്കുകയാണു്.

'ങ്ഹ്! അപ്പോൾ നമ്മുടെ ജോലി ഇവിടെ അവസാനിക്കണമെന്നാണോ ഇതിൻെറ അത്ഥം?'— ആരോടെന്നില്ലാതെ ശ്രീറാം ചോദിച്ചുകൊണ്ടു് അറിയാതെ നിന്നു. ചോദ്യത്തിനു് ഉത്തരം കിട്ടുന്നതിനു് കാക്കുന്നതുപോലെ ശ്രീറാം കുമാറിനേയും കത്താവിനേയും മാറിമാറി നോക്കി.

'രഹസ്യപ്പോലീസിനു് പിടികൊടുക്കാതെ ഞാൻ ഇവിടെയെത്തിയതുതന്നെ ഒരത്ഭുതമാണു്. വേട്ടനായ്ക്കളെപ്പോലെ അവർ എന്നെ പിൻതുടരുകയായിരുന്നു.'—കുമാർ ഇടറിയ സ്വരത്തിൽ പറഞ്ഞു.

'നമ്മുടെ കൂട്ടരെ ആരേയും കാണാൻ കഴിഞ്ഞില്ലേ?'

'കഴിഞ്ഞു. ഒന്നുരണ്ടുപേരെ കണ്ടു. നിർദ്ദേശങ്ങാം കൊടുക്കുകയും ചെയ്തു.'

'എന്നിട്ട്?'

'പതിനൊന്നുപേരെ പോലീസ് പിടിച്ചു ബന്തവസ്സിൽ വെച്ചിരിക്കുകയാണ്.'

'നമ്മുടെ പരിശ്രമങ്ങളെക്കുറിച്ച് അവർ അറിവുകൊടുക്കുമോ?'

'ഒന്നും നിശ്ചയമില്ല. എന്നാൽ...'

'എന്നാൽ....?'

'അവരാരും അങ്ങിനെ നമ്മുടെ വിവരങ്ങാം പോലീസിനു കൊടുക്കുന്നവരല്ലെന്നാണ് അറിവ്.'

'പാവങ്ങാം! ലാക്കപ്പിൽ ഇട്ട് അവരെ മർദ്ദിച്ച് അവശരാക്കിക്കാണും, വിവരങ്ങാം ശേഖരിക്കുന്നതിനുവേണ്ടി.'

'ഒന്നുരണ്ടുപേരുടെ നില ആശങ്കാജനകമാണെന്നാണ് നമ്മുടെ കൂട്ടുക്ക് കിട്ടിയിട്ടുള്ള അറിവ്.'

'ഇവിടെ ഈ സമരം അവസാനിച്ചാൽ....നമ്മുടെ പരിശ്രമങ്ങാംക്കു ഇവിടെ വിരാമമിട്ടാൽ....നമ്മുടെ നാട്ടിൽ സ്വേഛാധിപത്യം അവസാനിപ്പിക്കാനായുള്ള അവസാനശ്രമം അതോടെ പരാജയപ്പെടും.'

അതുവരെ ഒന്നും സംസാരിക്കാതിരുന്ന കത്താവ് എഴുന്നേററു. അയാാം നടന്നു ജനാലയ്ക്കുസമീപം പോയിനിന്നു. പടിഞ്ഞാറുനിന്നു് കൊച്ചുകാററ് പതുക്കെ വീശി. വെളിയിൽ അന്ധകാരമാണ്. അടുത്തെങ്ങും പ്രകാശത്തിൻെറ പ്രഭയൊന്നും കാണാനില്ല. പുറത്തെ കൂരിരുട്ടിലേക്കു നോക്കിക്കൊണ്ടു് കത്താവ് പറഞ്ഞു:—'എന്നും അന്ധകാരത്തിൽ....അടിമത്വത്തിൽ...ആണ്ടുകിടക്കണമെന്നായിരിക്കും വിധി...'

'വിധി!'—ശ്രീറാം ഏററുപറഞ്ഞു. 'അതു് സംഭവിക്കരുതു്. സംഭവിക്കാൻ അനുവദിക്കരുതു്.'

'ഈ മഹത്തായ ശ്രമത്തിൽ ഏപ്പെട്ടുകൊണ്ടു് മരിച്ചാലും മഹത്തായ വിജയമായിട്ടേ ഞാൻ കരുതുകയുള്ളു.'—കുമാറിൻെറ വാക്കുകൾ വികാരപൂർണ്ണങ്ങളായിരുന്നു.

'നാം നടത്തിയിട്ടുള്ള ഗവേഷണങ്ങൾ വിജയത്തിലെത്തിയിട്ടുണ്ടോ എന്നറിയുവാൻ...സൌകര്യം ഉണ്ടാകുന്നില്ലെങ്കിൽ ...പിന്നെ എന്തു ഫലം?' ശ്രീറാം വീണ്ടും നടന്നുകൊണ്ടാണു് സംസാരിച്ചതു്. 'അടിമത്വത്തിൽനിന്നു് രക്ഷനേടുന്നതിനുവേണ്ടി ത്യാഗം അനുഷ്ഠിക്കുവാൻ....ആരും ഇല്ലെന്നാണല്ലോ ഇതിൻെറ അത്ഥം.'

'ജനങ്ങൾക്കു് അസ്വാതന്ത്ര്യത്തിൽനിന്നു് രക്ഷപ്രാപിക്കുവാൻ താല്പയ്യമില്ലെങ്കിൽ....പിന്നെ നാം ആക്കുവേണ്ടിയാണു് പാടുപെടുന്നതു്?'—കുമാർ നിരാശനായി പറഞ്ഞു.

'അതു ഞാൻ വിശ്വസിക്കുന്നില്ല. സ്വേച്ഛാധിപത്യത്തിനെതിരായി എത്ര ആയിരം ജനങ്ങളാണു് സമരം ചെയ്തതു്? ആ സമരത്തിൽ ചത്തൊടുങ്ങിയതു്? ഇതൊക്കെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ജനങ്ങളുടെ ഒടുങ്ങാത്ത ദാഹത്തിൻെറ പ്രകടനമല്ലെ?'

'അല്ലെന്നു പറയുന്നില്ല. അതുണ്ടെന്നു് വിശ്വസിച്ചുകൊണ്ടുതന്നെയാണല്ലോ നാം പ്രവത്തിക്കുന്നതു്?'—കത്താവു് പറഞ്ഞു.

'ജനാധിപത്യത്തിൽ വിശ്വസിക്കുന്ന നമുക്കും നമ്മുടെ കക്ഷിക്കും വേണ്ടി....സ്വന്തം ജീവിതം പണയം വെക്കുവാൻ ....തയ്യാറുള്ള നാലുപേരെ നമുക്കു കിട്ടുവാൻ എത്ര വിഷമം!'—ശ്രീറാം പറഞ്ഞു.

'ഇല്ല. ഞാൻ എന്റെ ശ്രമം അവസാനിപ്പിക്കുന്നില്ല. നാളെ....നാളെയും ഞാൻ രഹസ്യമായി അതിർത്തി കടന്ന് അവിടെ ചെന്നു അതിന് ആളിനെ കണ്ടുപിടിക്കുവാൻ ശ്രമിക്കും.'—കുമാറിന്റെ വാക്കുകളിൽ ആത്മാർത്ഥതയുടെ പ്രതിദ്ധ്വനി നിറഞ്ഞുനിന്നിരുന്നു.

'കുമാർ!...' കർത്താവ് കുമാറിനുനേരെ തിരിഞ്ഞിട്ട് പറഞ്ഞു. 'നിങ്ങൾ വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. ഒന്നും കഴിച്ചില്ലേ?'

'എന്തിന് കഴിക്കണം?'

'ഈ സമരം വിജയിപ്പിക്കുന്നതിന്.'—ശ്രീറാം മറുപടി പറഞ്ഞു. 'നിങ്ങൾ ആഹാരം കഴിച്ച് വിശ്രമിക്കുക. അന്ധകാരത്തിൽനിന്നുതന്നെ അതിനെ നശിപ്പിക്കാനുള്ള പ്രകാശം ഉദയം ചെയ്തുകൊള്ളും.'

'വരൂ!'—കർത്താവ് കുമാറിന്റെ കൈയ്ക്ക് കടന്നുപിടിച്ച് വലിച്ചുകൊണ്ട് മറ്റൊരു മുറിയിലേക്കു പോയി.

ശ്രീറാം തനിച്ചായി. അയാളവിടെ പിന്നെയും അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു.

ഈ മൂന്ന് സ്വാതന്ത്ര്യപ്രേമികളായ ശാസ്ത്രജ്ഞന്മാർ എന്തു കാര്യത്തിനാണ് ഇപ്രകാരം നിരന്തരമായ പ്രയത്നത്തിൽ ഏർപ്പെട്ടിരിക്കുന്നത്?

അത് ഒരു നീണ്ട കഥയാണ്.

അവരുടെ ജന്മഭൂമിയുടെ—അതിന്റെ പേർ എന്താണെന്നുള്ളത് പ്രധാനപ്പെട്ട കാര്യമല്ല—രാഷ്ട്രീയചരിത്രത്തിൽ ഒരു പ്രധാനപ്പെട്ട കാലഘട്ടം ഇവിടെ വിവരിക്കാതെ തരമില്ല.

ജനാധിപത്യഭരണം വളരെക്കാലമായി നിലനിന്നിരുന്ന ഒരു നാടാണ്. ജനങ്ങൾ സ്വതവേ സമാധാനശീലരായിരുന്നു.

തികഞ്ഞ തോതിലുള്ള അഭിപ്രായസ്വാതന്ത്ര്യം അവിടെ നില നിന്നിരുന്നു. രാഷ്ട്രീയാഭിപ്രായം ഇഛാനുസരണം അവിടെ വെളിപ്പെടുത്താം. പ്രായപൂത്തി വോട്ടവകാശാടിസ്ഥാനത്തിൽ അഞ്ചു് സംവത്സരത്തിലൊരിക്കൽ തിരഞ്ഞെടുപ്പു് നടത്തുന്ന തിനാണ് വ്യവസ്ഥയുണ്ടായിരുന്നതു്. കുറേ കൊല്ലങ്ങൾക്ക മുമ്പു് അയൽരാജ്യത്തിൻെറ ആക്രമണത്തിന് വിധേയമായി അത്യധികം നാശനഷ്ടങ്ങളനുഭവിക്കാൻ ഇടവന്നു. അവരുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് അവർ സഹിക്കേണ്ടിവന്ന ത്യാഗങ്ങൾ അനവധിയാണ്. അയൽരാജ്യത്തിൻെറ കയ്യേററ ത്തിന്നു് ഇടയാക്കിയതു് അവിടത്തെ സമ്പൽസമൃദ്ധിയാണ്. പ്രകൃതി ലോഭമില്ലാതെ സമ്പത്തുകൾ അവിടെ നൽകിയിട്ടുണ്ടു്. പച്ച വിരിപ്പിട്ട പാടങ്ങളും മരതകമേടകൾപോലെ ഉയൎന്നുനി ല്ക്കുന്ന പൎവ്വതനിരകളും അവിടെ ഒട്ടും കുറവല്ല. കിഴക്കൻകുന്നു കളിൽ ഉത്ഭവിച്ചു് പാടങ്ങളിൽക്കൂടി സ്വഛന്ദം പ്രവഹിക്കുന്ന നദികളും അവയുടെ തീരങ്ങളിൽ സമാധാനത്തോടെ സുന്ദര മായ ജീവിതം നയിക്കുവാൻ കൊതിച്ചു് ശാന്തരായി ജീവി ക്കുന്ന ജനലക്ഷങ്ങളും ആ നാട്ടിലേക്കു് ആരെയും ആകൎഷിക്കും. പ്രകൃതിമനോഹരമായ ആ നാട്ടു് പ്രകൃതിവിഭവങ്ങളാൽ അനു ഗ്രഹീതമാണ്. കലാകുതുകികളായ അവിടത്തെ ജനങ്ങൾ അനേകായിരം വൎഷങ്ങളായി പരിണാമപ്പെടുത്തിയിട്ടുള്ള സം സ്കാരം മറ്റേതൊരു ജനവിഭാഗത്തിനും മാതൃകാപരമായിട്ടുള്ളതു തന്നെ. ഉച്ചനീചത്വങ്ങൾക്കു് ഉയിരുകൊടുക്കുവാൻ ഉതകാത്ത വിധത്തിലുള്ളതാണ് പരമ്പരയായി അവിടത്തെ സാമൂഹ്യവ്യ വസ്ഥ. അവിടത്തെ ഐശ്വൎയ്യവും ശാന്തിയുമാണ് അവൎക്കു് വിനയായി ഭവിച്ചതു്. ആ നാട്ടു് സ്വായത്തമാക്കുന്നതിന് അനവധി രാജ്യക്കാർ കൊതിച്ചിട്ടുണ്ടു്; ശ്രമിച്ചിട്ടുണ്ടു്. അതി ൻെറ ഫലമായി പല വേദനകളും അവിടത്തുകാർ അനുഭവി ക്കാനിടയായി. അങ്ങിനെ അവർ ആഗ്രഹിക്കാത്തതാണെങ്കി ലും അവൎക്കു് അയൽക്കാർ പലരും ശത്രുക്കളായിത്തീൎന്നു.

ള്ളതൊക്കെ കഴിഞ്ഞകാലത്തെ കഥകളാണ്. അയൽക്കാരോടുള്ള അവരുടെ മനോഭാവം പരിവർത്തനപ്പെടുത്തുവാൻ ഇതൊക്കെ ഇടയുണ്ടാക്കി. സ്വന്തം രാജ്യത്തിൻെറ സംരക്ഷണം സാധിക്കുന്നതിന് അന്യരെ വെറുക്കേണ്ടതു് ആവശ്യമാണെന്ന ഒരു നിലവന്നു. ഈ ആശയത്തെ ഊതിവീർപ്പിക്കുന്നതിന് ഉതകത്തക്കവിധത്തിൽ നയപരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ള തീവ്രവാദികൾക്ക് ജനങ്ങൾ അറിയാതെ പിൻതുണ നൽകുന്നതിനുള്ള സാഹചര്യമുണ്ടായി. സഹിഷ്ണുതാബോധം അവർ പിൻതള്ളി. വല്ലാത്ത ദേശീയതാബോധം വളർത്തുന്നതിന് സാഹചര്യമൊരുക്കിയ ഒരു കക്ഷിക്ക് അവിടെ സ്വാധീനം വർദ്ധിച്ചുവന്നു. ജനാധിപത്യമുറകളിൽക്കൂടി അവർ ജനസ്വാധീനം നേടുന്നതിനാണ് ശ്രദ്ധിച്ചതു്. അങ്ങിനെ അധികാരത്തിൽ ഉയർന്ന തീവ്രവാദികളായ ഒരു കക്ഷിയുടെ നിയന്ത്രണത്തിൻ കീഴിലായി അവിടത്തെ ഭരണം. അധികാരമേറ്റശേഷം ഈ തീവ്രവാദികൾ അവർക്ക് സിദ്ധിച്ച സൌകര്യങ്ങൾ അങ്ങേയറ്റം പ്രയോജനപ്പെടുത്തി. ആയുധശക്തിയാലും മർദ്ദനപരിപാടിയാലും അവിടത്തെ സ്വാതന്ത്ര്യചിന്തയും ജനാധിപത്യമര്യാദകളും ക്രമേണ അടിച്ചമർത്തി. ആയുധശക്തിയിൽ വിശ്വസിച്ചിരുന്ന ഭരണാധികാരികൾ സൈന്യത്തിന് നൽകിയ പ്രാമാണ്യം ചെന്നവസാനിച്ചതു് സൈന്യത്തിൻെറ സ്വേച്ഛാഭരണത്തിലാണ്. ഇന്നു് അവിടെ ഭരിക്കുന്നതു് സൈന്യത്തിൻെറ സഹായത്താൽ സ്ഥാനം ഉറപ്പിച്ചിട്ടുള്ള ഒരു സ്വേച്ഛാധിപതിയാണ്.

സ്വേച്ഛാധിപത്യം അവിടെ നിലനിന്നിട്ട് കുറേക്കാലമായെന്നു പറയാം. ആധുനികരീതിയിലുള്ള സകലവിധ പരിപാടികളും അവരുടെ അധികാരം നിലനിർത്തുന്നതിന് ഇന്നു സ്വീകരിച്ചിരിക്കുന്നു. ശാസ്ത്രത്തെയാണ് ഇതിന് ഏറ്റവും അധികം അവർ പ്രയോജനപ്പെടുത്തിയിരിക്കുന്നതു്.

നാട്ടിലുള്ള എല്ലാ ജനങ്ങളും ഒരു പ്രത്യേകതരം കുത്തിവെയ്പിന്ന് ഇന്നു വിധേയരാകേണ്ടതു് നിർബ്ബന്ധമുള്ള ഒരു കാര്യമാണ്. കുത്തിവെയ്പിനുപയോഗിക്കുന്ന മരുന്നു് അധികാരത്തിലിരിക്കുന്ന സ്വേച്ഛാധിപതിയുടെ ഏറ്റവും വലിയ ആരാധകനായ ഒരു ശാസ്ത്രജ്ഞൻ കണ്ടുപിടിച്ചിട്ടുള്ളതാണ്. ആ മരുന്നു് എന്താണെന്നു് ആക്കും അറിഞ്ഞുകൂടാ. അതിരഹസ്യമായി തയ്യാറാക്കുന്ന ആ മരുന്നിന്ന് ചില പ്രത്യേകതകളുണ്ടു്. ഏതാണ്ടു് ആറുകൊല്ലം മുമ്പു മുതൽ അതു് കുത്തിവെപ്പിനായി ഉപയോഗിച്ചുതുടങ്ങി. രാജ്യത്തെ കുത്തിവെപ്പുപ്രവത്തനങ്ങൾ പൊതുജനാരോഗ്യമേധാവിതന്നെ നേരിട്ടു മേൽനോട്ടം വഹിച്ചാണു് നിർവ്വഹിച്ചതു്. വളരെ ജാഗ്രതയോടുകൂടി അതു് നിർവ്വഹിക്കണമെന്നാണ് നിയമം അനുശാസിച്ചിരിക്കുന്നതു്. പൊതുജനാരോഗ്യവകുപ്പിന്റെ മേധാവിതന്നെ വീടുതോറും കയറിയിറങ്ങി പരിശോധിക്കാറുമുണ്ടു്. കുത്തിവെയ്പിനു വിധേയമാകാൻ വിസമ്മതിക്കുന്നവരെ രാജ്യദ്രോഹകുറ്റം ചെയ്തവരായി പ്രഖ്യാപിച്ചു ശിക്ഷിക്കുന്നതിനാണ് വ്യവസ്ഥ. ഒരു കുട്ടി പിറന്നാൽ ആറുമാസത്തിനകം അതിനെ കുത്തിവെച്ചുകൊള്ളണം.

എന്താണ് ഈ കുത്തിവെയ്പിനുള്ള പ്രത്യേകത? ഭരണാധികാരത്തിലിരിക്കുന്ന സ്വേച്ഛാധിപതിയെ എതിക്കുവാൻ തുനിയുന്നവർ ഒരുതരം പ്രത്യേകരോഗത്തിന്ന് വിധേയരാകും. രോഗത്തിന്ന് വിധേയരായിത്തീർന്നാൽ നാലുദിവസത്തിനകം അന്ധനായിത്തീരും. അധികാരികളെ എതിർക്കുന്നതിനു തുനിയുന്നവരെ കണ്ടുപിടിക്കുന്നതിന്ന് സഹായിക്കുന്ന ഒരു ഏപ്പാടാണിതു്. ആ പ്രത്യേകരോഗം ഉണ്ടായാൽ അയാളെ രാജ്യദ്രോഹിയായി വിധിക്കും. അതിനുള്ള ശിക്ഷ—മരണശിക്ഷ—അയാളനുഭവിക്കുകയും ചെയ്യും. ഇതാണ് കുത്തിവെയ്പിന്റെ പിറകിലുള്ള രഹസ്യം. ഇതിന്റെ ഫലമോ? കുത്തിവെയ്ക്കാത്ത

വരായി ആരുമില്ല ആ രാജ്യത്ത്. അവരാരുംതന്നെ ഭരണകക്ഷിയെ എതിർക്കുന്നതിന് തയ്യാറാകാറുമില്ല. ഉറക്കത്തിൽ പോലും എതിർക്കുന്നതിനുള്ള ആഗ്രഹം ഉണ്ടാകാതെ സൂക്ഷിക്കുകയും ചെയ്യും. എതിർപ്പിനുള്ള ആശ ആർക്കെങ്കിലും ഉണ്ടായാൽ കാഴ്ചശക്തി കുറഞ്ഞുകുറഞ്ഞ് നാലുദിവസത്തിനകം അന്ധതയനുഭവിക്കും. അന്ധതയനുഭവിക്കുക മാത്രമല്ല, അധികാരികളുടെ ശിക്ഷയുമേല്ക്കും. പൊതുജനങ്ങളെ വിളിച്ചുകൂട്ടി എല്ലാവരുടേയും സാന്നിദ്ധ്യത്തിൽ കഴുകുമരത്തിൽ കയററി ശിക്ഷയനുഭവിപ്പിക്കും. ഇങ്ങനെ നാട്ടിൽ വളരെയധികം ആളുകറം ശിക്ഷയനുഭവിച്ചുകഴിഞ്ഞിരിക്കുന്നു. ഇപ്രകാരമുള്ള ദയനീയമായ മരണം സംഭവിക്കാതിരിക്കുവാൻ ഒരു മാർഗ്ഗമേയുള്ളു. അധികാരികളെ അനുസരിക്കുക. അവക്കെതിരായി ചിന്തിക്കുവാൻപോലും ശ്രമിക്കാതിരിക്കുക. ഇങ്ങനെ ഭീഷണിക്കു വിധേയരായിട്ടാണ് അവിടെ ഇന്നു ജനങ്ങറം കഴിഞ്ഞുകൂടുന്നത്. എവിടെയും അധികാരികളോട് തികഞ്ഞ അനുസരണയാണ് കാണാനുള്ളത്. അവർ പറയുന്നതനുസരിച്ച് ജീവിക്കുക മാത്രമാണ് മരണത്തിൽനിന്ന് രക്ഷപ്പെട്ടു കഴിയുന്നതിനുള്ള വഴി. ലോകത്ത് മററൊരിടത്തും ഇങ്ങനെ അനുസരണമുള്ള ഒരു പൌരാവലിയെ കാണാനില്ല; ഇത്ര നിഷ്ഠുരമായി അധികാരിവർഗ്ഗം ജനങ്ങളുടെമേൽ സ്വാധീനം ചെലുത്തിയിട്ടില്ല. അതിരഹസ്യമായിട്ടുപോലും എതിർപ്പ് പുലർത്തി അതിനെ പുഷ്ടിപ്പെടുത്തി മോചനം പ്രാപിക്കുവാനുള്ള വഴി അടയ്ക്കപ്പെട്ടിട്ടുള്ള ഒരു ഭരണസമ്പ്രദായവും നിലവിൽ വന്നിട്ടില്ല. ശാസ്ത്രത്തിൻെറ സഹായത്താൽ സമ്പാദിക്കുവാൻ സാധിച്ച ഒരു കുത്തിവെയ്പു മരുന്നിൻെറ സഹായത്താൽ സ്വേച്ഛാധിപത്യം അങ്ങിനെ വിരാജിക്കുകയാണ് ആ രാജ്യത്ത്!

അത്യധികം ശക്തിയുള്ള ഒരു സൈന്യത്തെ സജ്ജമാക്കിനിർത്തുവാൻ സ്വേച്ഛാധിപതി ശ്രദ്ധിച്ചിട്ടുണ്ട്. അവിടെയും

അധികാരിക്കെതിരായി ചിന്തിക്കുവാൻപോലും സാധിക്കാത്ത ചുററുപാടാണുള്ളതു്! അതു നേടിയിട്ടുള്ളതു് കുത്തിവെയ്പു കൊണ്ടുതന്നെ. അന്ധതയും അതിനെത്തുടൎന്നു് കഴുകുമരവുമാണു് എതിൎപ്പിനുള്ള ശിക്ഷ! ഏററവും ആധുനികങ്ങളായ ആയുധങ്ങൾ അവിടുത്തെ പട്ടാളക്കാൎക്കു് നൽകിയിരിക്കുന്നു. അന്യരാജ്യക്കാരുടെ ആക്രമണത്തെ അവർ ഭയപ്പെടുന്നില്ല. ആഭ്യന്തരമായി അധികാരികൾക്കെതിരായി ആർക്കും ഒന്നും ചെയ്യുന്നതിനും കഴിവില്ല.

ജനാധിപത്യവാദികളായ അനവധിയാളുകൾ ആ നാട്ടിൽനിന്നു് ഓടി അയൽരാജ്യത്തു് രക്ഷപ്രാപിച്ചിട്ടുണ്ടു്. അവർ ജന്മദേശത്തിന്നു് സംഭവിച്ചിരിക്കുന്ന ദുർദ്ദശയുടെ പരിഹാരത്തിനായി ശ്രദ്ധമായി പ്രവൎത്തിച്ചുവരുന്നു. അവരുടെ പ്രയത്നങ്ങൾക്കു വേണ്ട സഹായസഹകരണങ്ങൾ അയൽനാട്ടിൽ സിദ്ധിക്കുന്നുമുണ്ടു്. ഇങ്ങനെ പ്രവൎത്തിക്കുന്ന ഒരു കക്ഷിയിലെ പ്രവൎത്തകരാണു് ശ്രീറാമും കുമാറും കൎത്താവും. അവർ മൂന്നുപേരും ശാസ്ത്രജ്ഞന്മാരാണു്. പുറത്തുനിന്നു് വേണ്ട ആൾബലം സമ്പാദിച്ചു് അവരുടെ ജന്മദേശത്തെ മോചിപ്പിക്കുന്നതിന്നു് വേണ്ട സൌകൎയ്യങ്ങൾ സിദ്ധിക്കുന്നതിനുള്ള സാഹചൎയ്യമില്ല. അവർ ഇന്നു പ്രയത്നിക്കുന്നതു് അവരുടെ നാട്ടിലെ ജനങ്ങൾക്കു് വിധേയമാകേണ്ടിയിരിക്കുന്ന കുത്തിവെയ്പുമൂലം ഉണ്ടാകുന്ന പരാധീനത ഒഴിവാക്കാൻ സഹായിക്കുന്ന ഒരു മറുമരുന്നു് കണ്ടുപിടിക്കുവാനാണു്. ശാസ്ത്രം നൽകിയിട്ടുള്ള ആയുധത്തെ ശാസ്ത്രം നൽകുന്ന മറെറാരു ആയുധംകൊണ്ടുവേണം പരാജയപ്പെടുത്തുവാൻ. ജനങ്ങൾക്കു സ്വതന്ത്രമായി ചിന്തിക്കുവാനുള്ള സാഹചൎയ്യം ഉണ്ടാകുവാൻ, കുത്തിവെയ്പുമൂലം സംജാതമായിട്ടുള്ള ദയനീയമായ നില മാററാതെ തരമില്ലെന്നു് അവർ വിശ്വസിച്ചു. അതിനുവേണ്ടി അക്ഷീണമായ പരിശ്രമത്തിൽ ഏൎപ്പെട്ടിരിക്കുകയുമാണു്. ഇന്നു ഭയവിഹ്വലരായി കഴി

ഞെരുക്കുന്ന നാട്ടിലെ ജനങ്ങളെ ആത്മവീര്യമുള്ളവരാക്കി മാററുന്നതിന്ന് മറുമരുന്നു പ്രയോഗിക്കാതെ തരമില്ല. എന്നാൽ ആ മരുന്ന് എങ്ങിനെ കണ്ടുപിടിക്കും? കുത്തിവെയ്പിനായി ഉപയോഗിച്ചുവരുന്ന മരുന്ന് എന്താണ്? അതിനെ ഇല്ലായ്മ ചെയ്യുന്നതിനുള്ള വഴിയെന്താണ്? ഇതാണവരെ അഭിമുഖീകരിക്കുന്ന പ്രശ്നം. ആ പ്രശ്നപരിഹാരത്തിന്ന് അവരുടെ നാട്ടിലെ സ്വേഛാധിപതിയുടെ കിങ്കരന്മാർ ഉപയോഗിക്കുന്ന മരുന്ന് എന്താണെന്നും അതെങ്ങിനെ മനുഷ്യശരീരത്തിൽ പ്രവൎത്തിക്കുന്നു എന്നും അറിയാതെ തരമില്ല. അധികാരത്തിലിരിക്കുന്നവരുടെ ഉദ്യോഗസ്ഥന്മാർ ഉപയോഗിക്കുന്ന മരുന്ന് കൈവശമാക്കുന്നതിന്ന് അവർ നടത്തിയ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടിരിക്കുകയാണ്. അവരുടെ ഗൂഢപ്രവൎത്തനങ്ങൾ അധികാരികളറിഞ്ഞ് അവരുമായി സഹകരിക്കുന്നു എന്ന് സംശയിച്ചു അനവധിയാളുകളെ വധിക്കുകകൂടി ചെയ്തിട്ടുണ്ട്. നാട്ടിനുള്ളിൽ അതിരഹസ്യമായി അവരുടെ സംഘടനയ്ക്കുവേണ്ടി പ്രവൎത്തിക്കുന്നവരുടെ എണ്ണം വളരെ കുറഞ്ഞിരിക്കുകയുമാണ്. അങ്ങിനെയുള്ള പ്രവൎത്തകന്മാർ അധികാരികൾ അനുശാസിച്ചിട്ടുള്ള കുത്തിവെയ്പ് നടത്താതിരിക്കുന്നതിന്ന് പ്രത്യേകം ശ്രദ്ധിക്കുന്നു.

അൎദ്ധരാത്രിയോടടുത്ത സമയം. എങ്ങും നിശ്ശബ്ദത. വീടിൻെറ പടിക്കൽ ഒരു കാർ വന്നുനില്ക്കുന്ന ശബ്ദം കേട്ട് ശ്രീറാം ജനാലയിൽക്കൂടി പുറത്തേക്കുനോക്കി. ഗവേഷണമുറിയിൽ ഇരുന്നു വേലചെയ്യുകയായിരുന്നു അദ്ദേഹം. വന്നുനിന്ന കാറിൻെറ കതകുതുറന്ന് നാലഞ്ച് ആളുകൾ പുറത്തിറങ്ങി വീട്ടിനകത്തേക്ക് നടന്നുകയറുന്ന ശബ്ദം കേട്ട് ശ്രീറാം സ്വീകരണമുറിയിലേക്കു ചെന്ന് വിളക്കിൻെറ തിരി ഉയൎത്തി. കുമാറും കൎത്താവും കൂടാതെ നാലു ചെറുപ്പക്കാർകൂടി അവിടെ എത്തിക്കഴിഞ്ഞു.

'രണ്ടുദിവസത്തെ അദ്ധ്വാനം വിജയിച്ചു.'—കുമാറിൻെറ മുഖം തെളിഞ്ഞിരുന്നു. മഹത്തായ കാര്യം സാധിച്ചതിലുള്ള സംതൃപ്തിയും സന്തോഷവും അയാളുടെ വാക്കുകളിൽ കാണാൻ വിഷമമില്ല.

'അതിൻെറ അർത്ഥം വിജയം നമ്മുടെ മാർഗ്ഗം തെളിച്ചു തുടങ്ങിയിരിക്കുന്നു എന്നുതന്നെ'—ശ്രീറാമും സന്തോഷത്തോടെയാണ് സംസാരിച്ചത്.

'ഈ സഹോദരന്മാരെ അതിർത്തിക്കപ്പുറത്തുനിന്ന് ഇങ്ങോട്ട് കൊണ്ടുവരുവാനുണ്ടായ പാട്! ഹൊ! രഹസ്യപ്പോലീസിൻെറ പിടിയിൽ ഏതുനിമിഷവും പെട്ടുപോകുമെന്ന് ഭയപ്പെട്ടു. പക്ഷെ അവരേക്കാൾ ബുദ്ധിമാന്മാരാണ് ഞങ്ങളെന്നു തെളിഞ്ഞു.'—കർത്താവാണ് സംസാരിച്ചത്.

'അതിന് സംശയമുണ്ടോ?'—ശ്രീറാം പറഞ്ഞു.

'അതിർത്തിയിലു് രണ്ടുനാഴികക്കുള്ളിൽവെച്ച് പോലീസ് ഞങ്ങളെ പിൻതുടർന്നു. അപ്പോൾമുതൽ മത്സരിച്ചുള്ള ഒരു ഓട്ടമാണു് നടന്നതു്. ഒടുവിൽ അതിർത്തിയിലെത്താറാകുന്നതിനു മുമ്പ് അവർ ഞങ്ങളെ വെടിവെച്ചു. പത്തുപന്ത്രണ്ടു റൌണ്ടു് വെച്ചിരിക്കണം. കാറിൻെറ പിറകിലും ബോഡിയിലും കൊണ്ടിരിക്കുന്നതിൻെറ പാടു ധാരാളമാണ്. ഞങ്ങളുടെ ജീവനേക്കാൾ പ്രധാനം ഇതാ ഈ ഇരിക്കുന്ന സഹോദരന്മാരുടെയാണ്. നമ്മുടെ ഗവേഷണത്തിൽ സഹകരിക്കാൻ സന്നദ്ധരായി എത്തിയിട്ടുള്ളവരാണ്!'—കർത്താവു് അവിടെ ഇരുന്നിരുന്ന നാലുപേരെ ശ്രീറാമിനു് പരിചയപ്പെടുത്തി.

ആ നാലുപേരുടേയും മുഖം മ്ലാനമായിരുന്നു. ഭയംകൊണ്ടെന്നപോലെ അവരുടെ ശരീരം വിറയ്ക്കുന്നുണ്ട്. കടുത്ത നിരാശയുടെ നിഴൽ വീശിയിട്ടുണ്ട് അവരുടെ പെരുമാററത്തിൽ.

'നമ്മുടെ നാടിന്റെ സ്വാതന്ത്ര്യത്തിനായി നാം ഓരോരുത്തരും ത്യാഗങ്ങൾ സഹിക്കേണ്ടിയിരിക്കുന്നു. ആ ത്യാഗത്തിൽ പങ്കാളികളാകാൻ തയ്യാറായിവന്ന നിങ്ങൾക്ക് എന്റെ ആത്മാർത്ഥമായ സ്വാഗതം.'—ശ്രീറാം അവരെ ഓരോരുത്തരേയും ആലിംഗനം ചെയ്തു. അയാളുടെ കണ്ണുകൾ നിറഞ്ഞ് ബാഷ്പം നാലഞ്ചുതുള്ളി നിലത്തു വീണു.

അല്പസമയത്തേക്ക് അവിടെ വീണ്ടും നിശ്ശബ്ദത കളിയാടി. ആർക്കും ഒന്നും പറയുന്നതിനുള്ള കരുത്തില്ലായിരുന്നു.

'ഇന്നലെമുതൽ എന്റെ കണ്ണിന് മങ്ങലു തുടങ്ങിയിട്ടുണ്ട്.'—നാലുപേരിൽ ഒരാൾ വേദനയോടെ പറഞ്ഞു. 'രണ്ടു മൂന്നു ദിവസങ്ങൾക്കകം ഞാൻ കുരുടനാകും.' അയാളുടെ അധരങ്ങൾ വിറയ്ക്കുന്നുണ്ടായിരുന്നു അതു പറഞ്ഞപ്പോൾ. ധാര ധാരയായി കണ്ണുനീർ ഒഴുകി.

'ഇരുട്ടിൽ കഴിയണമെന്നാണ് നമ്മുടെ വിധി.'—അതിൽ മറ്റൊരാൾ പറഞ്ഞു. 'ഹൊ! എത്ര സുന്ദരമാണ് ഈ പ്രപഞ്ചം! മരണംവരെ അത് കണ്ടുകൊണ്ട് കഴിയുന്നതിനുള്ള ഭാഗ്യം ഇല്ലാതാവുകയെന്നുവെച്ചാൽ....'

'ഇല്ല. ഇതിൽനിന്ന് ഒരു മോചനത്തിനുള്ള വഴി കണ്ടെത്തും.'—ശ്രീറാമിന്റെ മുഖത്ത് തികഞ്ഞ ഗൌരവമായിരുന്നു തിങ്ങിനിന്നിരുന്നത്.

'കാണാൻ കൊതിയുള്ളതു കാണാൻ സ്വാതന്ത്ര്യമില്ലാത്ത നാട്ടിൽ കണ്ണുള്ളതുകൊണ്ട് എന്തു പ്രയോജനമാണ്?'—കുമാർ പതുക്കെപ്പറഞ്ഞു.

ആരും അതിന് എതിരോ അനുകൂലമോ ആയ അഭിപ്രായം പറഞ്ഞില്ല.

'വരൂ! നമുക്ക് ഗവേഷണമുറിയിലേക്ക് പോകാം.'—

ശ്രീറാം എഴുന്നേററ് മുറിയിലേക്കു പോയി. കുമാരനും കർത്താവും കൂട്ടുകാരോടുകൂടി അവിടെത്തന്നെ ഇരുന്നു.

'എന്താണ് വിളക്കു മങ്ങുന്നത്?'—നാലുപേരിൽ ഒരാൾ പറഞ്ഞു.

'മങ്ങുന്നില്ലല്ലോ!'—കുമാരനാണ് സംസാരിച്ചത്. അയാൾ സ്നേഹിതൻെറ സമീപത്തേക്കു നീങ്ങിനിന്നു.

'ഇല്ലേ? എന്തിന് കള്ളം പറയുന്നു. അതാ! അതു കെടാൻ തുടങ്ങുകയാണ്. അതിൻെറ തിരി ഉയർത്തു.'—അയാൾ എഴുന്നേററുകൊണ്ട് പറഞ്ഞു. വികാരവിവശനായിട്ടാണ് അയാളുടെ സംസാരം.

'തിരി ശരിക്കു കത്തുന്നുണ്ട് സ്നേഹിതാ!'

'എന്നെ കളിയാക്കരുത്. അത് ഉയത്താനല്ലേ പറഞ്ഞത്! എനിക്ക് ഇരുട്ടത്തിരിക്കാൻ വയ്യാ! തെളീക്കു!'—ആജ്ഞയോ അലച്ചയോ എന്താണെന്നറിയാത്തമട്ടിൽ സംസാരം ഉറക്കെ ആയിത്തീന്നു.

'ശാന്തനാകൂ!'

'ശാന്തത! എനിക്ക് ഇരുട്ടത്തിരിക്കാൻ വയ്യെന്നു പറഞ്ഞില്ലേ!'—അയാൾ തപ്പിത്തടഞ്ഞുകൊണ്ടു മുന്നോട്ടാഞ്ഞു. കുമാരനും കർത്താവുംകൂടി അയാളെ കടന്നുപിടിച്ചു.

'സമാധാനിക്കു! വിളക്ക് ശരിക്കു കത്തുന്നുണ്ട്.'

'അപ്പോൾപിന്നെ ഈ ഇരുട്ട്?'—അയാൾ ദയനീയമായി ചോദിച്ചു. 'എൻെറ കണ്ണിൻെറ കാഴ്ച നശിച്ചോ?'—ദയനീയമായ നിലവിളിപോലെയാണ് ശബ്ദം പുറത്തുവന്നത്. ആരും അയാൾക്കു മറുപടി നൽകിയില്ല.

'എൻെറ കാഴ്ച നശിച്ചോ? ഇല്ലെങ്കിൽ....എരിഞ്ഞുകൊണ്ടിരിക്കുന്ന ദീപം കാണാൻ എന്തുകൊണ്ടു് എനിക്കു കഴിയു

ന്നില്ല!'—അയാൾ കരഞ്ഞുതുടങ്ങി. 'എന്റെ കണ്ണ്!.....ഞാൻ അന്ധനായി! മഹാപാപികൾ...അവരെന്റെ കണ്ണുപൊട്ടിച്ചു. കത്തിവെച്ച് എന്റെ കണ്ണുപൊട്ടിച്ചു! ഇതിന് പകരം ചോദിക്കാൻ എനിക്കു സാധിക്കയില്ലേ?....'

'സാധിക്കും സ്നേഹിതാ! അതിനുവേണ്ടിയാണ് ഞങ്ങൾ ശ്രമിക്കുന്നതു്. നിങ്ങളെപ്പോലെ നിരാധാരരായിത്തീർന്ന നൂറുക്കണക്കിന് ആളുകൾ..... ഇന്നു ചോദിക്കുന്ന ചോദ്യംതന്നെയാണ് നിങ്ങളും ആവർത്തിച്ചത്. ഇതിനു പകരം ചോദിക്കുവാൻ സാധിക്കയില്ലേ?'—കർത്താവു് അയാളെ സമാശ്വസിപ്പിച്ച് ഇരുത്തി. എങ്കിലും അയാളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

'നിങ്ങൾ നാലുപേരും നന്നേ ക്ഷീണിച്ചിരിക്കുന്നു. വിശ്രമിക്കുക.'

'ജീവിതം അന്ധകാരത്തിലേക്കു് നീങ്ങിപ്പോകുമ്പോൾ വിശ്രമം എന്തിന്?'—അവരിൽ ഒരാൾ ചോദിച്ചു.

'വരൂ! നമുക്ക് പലതും ചെയ്തുതീക്കുവാനുണ്ടു്.'—കുമാർ അവരെ താങ്ങി എഴുന്നേല്പിച്ചു. അന്ധന്മാരായ നാലുപേരെ കുമാറും കർത്താവുംകൂടി നടത്തിച്ചുകൊണ്ടു് മറ്റൊരു മുറിയിലേക്കു പോയി. നാലുദിവസം മുമ്പുവരെ മറേറതൊരു മനുഷ്യനേയുംപോലെ ജീവിച്ചിരുന്ന മനുഷ്യർ ഇന്നു് തികഞ്ഞ അന്ധന്മാരായി തപ്പിത്തടഞ്ഞു നടന്നുപോകുകയാണ്....

ഗവേഷണമുറിയിൽ എത്തി ശ്രീറാം ഭൂതക്കണ്ണാടിയിൽക്കൂടി സ്ലൈഡുകൾ നോക്കുന്ന പ്രവൃത്തിയിലാണ് ഏർപ്പെട്ടത്. മേശപ്പുറത്തു് പല സ്റ്റാൻഡുകളിലായി പലവിധത്തിലുള്ള ദ്രാവകങ്ങൾ പല നിറങ്ങളിൽ ടെസ്റ്റ്ട്യൂബുകളിൽ (പരീക്ഷനാളികളിൽ) നിരത്തിവെച്ചിട്ടുണ്ടു്. ഒരു ഗോളാകൃതിയിലുള്ള സ്ഫടികജാറിൽ എന്തോ ഒരു ദ്രാവകം വെച്ച് തിളപ്പിക്കുന്നതിൽനിന്നു് ആവി ചുരുൾചുരുളായി ഉയരുന്നുണ്ടു്. മറെറാരു

വലിയ സ്റ്റാൻഡിൽ ലീബിക്സ് കണ്ടൻസർവെച്ച് എന്തോ ഒന്നു വാററിയെടുക്കുന്നതിനും ഒരുക്കിയിട്ടുണ്ട്. രക്തം പരിവത്തനം ചെയ്യുന്നതിനായിട്ടുള്ള ഉപകരണങ്ങളും മേശമേൽ വെച്ചിരിക്കുന്നു. അങ്ങിനെ സാമാന്യം വലിപ്പമുള്ള മേശയുടെ പുറത്തു നിറച്ച് പലതരത്തിലുള്ള ഗവേഷണാലയോപകരണങ്ങളും കാണാനുണ്ട്. ശ്രീറാം മേശപ്പുറത്തു വെച്ചിട്ടുള്ള ഭൂതക്കണ്ണാടികളിൽ ഒന്നിൽക്കൂടി എന്തോ കാര്യമായി നോക്കുകയാണു്.

ഈ സമയം കുമാർ ആ മുറിയിലേക്കു കടന്നുവന്നു.

'മൂന്നുപേരും തികഞ്ഞ അന്ധന്മാരായിക്കഴിഞ്ഞു.'— കുമാർ പറഞ്ഞു. 'ദയനീയമായ കാഴ്ചതന്നെ!'

ശ്രീറാം അതു ശ്രദ്ധിച്ചില്ല.

'ആയിരത്തിമൂന്നാമത്തെ സ്ലൈഡാണ് ഇത്! ഇതാ നോക്കു! ഇതിൽ കാണുന്നത്...' ശ്രീറാം തല ഉയർത്തിയിട്ട് കുമാറിനെ അടുത്തേയ്ക്ക് ക്ഷണിച്ചു.

'എന്തു്?'

'എനിക്കറിഞ്ഞുകൂടാ!'

കുമാർ ഭൂതക്കണ്ണാടിയിൽക്കൂടി നോക്കി. 'വിശേഷവിധിയായിട്ട് ഒന്നും കാണാനില്ലല്ലോ ഇതിൽ!'

'ഇല്ലേ?'

'ഇല്ല!'

'ങേ?'—ശ്രീറാം വീണ്ടും ഭൂതക്കണ്ണാടിയിൽക്കൂടി നോക്കി. 'ഇല്ല. വാസ്തവം! എന്റെ അത്യാഗ്രഹംകൊണ്ട് കാണുന്നതൊക്കെ എന്തോ പുതിയ വസ്തുവാണെന്നു കൊതിച്ചാണ് നോക്കുന്നതു്.'

'കഴിഞ്ഞ ആഴ്ച കൾച്ചർ ചെയ്യുന്നതിനു് വെച്ചിരുന്ന ബ്ലഡ പ്ലാസ്മാ പരിശോധിച്ചോ?'

'ഇല്ല.'

'ഇങ്ങ് എടുത്തു പരിശോധിക്കൂ!'

കുമാർ അലമാരയിൽ സൂക്ഷിച്ചുവെച്ചിരുന്ന ഒരു സ്ഫടികഫ്ലാസ്ക് എടുത്തു അതിൽനിന്നു് ഒന്നുരണ്ടുതുള്ളി സ്ലൈഡിൽ വെച്ചു് തയ്യാറാക്കി ഭൂതക്കണ്ണാടിയിൽക്കൂടി പരിശോധിച്ചു തുടങ്ങി.

കത്താവു് ഒരു സിറിഞ്ചിൽ ചുവന്ന ദ്രവാകം നിറച്ചുകൊണ്ടു് അവിടേയ്ക്കു് കടന്നുവന്നു.

'ഇതു് പുതിയ രക്തമാണു്.......പാവങ്ങൾ അവരെല്ലാം ഉറക്കമായി. ഉറക്കമരുന്നു മണപ്പിച്ചു് അവരെയെല്ലാം ഉറക്കി. അതിൽ ഒരാളുടെ രക്തം കുറച്ചു് പരിശോധിക്കാൻ എടുത്തതാണു്.'

ശ്രീറാം സിറിഞ്ചു വാങ്ങി വെളിച്ചത്തിനെതിരെ പിടിച്ചു നോക്കി.

'ഇതൊന്നു് വിശ്ലേഷണം ചെയ്തുനോക്കാം.' — ശ്രീറാം അതിനുള്ള ശ്രമത്തിൽ ഏർപ്പെട്ടു.

നിശ്ശബ്ദരായി അവർ ഓരോരുത്തരും ഓരോ ശ്രമത്തിൽ ഏർപ്പെട്ടു.

സമയം രാത്രി വളരെ ആയിക്കഴിഞ്ഞിട്ടും അവരാരും അതിൽനിന്നു പിൻമാറിയിട്ടില്ല.

'കുമാർ! കത്താ!' — ശ്രീറാം ഭൂതക്കണ്ണാടിയിൽനിന്നു തല ഉയർത്തിയിട്ടു് ആഹ്ലാദത്തോടെ വിളിച്ചു.

'എന്തു്?'—രണ്ടുപേരും ഒരുമിച്ചാണു് ചോദിച്ചതു്.

'ഇതാ നോക്കൂ! നാം ജയിച്ചു! നാം ജയിച്ചു!!'— ശ്രീറാമിന്റെ മുഖം വികസിച്ചു. കൊതിച്ചിരുന്ന കാര്യം കയ്യിൽ

കിട്ടിയ ഒരു കുട്ടിയെപ്പോലെ അയാരം സന്തോഷത്തോടെ തുള്ളിച്ചാടി.

'കുമാരം കത്താവും മാറിമാറി ഭൂതക്കണ്ണാടിയിൽകൂടി നോക്കി.

'ഇലക്ട്രോൺ ഭൂതക്കണ്ണാടി നമ്മെ രക്ഷിച്ചു!'—മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടു് ശ്രീറാം സന്തോഷത്തോടെ പറഞ്ഞു—'വൈറസ്! വൈറസ്! നിങ്ങൾക്കു കാണാൻ കഴിയുന്നില്ലേ?'

'കാണാം!'—കുമാറിൻെറ മുഖം വികസിച്ചു.

'പുതിയ രക്തത്തിൽനിന്നു് എടുത്ത പ്ലാസ്മായിൽനിന്നാണു് അതു കിട്ടിയതു്.'—ശ്രീറാം വീണ്ടും തുള്ളിച്ചാടി.

'ഈ വൈറസ് ആണു് അവർ കുത്തിവെയ്ക്കുന്നതു്! ഇതാണു് നമ്മുടെ ജനലക്ഷങ്ങളെ അടിമകളാക്കിത്തീർത്തിരിക്കുന്നതു്. ഇതു് കുത്തിവെച്ചാണു് മനുഷ്യരുടെ കാഴ്ചക്കു് കുറവുണ്ടാക്കുന്നതു്.'

'ആയിരിക്കും.'

'ആയിരിക്കുമെന്നല്ല, അതെ!' കത്താവു് സമ്മതിച്ചു.

'വെറും പ്ലാസ്മയിൽ അല്ല ഇത് വളരുന്നത്. വികാരാധീനരായിത്തീരുന്ന മനുഷ്യൻെറ ബ്ലഡ് പ്ലാസ്മയിൽ കാണുന്ന ഹോർമോൺ സെക്രീഷനിൽ!...അതു ഞാൻ നേരത്തെ സംശയിച്ചതാണു്. ഇന്നു് അമാന്തമുണ്ടാകാതെ കിട്ടിയ പുതിയ രക്തത്തിൽ അതു് വളരെയധികം ഉണ്ടെന്ന് സ്റ്റേൻ ചെയ്തപ്പോൾ എനിക്കു വ്യക്തമായി. ആ ഹോർമോണിലാണു് ഇത് പെരുകുന്നതു്.'

'പക്ഷെ പെരുകുന്നതുകൊണ്ടു്...കണ്ണിൻെറ കാഴ്ച കുറയുന്നതു് എന്തുകൊണ്ടു്?'—കുമാർ സംശയത്തോടെ ചോദിച്ചു.

'പെരുകുന്ന ഈ വൈറസ്സ് വിസർജ്ജിക്കുന്ന വിഷാംശം പ്രധാനമായി ബലഹീനമാക്കുന്നത് ഓപ്ടിക് നെർവിനെ (അക്ഷിനാഡിതന്തുക്കളെ) ആണ്. അതിൻെറ ഫലമായി കണ്ണിൻെറ കാഴ്ച നശിക്കുന്നു.'

'അങ്ങിനെയായാൽ...' കുമാർ ചോദിച്ചു.

'വളരെവേഗം പരിഹാരം കണ്ടുപിടിക്കാൻ സാധിക്കും. വൈറസ്സിനെ നശിപ്പിച്ചാൽ മതി. നഷ്ടപ്പെട്ട നേത്രശക്തി—കാഴ്ച—വീണ്ടെടുക്കുന്നതിന് സാധിക്കും.'

'അതായത് ഈ വൈറസ്സിനെ വളർത്തി....അതിൻെറ ടോക്സിൻ ഊററിയെടുത്തു.....അത് മറുമരുന്നായി കുത്തിവെച്ചാൽ മതി...അതു മതി. കാഴ്ച നഷ്ടപ്പെട്ടവരിൽ ഇത് പരീക്ഷിച്ചാൽ ഫലം അറിയാമല്ലോ.'

'തീർച്ചയായും.'

'അങ്ങിനെയുള്ള നാലുപേർ ഉണ്ടല്ലോ.'

'അതെ.'

'വരൂ! വൈറസ്സിനെ കൾച്ചർ ചെയ്യുന്നതിനുള്ള ഉപകരണം തയ്യാറാക്കുു.'

അവർ മൂന്നുപേരും വൈറസ്സിനെ കൾച്ചർ ചെയ്യുന്നതിനുള്ള ജോലിയിൽ ഏർപ്പെട്ടു.

ദിവസം അഞ്ചു കഴിഞ്ഞു.

കണ്ണിൻെറ കാഴ്ച നഷ്ടപ്പെട്ട നാലുപേർ നാലു കസേരകളിൽ ഇരിക്കുന്നുണ്ട്. അവരുടെ കണ്ണുകൾ ബാൻഡേജുവെച്ച് കെട്ടിയിട്ടുമുണ്ട്.

'നമ്മുടെ പരീക്ഷണഫലം നിർണ്ണയിക്കപ്പെടുന്ന ദിവസമാണിന്ന്.'

ശ്രീറാം അതിൽ ഒരാളുടെ ബാണ്ടേജ് പതുക്കെ അഴിച്ചു. അയാളുടെ നെററിത്തടത്തിലും ചെന്നിയിലും ശ്രീറാം പതുക്കെ തടവിക്കൊണ്ടിരുന്നു. മുറിയുടെ ജനാലകളും കതകുകളും എല്ലാം അടച്ചിട്ട് അവിടെ അന്ധകാരം സൃഷ്ടിച്ചിട്ടുണ്ട്. മുറിയുടെ തെക്കേക്കോണിൽ ഒരു മെഴുകുതിരി കൊളുത്തിവെച്ചിരുന്നു.

ബാണ്ടേജ് മുഴുവൻ അഴിച്ചുമാററി.

'സ്നേഹിതാ! പതുക്കെ കണ്ണുതുറക്കു!...' ശ്രീറാം വളരെ സാവധാനത്തിൽ അയാളോട് പറഞ്ഞു.

കുമാറും കർത്താവും ആകാംക്ഷയോടെ അയാളെ നോക്കിക്കൊണ്ട് നില്ക്കുകയാണ്.

'സാവധാനത്തിൽ....നേരെ നോക്കു!.....കണ്ണുതുറക്കു!....'

ശ്വാസമടക്കി........പ്രതീക്ഷയോടെ ശ്രീറാം അയാളെ നോക്കി....

'വല്ലതും....തോന്നുന്നുണ്ടോ?....'

'അതെന്താണ് അങ്ങകലത്തിൽ ഒരു വെളുപ്പ്?...' കണ്ണു ചിമ്മിക്കൊണ്ട് അയാരം ചോദിച്ചു.....

അയാരം കൈകരം ഉയർത്തി കണ്ണു തടവി....

'അതെന്താണ് അവിടെയൊരു വെളുപ്പ്...ദീപം!...ഒരു ദീപമല്ലേ?'

'സൂക്ഷിച്ചു നോക്കു!...'

'അതേ! ഒരു തിരി കത്തുന്നു...വെളിച്ചം!...' അയാരം ആർത്തിയോടെ പറഞ്ഞു.

'അതു കാണാമോ?'

'കാണാം! ഒരു കൈത്തിരിയല്ലേ?...' വികാരവിവശ

നായി അയാൾ ചാടിയെഴുന്നേററു...'എനിക്ക് കാണാം!....
എനിക്ക് കാണാം!....'

കുമാറും കത്താവുംകൂടി അയാളെ പിടിച്ച് ഇരുത്തി.
'എനിക്കു കാഴ്ച തിരിച്ചുകിട്ടി....' അടുത്തുനിന്നിരുന്ന ശ്രീറാമി
നെ കെട്ടിപ്പിടിച്ച് അയാൾ ചുംബിച്ചു....

'ജനാലയുടെ ഒരു പാളി തുറക്കൂ കുമാർ!....' ശ്രീറാം പറ
ഞ്ഞു.....

സാവകാശത്തിൽ കുമാർ ജനാലയുടെ ഒരു കതക് തുറ
ന്നു....മുറിയിലേക്ക് വെളിച്ചം പ്രവഹിച്ചു.

ശ്രീറാമിനെ കെട്ടിപ്പുണർന്നുകൊണ്ട് നിന്നിരുന്നയാൾ
ജനാലയ്ക്കു സമീപത്തേക്ക് ഓടി.....അവിടെ നിന്നുകൊണ്ട്
അയാൾ വെളിയിലേക്ക്—വെളിച്ചത്തിലേക്ക്— ആത്തിയോ
ടെ നോക്കിക്കൊണ്ടു നിന്നു.

'എത്ര സുന്ദരമാണ് പ്രപഞ്ചം!...' അയാൾ തിരിഞ്ഞ്
അടുത്തുനിന്നിരുന്ന ശ്രീറാമിൻെറ പാദത്തിൽ മുട്ടുകുത്തി നമസ്ക
രിക്കുവാൻ തുടങ്ങി.... അത് തടയാൻ ശ്രമിക്കുന്നതിനുമുമ്പ്
അയാൾ ശ്രീറാമിൻെറ പാദത്തിൽ സ്പശിച്ചു....അയാളെ പിടി
ച്ചെഴുന്നേല്പിക്കുവാൻ കുറച്ചു സമയം വേണ്ടിവന്നു.

'പ്രപഞ്ചത്തെ വീണ്ടും എനിക്കു തന്നതിനു ഞാനെന്തു
പ്രതിഫലം തരും.....എങ്ങിനെ നന്ദി രേഖപ്പെടുത്തും!'—അയാ
ളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

'നമ്മുടെ പരിശ്രമം വിജയിച്ചു.'—അല്പം അകലെ മാറി
നിന്നു ആ രംഗം നോക്കിക്കൊണ്ടിരുന്ന കുമാറും കത്താവും
പറഞ്ഞു.

'എൻെറ കടപ്പാട്....എൻെറ നന്ദി....എങ്ങിനെ ഞാൻ
അറിയിക്കും?'—സന്തോഷാധിക്യത്താൽ വിക്കിക്കൊണ്ടു ശ്രീ
റാമിനോടയാൾ ചോദിച്ചു....

'അന്ധകാരത്തിൽ.....അസ്വാതന്ത്ര്യത്തിൽ കഴിഞ്ഞുകൂടുന്ന അനേകായിരം സഹോദരങ്ങളെ മോചിപ്പിക്കുവാൻ....ശ്രമിക്കു മ്പോൾ.....ആ കടപ്പാട് നിറവേററപ്പെടും.....' അയാളുടെ പുറം തലോടിക്കൊണ്ട് ശ്രീറാം പറഞ്ഞു.

ഇത് ഐതിഹാസികസമരത്തിൻെറ സമാരംഭം മാത്രമായിരുന്നു. അതിരഹസ്യമായി മറുമരുന്നിൻെറ വൻതോതിലുള്ള ഉല്പാദനം ആരംഭിച്ചു. അധികാരികളുടെ പിടിയിൽ പെടാതെ രാജ്യത്തിനുള്ളിൽ പ്രവത്തിച്ചിരുന്ന പ്രവത്തകക്ക് ഊജ്ജിതവും ഉത്സാഹവും വദ്ധിച്ചു. പ്രതീക്ഷിക്കാത്ത പലയിടങ്ങളിൽനിന്നും അവക്ക് ആത്മാത്ഥമായ സഹകരണം സിദ്ധിക്കുകയുണ്ടായി. പന്ത്രണ്ടു കൊല്ലത്തോളം ഉരുക്കുചട്ടക്കൂട്ടിലിട്ട് ഞെരുക്കിയെടുത്ത സ്വേച്ഛാധിപത്യഭരണത്തിൻ കീഴിൽ കഴിഞ്ഞപ്പോൾ ജനങ്ങൾക്ക് സ്വാതന്ത്ര്യത്തിനുവേണ്ടി ഒടുങ്ങാത്ത ദാഹം വദ്ധിച്ചു. ഭരണാധികാരികൾക്കെതിരായി ചിന്തിക്കുകപോലും അസാദ്ധ്യമായിത്തീർന്നിരുന്ന പരിത:സ്ഥിതി വന്നപ്പോൾ, ആത്മഭയംകൊണ്ടു എല്ലാവരും അതിന് അടിപെട്ടു. സ്വതന്ത്രമായി ചിന്തിക്കുന്നവരെ ഒററതിരിച്ചു കണ്ടുപിടിക്കുന്നതിന് ഉപായാഗപ്പെടുത്തിയ കുത്തിവെയ്പ് ഏർപ്പാടുകൂടി ആയപ്പോൾ സ്വേച്ഛാധിപത്യത്തിൻെറ ഏററവും കനത്ത കൈകൾ ഓരോ മനുഷ്യനേയും ഞെക്കിഞെരിച്ചു.

ശ്രീറാമിനും കൂട്ടുകാർക്കും അവരുടെ കക്ഷിക്കും പട്ടാളക്കാരുടെയിടയിലും പോലീസ് സൈന്യത്തിലും അനുകൂലികളും ആത്മാത്ഥതയുള്ള അനുയായികളും ഉണ്ടായി. കുത്തിവെയ്പിനെ പരാജയപ്പെടുത്തുവാനുള്ള മറുമരുന്ന്, അല്പം ചില മാസങ്ങൾക്കകം അതിരഹസ്യമായി പട്ടാളത്തിലും പോലീസിലുമുള്ള പ്രബലരായ അനവധി ഉദ്യോഗസ്ഥന്മാർ സ്വീകരിച്ചു. ജനങ്ങളിലും വമ്പിച്ച ഒരു വിഭാഗം മറുമരുന്നു കുത്തിവെച്ച് സ്വേച്ഛാധിപത്യത്തെ അവസാനിപ്പിക്കുവാൻ സന്നദ്ധരായി.

ജനങ്ങളുടെ ഇടയിൽ സ്വാതന്ത്ര്യത്തേയും ജനാധിപത്യത്തേയും പ്രകീർത്തിക്കുന്ന ലഘുലേഖകൾ പ്രചരിച്ചു. എന്തിനധികം? ഒരുദിവസം പ്രഭാതത്തിൽ അധികാരിവർഗ്ഗത്തിനെതിരായുള്ള സമരം പൊട്ടിപ്പുറപ്പെട്ടു. അന്നുവരെ അവരെ നിർദ്ദയമായി ചവിട്ടിമെതിച്ചുകൊണ്ടിരുന്ന ഭരണാധികാരികളുടെ ഗൂഢസംഘത്തെ പരാജയപ്പെടുത്തി. നാടിന്റെ എല്ലാ മുക്കിലും മൂലയിലും ജനരോഷത്തിന്റെ ആർത്തിരമ്പൽ അലയടിച്ചു. എല്ലായിടത്തും സ്വാതന്ത്ര്യത്തിന്റെ പതാകകൾ ഉയർന്നു. ജനാധിപത്യം പുനഃസ്ഥാപിതമായി!
